No/600/2023/SRG/LSGD/CC(1)

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗം
# 25.04.2023 ഉച്ച കഴിഞ്ഞ് 3.00 മണി, ലയം ഹാൾ
# സെക്രട്ടറിയേറ്റ് – അനക്സ് II

## അജണ്ട

## 1. പദ്ധതി അവലോകനം

### തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2022–23–ലെ വാർഷിക പദ്ധതി നിർവ്വഹണം – അവലോകനം

31.03.2023വരെയുള്ള ആകെ പദ്ധതി ചെലവ് 84.27 ശതമാനമാണ്. ട്രഷറികളിൽ സമർപ്പിച്ച ബില്ലുകൾ കൂടി ചേർത്താൽ ഇത് 85.41 ശതമാനം വരും. പദ്ധതി നിർവ്വഹണം സംബന്ധിച്ച വിശദാംശം താഴെ ചേർക്കുന്നു.

**തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം (ശതമാനം)**

| ക്രമ നമ്പർ | തദ്ദേശഭരണ സ്ഥാപനം | ജനറൽ | SCP | TSP | CFC | | Total |
|---|---|---|---|---|---|---|---|
| | | | | | ടൈഡ് | അൺ ടൈഡ് | |
| 1 | ഗ്രാമ പഞ്ചായത്ത് | 89.68 | 89.59 | 89.06 | 85.55 | 95.83 | 89.65 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 85.99 | 83.88 | 83.57 | 92.91 | 91.81 | 86.71 |
| 3 | ജില്ലാ പഞ്ചായത്ത് | 76.76 | 73.25 | 78.50 | 73.45 | 91.52 | 76.78 |
| 4 | മുനിസിപ്പാലിറ്റി | 84.22 | 75.86 | 81.39 | 81.09 | 83.16 | 82.07 |
| 5 | കോർപ്പറേഷൻ | 79.48 | 73.68 | 55.95 | 39.99 | 0.00 | 68.49 |
| 6 | ആകെ | 85.83 | 83.48 | 84.99 | 75.71 | 92.09 | 84.27 |

**ജില്ല തിരിച്ചുള്ള ചെലവ് വിവരം (ശതമാനം)**

| | | |
|---|---|---|
| 1 | ആലപ്പുഴ | 91.05 |
| 2 | കോട്ടയം | 88.00 |
| 3 | മലപ്പുറം | 86.16 |
| 4 | വയനാട് | 85.68 |
| 5 | കൊല്ലം | 85.51 |
| 6 | കോഴിക്കോട് | 85.38 |
| 7 | കാസർഗോഡ് | 84.06 |

| | | |
|---|---|---|
| 8 | എറണാകുളം | 83.40 |
| 9 | പാലക്കാട് | 83.25 |
| 10 | തൃശ്ശൂർ | 83.14 |
| 11 | പത്തനംതിട്ട | 82.77 |
| 12 | കണ്ണൂർ | 82.40 |
| 13 | ഇടുക്കി | 82.24 |
| 14 | തിരുവനന്തപുരം | 79.88 |

**ഫണ്ടിന്റെ വിഭാഗം തിരിച്ചുള്ള ചെലവ് താഴെ ചേർക്കുന്നു (ശതമാനം)**

| ജനറൽ | എസ്.സി.പി | റ്റി.എസ്.പി | സി.എഫ്.സി | |
|---|---|---|---|---|
| | | | Untied | Tied |
| 85.83 | 83.48 | 85 | 92.09 | 75.71 |

### പദ്ധതിചെലവ് ശതമാനം – പുതിയ പ്രോജക്ടുകളും സ്പിൽ ഓവർ പ്രോജക്ടുകളും തിരിച്ച്

| ക്രമ നമ്പർ | തദ്ദേശഭരണസ്ഥാപനം | ചെലവ് ശതമാനം | | |
|---|---|---|---|---|
| | | പുതിയ പ്രോജക്ടുകൾ | സ്പിൽഓവർ പ്രോജക്ടുകൾ | ആകെ |
| 1 | ഗ്രാമപഞ്ചായത്ത് | 77 | 13 | 90 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 75 | 12 | 87 |
| 3 | ജില്ലാ പഞ്ചായത്ത് | 60 | 17 | 77 |
| 4 | മുനിസിപ്പാലിറ്റി | 65 | 19 | 84 |
| 5 | കോർപ്പറേഷൻ | 54 | 24 | 78 |
| 6 | നഗരസഞ്ചയം | 19 | 21 | 40 |
| | **ആകെ** | **70** | **14** | **84** |

### മുൻ വർഷങ്ങളിൽ മാർച്ച് 31 വരെയുള്ള ചെലവ് (ശതമാനം)

| വർഷം | മാർച്ച് 31 |
|---|---|
| 2014–15 | 68.21 |
| 2015–16 | 73.61 |
| 2016–17 | 67.08 |
| 2017–18 | 85.44 |
| 2018–19 | 84.66 |
| 2019–20 | 54.13 |
| 2020–21 | 95.17 |
| 2021–22 | 88.07 |
| 2022–23 | 84.27 |

### വകുപ്പുതലം/നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി ചെലവിന്റെ വിവരം (ക്യാരി ഓവർ ഉൾപ്പെടെ)

| Sl N0 | Department | Plan outlay | Plan Exp | Percentage |
|---|---|---|---|---|
| 1 | Siddha | 12.07 | 12.06 | 99.92 |
| 2 | Diary Development | 9834.29 | 9295.05 | 94.52 |
| 3 | Ayurveda | 2084.9 | 1914.48 | 91.83 |
| 4 | Agriculture | 38133.19 | 34521.1 | 90.53 |
| 5 | Homoeo | 260.44 | 235.62 | 90.47 |
| 6 | Health | 24126.56 | 21216.4 | 87.94 |
| 7 | Social Justice/Women And Child Department | 65737.45 | 57024.37 | 86.75 |
| 8 | Animal Husbandry | 27341.02 | 22200 | 81.20 |
| 9 | Education | 18157.41 | 14772.87 | 81.00 |
| 10 | Rural Development | 170309.35 | 136255.32 | 80.00 |
| 11 | SC Development | 17692.93 | 14089.3 | 79.63 |
| 12 | District Panchayat & Grama Panchayat | 134825.64 | 101618.67 | 75.37 |
| 13 | ST Development | 1653.52 | 1188.85 | 71.90 |
| 14 | Fisheries | 3257.13 | 2198.26 | 67.49 |
| 15 | Urban Affairs | 113800.63 | 62136.54 | 54.60 |
| 16 | Industries And Commerce | 5833.27 | 2995.34 | 51.35 |
| 17 | LSGD Engineering | 295164.3 | 148930.86 | 50.46 |
| 18 | Khadhi and village Industries | 319.01 | 126.52 | 39.66 |
| 19 | Soil Conservation | 1662.23 | 425.61 | 25.60 |
| | **Total** | **930205.34** | **631157.22** | **67.85** |

## 2022-23 വർഷം വികസനഫണ്ടിൽ ഓരോ വിഭാഗത്തിന്റേയും ജില്ല തിരിച്ചുള്ള ശതമാനം
(As on 31.03.2023)

| ക്രമ നമ്പർ | ജില്ലയുടെ പേര് | ജില്ലാ പഞ്ചായത്ത് | | | ബ്ലോക്ക് പഞ്ചായത്ത് | | | ഗ്രാമപഞ്ചായത്ത് | | |
|---|---|---|---|---|---|---|---|---|---|---|
| | | ജനറൽ | എസ്.സി.പി | റ്റി.എസ്.പി | ജനറൽ | എസ്.സി.പി | റ്റി.എസ്.പി | ജനറൽ | എസ്.സി.പി | റ്റി.എസ്.പി |
| 1 | തിരുവനന്തപുരം | 80.38 | 64.73 | 86.74 | 86.19 | 86.50 | 80.95 | 88.69 | 88.66 | 92.46 |
| 2 | കൊല്ലം | 83.05 | 89.56 | 88.89 | 84.34 | 85.47 | 78.78 | 91.73 | 89.96 | 70.80 |
| 3 | പത്തനംതിട്ട | 83.94 | 71.41 | 88.49 | 87.74 | 85.76 | 86.60 | 86.16 | 88.01 | 77.03 |
| 4 | ആലപ്പുഴ | 78.27 | 77.17 | 86.74 | 88.58 | 84.11 | 95.02 | 90.46 | 90.96 | 89.85 |
| 5 | കോട്ടയം | 68.31 | 62.27 | 88.46 | 87.42 | 89.55 | 86.42 | 91.83 | 89.91 | 89.18 |
| 6 | ഇടുക്കി | 66.81 | 44.68 | 57.06 | 79.68 | 68.47 | 80.00 | 88.62 | 84.27 | 88.89 |
| 7 | എറണാകുളം | 78.51 | 73.5 | 91.25 | 90.42 | 83.25 | 86.02 | 90.26 | 92.16 | 86.11 |
| 8 | തൃശ്ശൂർ | 57.55 | 55.55 | 60.71 | 83.44 | 85.30 | 88.10 | 90.22 | 88.90 | 83.49 |
| 9 | പാലക്കാട് | 77.07 | 72.9 | 72.01 | 82.73 | 85.51 | 81.26 | 84.02 | 87.39 | 82.93 |
| 10 | മലപ്പുറം | 83.22 | 92.99 | 91.92 | 85.05 | 83.73 | 91.95 | 91.97 | 92.06 | 95.78 |
| 11 | കോഴിക്കോട് | 70.56 | 97.13 | 91.13 | 88.21 | 79.34 | 67.81 | 92.07 | 93.65 | 92.76 |
| 12 | വയനാട് | 85.57 | 86.67 | 81.64 | 85.94 | 81.24 | 83.68 | 86.03 | 86.75 | 89.16 |
| 13 | കണ്ണൂർ | 88.55 | 86.24 | 88.88 | 88.13 | 84.67 | 80.62 | 92.34 | 95.51 | 92.21 |
| 14 | കാസറഗോഡ് | 75.27 | 46.42 | 75.62 | 88.58 | 88.19 | 89.04 | 87.64 | 88.34 | 93.13 |
| | **ആകെ** | 76.76 | 73.25 | 78.51 | 85.98 | 83.88 | 83.59 | 89.68 | 89.57 | 89.06 |

| ക്രമ നമ്പർ | ജില്ലയുടെ പേര് | മുനിസിപ്പാലിറ്റി | | |
|---|---|---|---|---|
| | | ജനറൽ | എസ്.സി.പി | റ്റി.എസ്.പി |
| 1 | തിരുവനന്തപുരം | 83.12 | 77.80 | 4.55 |
| 2 | കൊല്ലം | 82.52 | 63.03 | 69.52 |
| 3 | പത്തനംതിട്ട | 86.55 | 76.65 | 91.37 |
| 4 | ആലപ്പുഴ | 87.21 | 69.23 | 59.03 |
| 5 | കോട്ടയം | 87.40 | 63.61 | 81.27 |
| 6 | ഇടുക്കി | 89.78 | 60.45 | 55.00 |
| 7 | എറണാകുളം | 79.06 | 79.54 | 60.33 |
| 8 | തൃശ്ശൂർ | 85.77 | 83.65 | 0.00 |
| 9 | പാലക്കാട് | 90.14 | 71.03 | 90.98 |
| 10 | മലപ്പുറം | 86.37 | 81.88 | 42.24 |
| 11 | കോഴിക്കോട് | 84.46 | 81.46 | 14.78 |
| 12 | വയനാട് | 88.99 | 81.14 | 87.04 |
| 13 | കണ്ണൂർ | 79.95 | 74.61 | 87.22 |
| 14 | കാസറഗോഡ് | 70.74 | 63.76 | 53.80 |
| | ആകെ | 84.22 | 75.86 | 81.38 |

| ക്രമ നമ്പർ | കോർപ്പറേഷന്റെ പേര് | ജനറൽ | എസ്.സി.പി | റ്റി.എസ്.പി |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 75.18 | 79.13 | 68.21 |
| 2 | കൊല്ലം | 72.61 | 46.09 | 2.55 |
| 3 | എറണാകുളം | 80.68 | 66.69 | 81.32 |
| 4 | തൃശ്ശൂർ | 83.7 | 77.71 | 0 |
| 5 | കോഴിക്കോട് | 94.08 | 86.22 | 0 |
| 6 | കണ്ണൂർ | 68.7 | 89.31 | 3.02 |
| | **ആകെ** | 79.48 | 73.67 | 56.03 |

## 2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ മുൻ യോഗ തീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.1 കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.08.2022 ലെ യോഗതീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**2.1 ഖണ്ഡിക 4.31**

**പഞ്ചായത്ത് ഡയറക്ടറുടെ 10.08.2022 ലെ PAN/23922/18/J2/DD നമ്പർ കത്തും അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടികയും**

മുൻവർഷങ്ങളിൽ 43 ഗ്രാമപഞ്ചായത്തുകൾക്കായി വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ലഭിച്ചിട്ടുള്ള 6,80,40,988/- രൂപ വിവിധ ബാങ്കുകളിലായി ചെലവഴിക്കാതെ കിടപ്പുണ്ട്. (ഓരോ ഗ്രാമപഞ്ചായത്തുകളുടെയും വിവരം 21.08.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ മിനിറ്റ്സിൽ ഉണ്ട്) ഇ.എം.എസ് ഭവനപദ്ധതി, എം.എൻ ലക്ഷം വീട്ടു പദ്ധതി, പി.എം.എ.വൈ, ജനകീയ ഭവനപദ്ധതി, സംസ്ഥാന സർക്കാർ പ്രത്യേകമായി നൽകിയ ഭവന നിർമ്മാണ ധനസഹായം മുതലായവയിൽ ചെലവഴിക്കാതെ കിടക്കുന്നതാണ് ഈ വിഹിതം. ഓരോ ഗ്രാമപഞ്ചായത്തിലും ഇപ്രകാരം ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുകയടക്കമുള്ള വിവരങ്ങൾ 21.08.2022 ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ പഞ്ചായത്തു ഡയറക്ടർ നൽകിയിരുന്നു. ഈ തുക ലൈഫ് ഭവനപദ്ധതിയ്ക്കായി ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

പഞ്ചായത്തു ഡയറക്ടർ നൽകിയ 43 തദ്ദേശഭരണസ്ഥാപനങ്ങളുടെ ലിസ്റ്റിൽ വട്ടവട ഗ്രാമപഞ്ചായത്തു ഒഴികെയുള്ള 42 തദ്ദേശഭരണ സ്ഥാപനങ്ങളിലെ ചെലവഴിക്കാതെ കിടക്കുന്ന വിഹിതം ലൈഫ് ഭവന പദ്ധതിയ്ക്കായി ഉപയോഗിക്കാൻ 21.08.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം അനുമതി നൽകിയിരുന്നു.

വട്ടവട ഗ്രാമപഞ്ചായത്തിൽ പട്ടികജാതി വികസന വകുപ്പ് നൽകിയ 2.24 കോടി രൂപ ചെലവഴിക്കാതെയുണ്ട്. ആകെ 3.24 കോടി രൂപയാണ് വീട്ടു നിർമ്മാണത്തിന് പട്ടികജാതി വികസന വകുപ്പ് നൽകിയതെന്നും ഇതിൽ 1.00 കോടി രൂപ ഹാബിറ്റാറ്റ് ടെക്നോളജീസ് ഗ്രൂപ്പിനു കൈമാറിയിട്ടുണ്ടെന്നും യോഗം നിരീക്ഷിച്ചു. ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ 21.08.2022 കോഓർഡിനേഷൻ കമ്മിറ്റിയോഗം ചുമതലപ്പെടുത്തിയിരുന്നു.

ഈ വിഷയം ചർച്ച ചെയ്യാൻ 24.11.2022 നു ജില്ലാ കളക്ടർ യോഗം വിളിച്ചിട്ടുണ്ടെന്ന് റൂറൽ ഡയറക്ടർ 22.11.2022 ലെ യോഗത്തിൽ അറിയിച്ചു. ഈ യോഗത്തിന്റെ കൂടി അടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ യോഗം ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

**റിപ്പോർട്ട് :-** ഇവിടെ വീട്ടു നിർമ്മിക്കാൻ കഴിയില്ലെന്നും ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് നൽകിയ തുക ഉപയോഗിച്ച് ഭൂമി നിരപ്പാക്കുന്ന ജോലിയാണ് നടന്നിട്ടുള്ളതെന്നും റൂറൽ ഡയറക്ടർ യോഗത്തിൽ പറഞ്ഞു. ഈ പദ്ധതി നടത്തിയതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും ഈ പ്രോജക്ട് ഇനി തുടരാൻ സാധിക്കില്ലെന്നും റൂറൽ ഡയറക്ടർ അറിയിച്ചു.

**14.02.2023 ലെ തീരുമാനം:-** റൂറൽ ഡയറക്ടർ ഇതു നേരിട്ട് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ യോഗം നിർദ്ദേശിച്ചു.

**<u>25.04.2023 ലെ കോഓർഡിനേഷൻകമ്മിറ്റിയിലേയ്ക്കുള്ള റിപ്പോർട്ട്</u> :–** റൂറൽ ഡയറക്ടർ 06.05.2023 ന് സ്ഥലം സന്ദർശിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ഇതിനു ശേഷം വിശദമായ റിപ്പോർട്ട് പിന്നീട് നൽകുമെന്നും അറിയിച്ചിട്ടുണ്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **റൂറൽ ഡയറക്ടർ**<br>2) **തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്** |

**<u>2.1 ഖണ്ഡിക 4.66</u>**

**<u>കോട്ടയം ജില്ലാ പഞ്ചായത്ത്</u>**

**കോട്ടയം ജില്ലാ കളക്ടറുടെ 31.05.2022 ലെ 82898/22/DPC/DPO/KTM നമ്പർ കത്തും IRTC ഡയറക്ടറുടെ 28.05.2022 ലെ കത്തും 27.07.2015– ലെ 2303/2015/തസ്വഭവ നമ്പർ സർക്കാർ ഉത്തരവും (SRG 679/22)**

കോട്ടയം ജില്ലയുടെ മലയോര പ്രദേശത്തെ 19 ഗ്രാമപഞ്ചായത്തുകളിൽ ഓട്ടോമാറ്റിക് വെതർസ്റ്റേഷൻ സ്ഥാപിക്കുന്നതിന് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് മുഖ്യ നിർവ്വഹണ ഏജൻസിയായി സംയുക്തമായാണ് പ്രോജക്ട് നടപ്പാക്കുന്നത്. വകയിരുത്തൽ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ഗ്രാമപഞ്ചായത്ത് (19) | 20,90,000 രൂപ |
| ബ്ലോക്ക് പഞ്ചായത്ത് (5) | 12,70,000 രൂപ |
| ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി | 2,50,000 രൂപ |
| ജില്ലാ പഞ്ചായത്ത് | 10,00,000 രൂപ |
| **ആകെ** | **46,10,000 രൂപ** |

ഇരുപത് ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകളിൽ നിന്നും ശേഖരിക്കുന്ന വിവരങ്ങൾ ജില്ലാ പഞ്ചായത്തിൽ സ്ഥാപിക്കുന്ന സെർവർ വഴി ക്രോഡീകരിച്ച് ദുരന്ത നിവാരണ അതോറിട്ടിക്കും, തദ്ദേശഭരണസ്ഥാപനങ്ങൾക്കും, ജനങ്ങൾക്കും തത്സമയം അറിയുവാൻ സാധിക്കുന്ന ഒരു നെറ്റ് വർക്ക് സംവിധാനമാണ് ഉദ്ദേശിക്കുന്നത്. ഈ പ്രോജക്ട് പാലക്കാട് ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRTC) എന്ന സ്ഥാപനം വഴിയാണ് നടപ്പാക്കുന്നത്. ഓട്ടോമാറ്റിക് വെതർസ്റ്റേഷൻ സ്ഥാപിക്കുന്നതിനും ഡേറ്റ ശേഖരിച്ച് വിശകലനം ചെയ്യുന്നതിനുമുള്ള സാങ്കേതിക വൈദഗ്ദ്ധ്യവും ശേഷിയും ഉണ്ടെന്നും 'നീർത്തട വികസന പ്രവർത്തനത്തിന്' സർക്കാർ അക്രഡിറ്റേഷൻ ഉണ്ടെന്നും IRTC ജില്ലാ ആസൂത്രണ സമിതിയെ അറിയിച്ചിട്ടുണ്ട്. ഈ പ്രോജക്ട് IRTC മുഖേന നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**<u>21.08.2022 ലെ തീരുമാനം</u> :–** വെതർസ്റ്റേഷനിൽ സ്ഥാപിക്കുന്ന ഉപകരണങ്ങളുടെ മെയിന്റനൻസ്, ഒപ്പം വെതർസ്റ്റേഷന്റെ ദൈനംദിന പരിപാലനം എങ്ങനെയാണ് എന്നു തുടങ്ങിയ കാര്യങ്ങൾ വ്യക്തമല്ല. ഈ സാഹചര്യത്തിൽ KSDMA മെമ്പർ സെക്രട്ടറിയുടെ കൂടി അഭിപ്രായമാരാഞ്ഞ് പിന്നീട് പരിഗണിക്കാൻ തീരുമാനിച്ചു. നിർവ്വഹണം ഏത് ഏജൻസിയെ ഏൽപ്പിക്കണം, **Indian Metrological Department**ന് ശേഖരിക്കുന്ന വിവരങ്ങൾ എങ്ങനെ കൈമാറും എന്നതടക്കമുള്ളവ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ **KSDMA** യെ ചുമതലപ്പെടുത്തി.

21.08.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനമനുസരിച്ച് **KSDMA** മെമ്പർ സെക്രട്ടറി വെതർസ്റ്റേഷൻ സ്ഥാപിക്കുന്നതു സംബന്ധിച്ച് ശ്രദ്ധിക്കേണ്ട കാര്യങ്ങളും മറ്റു വിശദാംശങ്ങളും 15.10.2022 ലെ യോഗത്തിൽ അവതരിപ്പിക്കുകയും ഇതു വിശദമായ റിപ്പോർട്ട് ആയി 22.11.2022 ലെ യോഗത്തിൽ നൽകുകയും ചെയ്തു. (വിശദമായ റിപ്പോർട്ട് 22.11.2022 ലെ യോഗ മിനിറ്റ്സിൽ ചേർത്തിട്ടുണ്ട്).

**<u>22.11.2022 ലെ തീരുമാനം:-</u>** ഓട്ടോമാറ്റിക് വെതർസ്റ്റേഷനിലൂടെ ലഭിക്കുന്ന വിവരങ്ങൾ ഉല്പാദന മേഖലയ്ക്കും മറ്റു വികസന മേഖലയ്ക്കും സഹായകരമായ രീതിയിൽ എങ്ങനെ ഉപയോഗിക്കാൻ കഴിയുമെന്ന് പരിശോധിക്കേണ്ടതുണ്ട് എന്ന് യോഗം വിലയിരുത്തി. ഇതിന്മേൽ CUSAT, കേരള കാർഷിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങളുടെ കൂടി സാങ്കേതിക ഉപദേശം തേടി റിപ്പോർട്ട് നൽകാൻ KSDMA മെമ്പർ സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

**<u>14.02.2023 ൽ നൽകിയ റിപ്പോർട്ട്</u> :-** CUSAT, കേരള കാർഷിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങളുമായി ചർച്ച ചെയ്യാൻ കഴിഞ്ഞില്ലെന്നും 22.11.2022 ലെ യോഗത്തിൽ റിപ്പോർട്ട് ചെയ്ത കാര്യങ്ങളാണ് ശുപാർശയായി നൽകാനുള്ളതെന്നും KSDMA മെമ്പർ സെക്രട്ടറി യോഗത്തിൽ പറഞ്ഞു.

**<u>14.02.2023 ലെ തീരുമാനം</u>:-** ഇതു പിന്നീട് പരിഗണിക്കാനായി മാറ്റിവച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **എസ്.ആർ.ജി ഓഫീസ്**<br>**2) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്** |

**2.2 <u>21.10.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ</u>**

**<u>2.2 ഖണ്ഡിക 4.18</u>**

**താമരശ്ശേരി <u>ഗ്രാമപഞ്ചായത്ത്</u>**

**ബഹു.കൊടുവള്ളി എം.എൽ.എയുടെ 20.09.2022 ലെ കത്തും താമരശ്ശേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07.07.2022 ലെ 1-ാം നമ്പർ തീരുമാനവും (SRG 1064/22).**

**വിഷയം:-** താമരശ്ശേരി താലൂക്കാശുപത്രിയിൽ ഡോക്ടർമാരെ നിയമിക്കുന്നത് സംബന്ധിച്ച്.

കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലാണ് താമരശ്ശേരി താലൂക്കാശുപത്രി പ്രവർത്തിക്കുന്നത്. ഇവിടെ ഒരു ഡോക്ടറെ കൂടി നിയമിക്കേണ്ടതുണ്ട്. ബ്ലോക്ക് പഞ്ചായത്തിന് ഇതിനുള്ള ഫണ്ട് കണ്ടെത്താൻ ബുദ്ധിമുട്ടാണ്. ഇതിനാവശ്യമായ തുക ബ്ലോക്ക് പഞ്ചായത്തു പരിധിയിൽ വരുന്ന താമരശ്ശേരി ഗ്രാമപഞ്ചായത്ത് നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. ഡോക്ടർക്കുള്ള വേതനം നൽകാൻ താമരശ്ശേരി ഗ്രാമപഞ്ചായത്തിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

ഏതു സ്പെഷ്യാലിറ്റിയുള്ള ഡോക്ടറെയാണ് നിയമിക്കുന്നത് എന്നതടക്കമുള്ള വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ 21.10.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ഇതു സംബന്ധിച്ച റിപ്പോർട്ട് .

**<u>14.02.2023 ന് നൽകിയ റിപ്പോർട്ട്</u> :-** ഇവിടെ സ്പെഷ്യാലിറ്റി ഡോക്ടർമാരെ ആവശ്യമില്ലെന്നും എം.ബി.ബി.എസ്. യോഗ്യതയുള്ള ഡോക്ടർമാരെ മതിയെന്നും ആരോഗ്യ വകുപ്പിന്റെ പ്രതിനിധി യോഗത്തിൽ പറഞ്ഞു.

**<u>14.02.2023 ലെ തീരുമാനം</u>:-** ഇതു പിന്നീട് പരിഗണിക്കാൻ തീരുമാനിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) എസ്.ആർ.ജി ഓഫീസ്**<br>**2) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്** |

**2.2 ഖണ്ഡിക 4.58**

**അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത്**

**അട്ടപ്പാടി ബ്ലോക്കുപഞ്ചായത്ത് വൈസ് പ്രസിഡന്റിന്റെ 29.09.2022 ലെ കത്ത് (SRG 1061/22).**

**വിഷയം:-** കോട്ടത്തറ ആശുപത്രിയിൽ അധികമായി സ്റ്റാഫിനെ ബ്ലോക്കു പഞ്ചായത്തിൽ നിന്നും നിയമിക്കുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 188/23* | *അടങ്കൽ* | *10,00,000 രൂപ (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്)* |
| *പേര്* | *കോട്ടത്തറ GTSH HMC താത്ക്കാലിക ജീവനക്കാർക്ക് വേതനം* | |

അട്ടപ്പാടിയിലെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സേവനം നൽകുക എന്ന ലക്ഷ്യത്തോടെയാണ് കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി പ്രവർത്തിക്കുന്നത്. ഇവിടെ ജനറൽ മെഡിസിൻ, ഓർത്തോ, ഇ.എൻ.ടി, ഗൈനക്കോളജി സൈക്ക്യാട്രി, സർജറി, ശിശുരോഗ വിദഗ്ധ സേവനം, കണ്ണ് രോഗം, ഡയാലിസിസ് തുടങ്ങിയ സ്പെഷ്യാലിറ്റിയുണ്ട്. ഡയാലിസിസിന് ഇപ്പോഴുള്ള ഒരു ഷിഫ്റ്റിനു പകരം രണ്ടു ഷിഫ്റ്റാക്കണം. ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് അധിക സ്റ്റാഫിനെ നിയമിക്കേണ്ടതുണ്ട്. എച്ച്.എം.സിയ്ക്ക് മതിയായ വരുമാനമില്ലാത്തതിനാൽ താല്ക്കാലികാടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം അധികമാൾക്കാരെ ബ്ലോക്ക് പഞ്ചായത്തിൽ നിന്നു നോൺറോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് നിയമിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

1) ഡയാലിസിസ് ടെക്നീഷ്യൻ - 1 എണ്ണം
2) സ്റ്റാഫ് നേഴ്സ് ഗ്രേഡ് II - 3 എണ്ണം
3) ലാബ് ടെക്നീഷ്യൻ - 1 എണ്ണം
4) സെക്യൂരിറ്റി ജീവനക്കാർ - 2 എണ്ണം

**21.10.2022 ലെ തീരുമാനം:-** മുകളിൽ പറഞ്ഞ പ്രകാരം ആൾക്കാരെ നിയമിക്കുന്നതു സംബന്ധിച്ച് പരിശോധിച്ചു റിപ്പോർട്ട് നൽകാൻ ആരോഗ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. ആരോഗ്യ വകുപ്പിൽ നിന്ന് ഇവരെ നിയമിക്കാൻ സാധിക്കുമോ എന്നതും റിപ്പോർട്ടിൽ ഉൾപ്പെടുത്തണം. റിപ്പോർട്ട് ലഭിക്കാത്തതിനാൽ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുമ്പ് നൽകണമെന്ന് ആരോഗ്യവകുപ്പ് ഡയറക്ടറോട് 22.11.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി വീണ്ടും ആവശ്യപ്പെട്ടു. ഈ ആശുപത്രിയുടെ പ്രധാന ഗുണഭോക്താക്കൾ പട്ടികവർഗ്ഗ വിഭാഗക്കാരാണ്. അതിനാൽ മുകളിൽ പറഞ്ഞവരെ നിയമിക്കുന്നതടക്കം ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹായവും ഉണ്ടാകണമെന്ന് പട്ടികവർഗ്ഗ വികസന ഡയറക്ടറോട് യോഗം നിർദ്ദേശിച്ചു. ഇതു സംബന്ധിച്ച് പട്ടികവർഗ്ഗ വികസന വകുപ്പു ഡയറക്ടറുടെ റിപ്പോർട്ട്.

**റിപ്പോർട്ട് :-** പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് മുകളിൽ പറഞ്ഞവരെ നിയമിക്കാൻ ധനസഹായം നൽകാൻ ബുദ്ധിമുട്ടാണെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ 14.02.2023 ലെ യോഗത്തിൽ അറിയിച്ചു.

**<u>14.02.2023 ലെ തീരുമാനം</u>:-** ഇവരെ നിയമിക്കാൻ നാഷണൽ ഹെൽത്ത് മിഷനിൽ നിന്ന് സാധിക്കുമോ എന്ന് അന്വേഷിച്ച റിപ്പോർട്ട് നൽകാൻ ആരോഗ്യവകുപ്പ ഡയറക്ടറെ യോഗം ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

**<u>25.04.23 ലെ യോഗത്തിന് നൽകിയ റിപ്പോർട്ട്</u>** :- 14.02.2023 ലെ മീറ്റിംഗ് തീരുമാന പ്രകാരം NHM സ്റ്റേറ്റ് ജില്ലാ ഓഫീസർമാരോട് ചർച്ച ചെയ്യുകയും ആദിവാസി മേഖലയിലുള്ള ആശുപത്രി എന്ന പ്രത്യേക പരിഗണനയിൽ 3 സ്റ്റാഫ് നേഴ്സുമാരെ പോസ്റ്റ് ചെയ്യുന്നതിനുള്ള നടപടികൾക്ക് അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. സന്നദ്ധ സംഘടനയുടെ സഹായത്തോടെ ഒരു ഡയാലിസിസ് ടെക്നീഷ്യനേയും ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് സൂപ്രണ്ട് അറിയിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ ഈ പ്രോജക്ട് വഴി അല്ലാതെയുള്ള ജീവനക്കാരെ ലഭിക്കുന്ന മുറയ്ക്ക് രണ്ടാം ഷിഫ്റ്റ് തുടങ്ങാൻ സാധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ഡയറക്ടർ, ആരോഗ്യവകുപ്പ്<br>2) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്** |

**2.3കോഓർഡിനേഷൻ കമ്മിറ്റിയുടെ 19.12.2022 യോഗ തീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**<u>2.3 ഖണ്ഡിക 4.55</u>**

**<u>കണ്ണൂർ ജില്ലാ പഞ്ചായത്ത്</u>**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.10.2022-ലെ കത്തും കണ്ണൂർ ജില്ലാ പഞ്ചായത്ത ഭരണസമിതിയുടെ 30.08.2022-ലെ 29/2022(9) -ാം നമ്പർ തീരുമാനം (SRG 1172/22 - CC/666/22).**

**വിഷയം:** ന്യൂ മാഹി പാർക്കിന്റെ (എം.മുകുന്ദൻ പാർക്ക്) മെയിന്റനൻസ് നടത്തിയതിന്റെ തുക നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 618/22*** | ***അടങ്കൽ*** | ***30,00,000 രൂപ<br>(വികസന ഫണ്ട് - ജനറൽ)*** |
| ***പേര്*** | ***എം.മുകുന്ദൻ പാർക്ക്- വൃദ്ധർക്കും കുട്ടികൾക്കുമായുള്ള പാർക്ക്*** | |

ജില്ലാ പഞ്ചായത്ത് 2017-18-ൽ 2.00 കോടി രൂപ വികസനഫണ്ട് വകയിരുത്തി ന്യൂ മാഹി പാർക്ക് (എം.മുകുന്ദൻ പാർക്ക്) നിർമ്മാണത്തിന് പ്രോജക്ട് ഏറ്റെടുത്തിരുന്നു. 31.10.2020 ന പാർക്കിന്റെ നിർമ്മാണം പൂർത്തിയാക്കി ഉത്ഘാടനം ചെയ്തു. എന്നാൽ കൊവിഡ് സമയമായിതിനാൽ പാർക്ക് പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാൻ കഴിഞ്ഞില്ല. തുടർന്ന് പാർക്കിന്റെ പരിചരണത്തിനും മറ്റുമായി പാർക്കു നിർമ്മിച്ച ജില്ലാ നിർമ്മിതികേന്ദ്രയെ ഏല്പിച്ചു. തുടർന്ന് 30.04.2022വരെ നിർമ്മിതി കേന്ദ്ര പാർക്ക് പരിപാലിക്കുകയും താഴെപ്പറയുന്ന പ്രവർത്തികൾ നടത്തുകയും ചെയ്തു. കരാർ വയ്ക്കാതെയാണ് പ്രവൃത്തികൾ നടത്തിയതെങ്കിലും എല്ലാ പ്രവൃത്തികളും എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ബിൽ തുക നൽകുന്നതിന് ഈ വർഷം 30.00 ലക്ഷം രൂപയുടെ പ്രോജക്ട് ജില്ലാ പഞ്ചായത്ത സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഏറ്റെടുത്തിട്ടുണ്ട്. ഈ തുക നൽകാൻ അനുതി നൽകണമെന്നതു സംബന്ധിച്ച്

**നിർമ്മിതി കേന്ദ്രം നടത്തിയ പ്രവർത്തനങ്ങളും അതിന്റെ എസ്റ്റിമേറ്റ് തുകയും താഴെ ചേർക്കുന്നു.**

| | | |
|---|---|---|
| **1)** | മെയിന്റനൻസ് വർക്ക് | 8,37,018 രൂപ |
| **2)** | ഇലക്ട്രിക്കൽ വർക്ക്, കെ.എസ്.ഇ.ബി കണക്ഷൻ ചാർജ്, ജനറേറ്റർ, **CC TV**തുടങ്ങിയവ | 3,50,000രൂപ |
| **3)** | ഗാർഡൻ, കൊറിയൻ കാർപ്പറ്റ് | 1,00,000 രൂപ |
| **4)** | കുടിവെള്ളം, പ്ലംബിംഗ് | 60,000 രൂപ |
| **5)** | പാർക്ക് മെയിന്റനൻസ് നടത്തുന്നതിന് സെക്യൂരിറ്റി ചാർജ്ജ്, പൂന്തോട്ട പരിപാലനം, കറന്റ് ചാർജ്ജ് | 8,02,064 രൂപ |
| | **ആകെ** | **21,49,083 രൂപ** |

**19.12.2022ലെ തീരുമാനം:-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയം ഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**റിപ്പോർട്ട്:** - ഈ പ്രവൃത്തിയുടെ മെയിന്റനൻസിന് മാത്രമാണ് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. Electrical Work, KSEB **Connection** charge, Generator, CCTV, Garden, Corean carpet, Sanitary and plumbing പ്രവൃത്തികൾ,Security charge, പൂന്തോട്ട പരിപാലനം, Current charge എന്നിവ LS ആയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രവൃത്തികളുടെ അളവുകൾ പലതും സ്ഥലത്ത് നടത്തിയ പരിശോധനയിൽ വ്യക്തമല്ലാത്തതിനാൽ എം. ബുക്കിലെ അളവുമായി ഒത്ത് നോക്കാൻ സാധിക്കുന്നില്ല എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ ചിലയിനം പ്രവൃത്തികളുടെ അളവുകൾ പ്രവൃത്തിയുടെ നിർവ്വഹണ സമയത്ത് രേഖപ്പെടുത്തേണ്ടതായിരുന്നു. ആയതിനാൽ ഇത്തരം അളവുകൾ വെരിഫൈ ചെയ്യാൻ സാധിക്കാത്ത സാഹചര്യം ഉണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് പൂർണ്ണമല്ല. അതിനാൽ വിശദമായ അന്വേഷണം സൂപ്രണ്ടിംഗ് എഞ്ചിനീയർ നടത്തി റിപ്പോർട്ട് നൽകാമെന്നറിയിച്ച പ്രകാരം റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**25.04.2023 ലെ കോഓർഡിനേഷൻ കമ്മിറ്റിയിലേക്ക് നൽകിയ റിപ്പോർട്ട്** :-നവംബർ 2020 മുതൽ ഏപ്രിൽ 2022 വരെ നിർമ്മിതി കേന്ദ്രം 1) മെയിന്റനൻസ് വർക്ക് (സിവിൽ വർക്ക്), 2) ഇലക്ട്രിക്കൽ വർക്ക്, കെ.എസ്.ഇ.ബി കണക്ഷൻ ചാർജ്ജ്, സി.സി.ടി.വി തുടങ്ങിയവ, 3) പുല്ലുവെച്ച് പിടിപ്പിക്കൽ, 4) കുടിവെള്ളം, പ്ലംബിംഗ്, 5) സെക്യൂരിറ്റി ചാർജ്ജ്, പൂന്തോട്ട പരിപാലനം, കറന്റ് ചാർജ്ജ് അടവ് തുടങ്ങിയ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്.

2022 ഏപ്രിൽ മാസം ടി പ്രവൃത്തികൾ പൂർത്തിയാക്കിയെങ്കിലും അതിന് പദ്ധതി അംഗീകാരം ലഭ്യമാക്കിയിരുന്നില്ല. നിർമ്മിതി കേന്ദ്രം സീനിയർ പ്രോജക്ട് എഞ്ചിനീയർ (കൺവീനർ, DLTC) മൊത്തം 21,49,083 രൂപയുടെ പ്രവൃത്തികൾക്ക് സെന്റേജ് ചാർജ്ജ് 53,727/- രൂപ ഡി.എസ്.ടി (18%)3,96,506/- രൂപ, നിർമ്മാണ തൊഴിലാളി ക്ഷേമനിധി 21,491/- രൂപ, Unforeseen item 29,193/- രൂപ ഉൾപ്പെടെ 26,50,000/- രൂപയ്ക്ക് 28.09.2022 ൽ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഡി.പി.സി - യുടെ അംഗീകാരം ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ ടി പ്രവൃത്തിയുടെ എഗ്രിമെന്റ്, സൈറ്റ് ഹാൻഡ് ഓവർ എന്നിവ ഒന്നും ചെയ്തിരുന്നില്ല.

രണ്ട് കോടി രൂപ ചെലവഴിച്ചുള്ള പാർക്ക് നിർമ്മാണം പോലുള്ള ഒരു പദ്ധതിയിൽ അതിന്റെ പരിപാലനത്തിനും തുക വകയിരുത്തേണ്ടതും അത് എങ്ങനെയായിരിക്കണം എന്ന് വിഭാവനം ചെയ്യേണ്ടതുമായിരുന്നു. ആയത് ടി പദ്ധതിയിലുണ്ടായ ഒരു വീഴ്ചയാണ്.

പാർക്കിന്റെ നിർമ്മാണം പൂർത്തിയായ ഉടനെ തന്നെ വാടകയ്ക്ക് കൊടുക്കാം എന്നാണ് കണക്ക് കൂട്ടിയിരുന്നതെങ്കിലും കൊവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ കണ്ണൂർ ജില്ലാ പഞ്ചായത്ത് ഭരണസമിതി അതിന്റെ പരിപാലനം ജില്ലാ നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിക്കുകയും അവർ അത് നിർവ്വഹിക്കുകയും ചെയ്ത സാഹചര്യത്തിൽ സാങ്കേതികാനുമതി ലഭിച്ച 26,50,000/- രൂപയ്ക്ക് പ്രോജക്ടിന് അംഗീകാരം നൽകുന്ന വിഷയം അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണ്. നിലവിൽ ഈ പാർക്കിന്റെ നടത്തിപ്പ് വിസ്മയ ഗ്രൂപ്പിനെ ഏൽപ്പിച്ചിട്ടുള്ളതായും വരുമാനത്തിന്റെ 25 ശതമാനം ജില്ലാ പഞ്ചായത്തിന് ലഭ്യമാവുന്നതായും കണ്ണൂർ ജില്ലാ പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ടെന്നും ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്<br>2) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്** |

**<u>2.4 ഖണ്ഡിക 4.60</u>**

**<u>പുറത്തൂർ ഗ്രാമപഞ്ചായത്ത്</u>**

**<u>മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.10.2022 ലെ കത്തും നൂതന പ്രോജക്ടുകൾക്കുള്ള മലപ്പുറം ജില്ലാതല വിദഗ്ദ്ധസമിതിയുടെ 12.09.2022 ലെ യോഗ തീരുമാനവും</u> (SRG 1091/22 - CC/576/22).**

**വിഷയം:-** പുറത്തൂർ ഗ്രാമപഞ്ചായത്തിൽ സമഗ്ര ഡിജിറ്റൽ സർവ്വേ നടത്തുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 169/23* | *അടങ്കൽ* | *15,00,000 രൂപ (തനത് ഫണ്ട്)* |
| *പേര്* | **പുറത്തൂർ ഗ്രാമപഞ്ചായത്ത് സമഗ്ര ഡിജിറ്റൽ വിവരശേഖരണം** | |

ഗ്രാമപഞ്ചായത്തിൽ ഡിജിറ്റൽ വിവരശേഖരണം നടത്തുന്നതിന് നൂതന പദ്ധതി എന്ന നിലയിൽ പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഇത് കരകുളം ഗ്രാമീണ പഠനകേന്ദ്രം മുഖേന ഒരു ചതുരശ്ര കിലോമീറ്ററിന് 27,000 രൂപ നിരക്കിൽ നടത്താനാണുദ്ദേശിച്ചത്. കരകുളം ഗ്രാമീണ പഠനകേന്ദ്രം ഇത്തരം വിവരശേഖരണത്തിനുള്ള അക്രഡിറ്റഡ് ഏജൻസിയല്ലെന്നും 04.10.2018 ലെ 2556/2018/LSGD നമ്പർ ഉത്തരവു പ്രകാരം റോഡ് സർവ്വേക്ക് ഒരു ചതുരശ്ര കിലോമീറ്ററിന് 7000 രൂപയാണ് അനുവദിച്ചിരിക്കുന്ന പരിധിയെന്നും ചൂണ്ടി കാണിച്ച് നൂതന പ്രോജക്ടുകൾക്കുവേണ്ടിയുള്ള ജില്ലാതല കമ്മിറ്റി അനുമതി നിരസിച്ചു.

എന്നാൽ 12.12.2019 ലെ 2834/2019/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങളിൽ **GIS/GPS** സംവിധാനങ്ങൾ, റോഡ് കൺസൾട്ടൻസി മാപ്പിംഗ്, ജിയോ മാപ്പിംഗ് എന്നിവയുടെ അക്രഡിറ്റഡ് ഏജൻസിയായി കരകുളം ഗ്രാമീണ പഠന കേന്ദ്രത്തെ അംഗീകരിച്ചിട്ടുണ്ടെന്ന് ചൂണ്ടി കാണിച്ച് ഈ ഏജൻസി മുഖേന വിവരശേഖരണം നടത്താനും ഒരു ചതുരശ്ര കിലോമീറ്ററിന് 27,000 രൂപ വീതം നൽകാനും അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**<u>19.12.2022 ലെ തീരുമാനം:-</u>** ഇത് തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറും ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറും പരിശോധിച്ച് സംയുക്തമായി റിപ്പോർട്ട് നൽകണം. ഇത് സംബന്ധിച്ച റിപ്പോർട്ട് തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ നൽകിയിട്ടുണ്ട്.

**<u>റിപ്പോർട്ട്:</u>**- KSREC തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പ്ലാറ്റ് ഫോമിന്റേയും R-Track Mobile Application- ന്റേയും സേവനം പ്രയോജനപ്പെടുത്തി വാർഡ് ഒന്നിന് 3000 രൂപ നിരക്കിൽ നടന്നു വരുന്ന റോഡ് കണക്ടിവിറ്റി മാപ്പിംഗ് ഈ ഗ്രാമപഞ്ചായത്തിൽ അന്തിമഘട്ടത്തിലാണെന്ന് അറിയിച്ചിട്ടുണ്ട്.

**<u>14.02.2023 ലെ തീരുമാനം</u>** :- പുറത്തൂർ ഗ്രാമപഞ്ചായത്ത് സമഗ്ര ഡിജിറ്റൽ സർവ്വേയിൽ റോഡ് കണക്ടിവിറ്റി മാപ്പിംഗ് മാത്രമല്ല എന്ന് യോഗം വിലയിരുത്തി. ചീഫ് ടൗൺ പ്ലാനറും ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറും ഇതു വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകണം. ഇതിനായി തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്<br>2)ചീഫ് ടൗൺ പ്ലാനർ<br>3)എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം<br>4) തദ്ദേശസ്വയംഭരണ (ഇ.ജി) വകുപ്പ്** |

## <u>2.4 കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.02.2023 -ലെ യോഗ തീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ</u>

### <u>2.4 ഖണ്ഡിക 3.2 (iv)</u>

എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർക്ക് ഓഫീസിലും വർക്ക്സൈറ്റിലും ഉണ്ടാകുന്ന സാങ്കേതിക പ്രയാസങ്ങൾ, സംശയങ്ങൾ തുടങ്ങിയവ ദൂരീകരിക്കുന്നതിനും ജീവനക്കാർക്ക് പുതിയ സാങ്കേതികവിദ്യകൾ സംബന്ധിച്ച് അവബോധം ഉണ്ടാക്കുന്നതിനും പ്രിൻസിപ്പൽ ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു സാങ്കേതിക വിദഗ്ദ്ധ സമിതി (ഹെൽപ് ഡെസ്ക്) രൂപീകരിക്കാൻ തീരുമാനിച്ചു. ഇതിൽ എത്ര പേർ വേണമെന്നും ഓണറേറിയം എത്രയായിരിക്കണമെന്നും സംബന്ധിച്ച് ശുപാർശ നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം 14.02.2023 ലെ യോഗത്തിൽ റിപ്പോർട്ട് നൽകിയിരുന്നു.

ഹെൽപ് ഡസ്കിൽ ഐ.റ്റി. സംബന്ധമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഈ മേഖലയിൽ (Price 3.0, e-tender etc) വൈദഗ്ദ്ധ്യമുള്ള ഒരു വിദഗ്ദ്ധനേയും പദ്ധതി സംബന്ധിച്ചും സാങ്കേതികവിദ്യ സംബന്ധിച്ചുമുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് വൈദഗ്ദ്ധ്യമുള്ള ഒരു വിദഗ്ദ്ധനേയും (ആകെ 2 പേർ) ഉൾപ്പെടുത്താനാണ് ശുപാർശ ചെയ്തിരിക്കുന്നത്. ഇങ്ങനെ നിയമിക്കപ്പെടുന്നവർക്ക് പ്രതിമാസം 50,000 രൂപ ഓണറേറിയം നൽകാവുന്നതാണ്. ഇങ്ങനെ നൽകുന്ന ഓണറേറിയത്തിനുള്ള വിഹിതം എവിടെ നിന്ന് കണ്ടെത്തും എന്നതു സംബന്ധിച്ച് കില ഡയറക്ടറുടെ കൂടി അഭിപ്രായമാരാഞ്ഞ് അടുത്ത യോഗത്തിൽ തീരുമാനമെടുക്കാൻ മാറ്റിവച്ചു. ഇതു സംബന്ധിച്ച് കില ഡയറക്ടറുടെ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**<u>കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.04.2023 ലെ യോഗത്തിലേക്കുള്ള റിപ്പോർട്ട്:</u>-** ഹെൽപ് ഡെസ്കിലെ വിദഗ്ദ്ധരായുള്ള അംഗങ്ങൾക്ക് നൽകേണ്ട പ്രതിമാസ ഓണറേറിയം കിലയുടെ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, ഹെൽപ് ഡെസ്ക് മുതലായവയ്ക്കുള്ള ഫണ്ടിൽ നിന്നും നൽകാമെന്ന് അറിയിച്ചിട്ടുണ്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)ഡയറക്ടർ ജനറൽ, കില<br>2) തദ്ദേശസ്വയംഭരണ (ഇ.ഡബ്ളിയു.എ) വകുപ്പ്** |

**2.4 ഖണ്ഡിക 4.7**

**നൂൽപ്പുഴ ഗ്രാമ പഞ്ചായത്ത്**

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.11.2022-ലെ കത്ത് (SRG 9/23 - CC/780/23)**

**വിഷയം:-** ജീവിതശൈലീ രോഗ നിയന്ത്രണത്തിന്റെ ഭാഗമായി ഫിറ്റ്നസ് ട്രെയിനറെ നിയമിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 144/23* | *അടങ്കൽ* | *3,00,000/- രൂപ (വികസനഫണ്ട് - ജനറൽ)* |
| *പേര്* | *ഫിറ്റ്നസ് ഫസ്റ്റ് സ്റ്റേജ് - ജീവിതശൈലി രോഗ നിയന്ത്രണ വ്യായാമ പദ്ധതി* | |

നൂൽപ്പുഴ ഗ്രാമപഞ്ചായത്തിൽ ജീവിതശൈലീ രോഗങ്ങളെ വ്യായാമത്തിലൂടെ നിയന്ത്രിക്കുന്നതിന് ഒരു ഫിറ്റ്നസ് ട്രെയിനറെ നിയമിച്ചിട്ടുണ്ട്. ഹോമിയോ ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫീസറാണ് ഇതിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ. ഫിറ്റ്നസ് ട്രെയിനറുടെ യോഗ്യതയും വേതനവും നിശ്ചയിച്ച നൽകണമെന്നതു സംബന്ധിച്ച്.

**14.02.2023 ലെ തീരുമാനം:-** ഫിറ്റ്നസ് ട്രെയിനറുടെ യോഗ്യത എന്തായിരിക്കണമെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ഹെൽത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**25.04.2023 ലെ കോഓർഡിനേഷൻ കമ്മിറ്റിയിലേയ്ക്കുള്ള റിപ്പോർട്ട്:-** ആരോഗ്യ വകുപ്പിനു കീഴിൽ നിലവിൽ ഫിറ്റ്നസ് ട്രെയിനിർമാർ ആരും തന്നെ പ്രവർത്തി ചെയ്യുന്നില്ല. സർക്കാർ ഉത്തരവുകളിൽ അവരുടെ യോഗ്യതയെ കുറിച്ചും വേതനത്തെ കുറിച്ചും ഉള്ള പരാമർശങ്ങൾ കാണാൻ കഴിഞ്ഞില്ല. 17.01.2022 ൽ കേരള സർക്കാർ അണ്ടർ ടേക്കിംഗ് സ്ഥാപനമായ സ്പോർട്സ് കേരള ഫെഡറേഷൻ ഫിറ്റ്നസ് ട്രെയിനർമാരെ നിയമിക്കുന്നതിനുള്ള ഒരു അപേക്ഷ ക്ഷണിച്ചതിൽ അവർക്കുള്ള യോഗ്യതയും വേതനവും താഴെ പറയുന്ന പ്രകാരമാണ്.

| | |
|---|---|
| യോഗ്യതകൾ | **1)** സെക്കന്റ് ക്ലാസ്സോടെങ്കിലും ഉള്ള ഒരു യൂണിവേഴ്സിറ്റി ഡിഗ്രിയും<br>**2)** ജിം ട്രെയിനർ കോഴ്സ് സർട്ടിഫിക്കറ്റ് / പേഴ്സണൽ ട്രെയിനർ കോഴ്സ് സർട്ടിഫിക്കറ്റ്<br>**3)** സാധുതയുള്ള **CPR/ACD** ഫസ്റ്റ് എയ്ഡ് സർട്ടിഫിക്കറ്റ് അഭികാമ്യം |
| പ്രവൃത്തി പരിചയം | ഫിറ്റ്നസ് സെന്ററിൽ ജിം ട്രെയിനർ ആയി ചുരുങ്ങിയത് 2 വർഷം പ്രവൃത്തി പരിചയം |
| വയസ്സ് | 35 വയസ്സ് വരെ |
| കൺസോളിഡേറ്റഡ് പേ | 24,520/- രൂപ |

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ഡയറക്ടർ, ആരോഗ്യവകുപ്പ്**<br>**2)തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**2.5 കോഓർഡിനേഷൻ കമ്മിറ്റിയുടെ 08.03.2023-ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.5 ഖണ്ഡിക 4.8**

**അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.12.2022 ലെ കത്ത് (SRG 101/23 – CC/900/2022).**

**വിഷയം:-** ഭിന്നശേഷിക്കാർക്കു വേണ്ടി ആരംഭിച്ച പ്രതീക്ഷാ പദ്ധതിയിലെ ജോലിക്കാർക്ക് വേതനം നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 162/23* | *അടങ്കൽ* | *5,00,000/- രൂപ* |
| | *വികസനഫണ്ട് - ജനറൽ* | *4,00,000 രൂപ* |
| | *തനത് ഫണ്ട്* | *1,00,000 രൂപ* |
| *പേര്* | *പ്രതീക്ഷാ പദ്ധതി* | |

മാനസിക ഭിന്നശേഷി അനുഭവിക്കുന്നവർക്കുവേണ്ടി ജില്ലാ പഞ്ചായത്തും ഗ്രാമപഞ്ചായത്തും ചേർന്ന് 2010ൽ ആരംഭിച്ചതാണ് പ്രതീക്ഷാ പദ്ധതി. ഇപ്പോൾ 18 പേർ ഇവിടെയുണ്ട്. എസ്.എസ്.എൽ.സി പാസ്സായി മൂന്നുമാസം പ്രത്യേകം പരിശീലനം ലഭിച്ച ശ്രീമതി വിലാസിനി, ശ്രീമതി റാബിയ എന്നിവർ ടീച്ചർമാരായി ഇവിടെ പ്രവർത്തിക്കുന്നു. കൂടാതെ ഒരു ഡ്രൈവറും ഉണ്ട്. ഡ്രൈവർക്ക് ധനവകുപ്പിന്റെ ഉത്തരവുപ്രകാരമുള്ള പ്രതിദിന വേതനമായ 730 രൂപ നൽകുന്നു. ടീച്ചർമാർക്ക് പ്രതിമാസം 7500 രൂപ വീതവും നൽകുന്നു. ആസൂത്രണമാർഗ്ഗരേഖ പ്രകാരമുള്ള ടീച്ചർ, അസിസ്റ്റന്റ് ടീച്ചർമാർക്കു വേണ്ട യോഗ്യത മുകളിൽ പറഞ്ഞ ടീച്ചർമാർക്കില്ല. എന്നാൽ മാർഗ്ഗരേഖയിൽ പറയുന്ന ആയമാരുടെ പ്രതിമാസ വേതനമായ 18,390 രൂപ വീതം 2022 ഏപ്രിൽ ഒന്നു മുതൽ മുൻകാല പ്രാബല്യത്തോടെ ഈ സ്ഥാപനത്തിലെ ടീച്ചർമാർക്കു \ നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. മുൻവർഷങ്ങളിൽ ആഴ്ചയിൽ4 ദിവസമായിരുന്നു പ്രവർത്തിച്ചിരുന്നത്. ഇപ്പോൾ ആഴ്ചയിൽ 6 ദിവസവും പ്രവർത്തിക്കുന്നു.

**തീരുമാനം:-** റൂറൽ ഡയറക്ടർ ഈ സ്ഥാപനത്തിന്റെ പ്രവർത്തനം പശോധിച്ച് റിപ്പോർട്ട് നൽകാൻ നിർദ്ദേശിക്കുന്നു. ഇതു സംബന്ധിച്ച റിപ്പോർട്ട്

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) റൂറൽ ഡയറക്ടർ<br>2) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്** |

**2.5 ഖണ്ഡിക 4.21**

**കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്**

**കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 15.12.2022 ലെ കത്തും കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.11.2022 ലെ തീരുമാനവും (SRG 32/23)**

**വിഷയം:-** ലൈഫ് ഭവന പദ്ധതി – ഭവന നിർമ്മാണം നിലച്ച ഗുണഭോക്താക്കളുടെ ഭവനങ്ങളുടെ നിർമ്മാണം തുടരുന്നതിനുള്ള അനുമതി സംബന്ധിച്ച്.

കാഞ്ചിയാർ ഗ്രാമപഞ്ചായത്തിലെ 1,2,16 വാർഡുകൾ ഉൾപ്പെടുന്ന കോവിൽമല, മുരിക്കാട്ടുകുടി എന്നീ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ / ആദിവാസി സെറ്റിൽമെന്റ് മേഖലയിൽ

താമസിക്കുന്ന ലൈഫ് ഭവന പദ്ധതി ലിസ്റ്റിലെ ജനറൽ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായത്തിന്റെ ആദ്യ ഗഡു ഗ്രാമപഞ്ചായത്തിൽ നിന്നും നൽകി. എന്നാൽ വനാവകാശ നിയമപ്രകാരം വനം വകുപ്പിൽ നിന്നും വനാവകാശ രേഖ നൽകിയിട്ടുള്ള ആദിവാസി സെറ്റിൽമെന്റുകളിൽ താമസിക്കുന്ന ആദിവാസികൾ അല്ലാത്തവർക്ക് വീട് നിർമ്മിക്കുന്നതിന് അനുമതി നൽകരുത് എന്ന് കാണിച്ച് കോവിൽമല രാജാവായ ശ്രീ രാമൻ രാജമന്നാൻ വനംവകുപ്പിന് പരാതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ആദിവാസി സെറ്റിൽമെന്റുകളിൽ താമസിക്കുന്ന ആദിവാസികൾ അല്ലാത്തവർക്ക് സ്ഥലത്തിന് യാതൊരു അവകാശവും ഇല്ലാത്തതാണെന്നും ആദിവാസികൾ അല്ലാത്തവർക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചിട്ടുള്ളത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് എന്നും കാണിച്ച് അയ്യപ്പൻ കോവിൽ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ 01.10.2020ന് ഗ്രാമപഞ്ചായത്തിനെ അറിയിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 17 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായത്തിന്റെ തുടർ ഗഡുക്കൾ അനുവദിക്കുന്നതിന് വനം വകുപ്പിൽ നിന്നുള്ള NOC ഹാജരാക്കേണ്ടതാണ് എന്ന് കാണിച്ച് ഗ്രാമപഞ്ചായത്ത് കത്ത് നൽകിയിട്ടുണ്ട്. NOC ഹാജരാക്കുന്നതിന് ആർക്കും സാധിച്ചിട്ടില്ല. എന്നാൽ ആദ്യ ഗഡു ലഭിച്ച ഗുണഭോക്താക്കൾക്ക് പാർപ്പിട നിർമ്മാണത്തിന്റെ തുടർ ഗഡുക്കൾ അനുവദിക്കുന്നതിന് 17 ഗുണഭോക്താക്കൾ ബഹു. കേരള ഹൈക്കോടതിയെ സമീപിച്ചു. ബഹു. ഹൈക്കോടതിയുടെ 07.11.2022 ലെ WP (C) 30566/2021–ാം നമ്പർ വിധി പ്രകാരം ഗുണഭോക്താക്കളുടെ നിസ്സഹായാവസ്ഥ പരിഗണിച്ച് ഇവർക്ക് പ്രസ്തുത സ്ഥലത്ത് വീട് നിർമ്മിക്കുന്നതിനുള്ള പ്രത്യേക ഉത്തരവ് / അനുമതി സർക്കാരിൽ നിന്നും ലഭിക്കുന്നതിനുള്ള ഇടപെടൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്നും, ലൈഫ് മിഷന്റെ ഭാഗത്ത് നിന്നും ഉണ്ടാവണമെന്ന് ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇവർക്ക് വീടു നിർമ്മിക്കുന്നതിനു തുടർന്നുള്ള ഗഡുക്കൾ നൽകാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്.

**തീരുമാനം :–** ഇത് വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) റൂറൽ ഡയറക്ടർ<br>2)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്** |

**<u>2.5 ഖണ്ഡിക 4.22</u>**

**<u>ലൈഫ് ഭവന പദ്ധതി</u>**

**ബഹു. ആലപ്പുഴ എം.എൽ.എ 06.12.2022 ൽ അവതരിപ്പിക്കുന്നതിന് അനുവദിച്ച സബ്മിഷൻ നം.2, ബഹു. ആലപ്പുഴ എം.എൽ.എ, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി, ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവരുടെ കത്തുകളുടെ അടിസ്ഥാനത്തിലുള്ള 03.02.2023 ലെ സർക്കാർ ഫയൽ (SRG 268/2023 – LSGD – DE3/221/2022/LSGD)**

**വിഷയം:–** പ്രളയത്തിൽ വീടു തകർന്നവർക്ക് ധനസഹായം നൽകുന്നത് സംബന്ധിച്ച്.

ബഹു മന്ത്രി 03.02.2023 ൽ നോട്ട് ഫയലിൽ (ഖണ്ഡിക 28) ഉത്തരവായതനുസരിച്ച് പ്രളയത്തിൽ തകർന്ന വീടുകൾക്ക് **SDRF / CMDRF** ൽ നിന്നു ധനസഹായം ലഭിക്കുകയും പിന്നീട് വീടു വാസയോഗ്യമല്ലാതായതിനാൽ ലൈഫ് / പി.എം.എ.വൈ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ ജില്ല തിരിച്ചുള്ള വിവരം താഴെ പറയും പ്രകാരം ശേഖരിച്ച് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| ജില്ലയുടെ പേര് | **പ്രളയത്തിൽ തകർന്ന വീടുകളുടെ പുനരുദ്ധാരണത്തിന് CMDRF/SDRF ൽ നിന്ന് ധനസഹായം ലഭിച്ചതും പിന്നീട് ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടവരുമായ കുടുംബങ്ങളുടെ എണ്ണം (പ്രളയ ധനസഹായമായി ലഭിച്ച 10,000 രൂപ വീടിനുള്ള ധനസഹായമായി കണക്കാക്കേണ്ടതില്ല)** |
|---|---|
| തിരുവനന്തപുരം | |
| ↓ | |
| ↓ | |
| ↓ | |
| കാസർകോഡ് | |

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ 2)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്** |

**2.5 ഖണ്ഡിക 4.25**

**കോട്ടുകാൽ ഗ്രാമപഞ്ചായത്ത്**

**കോട്ടുകാൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.11.2022 ലെ** A2/5312/2022-ാം **നമ്പർ കത്തും അനുബന്ധ രേഖകളും (SRG 1312/22).**

**വിഷയം:-** കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്ന് ഇലക്ട്രിക്കൽ ഉപകരണങ്ങൾ വാങ്ങിയതിന് തുക നൽകുന്നത് സംബന്ധിച്ച്.

കോട്ടുകാൽ ഗ്രാമപഞ്ചായത്തിൽ 2012-13 വർഷം ഇലക്ട്രിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിന് രണ്ടു പ്രോജക്ടുകൾ എടുത്തിരുന്നു. ഇതനുസരിച്ച് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും 13,58,269 രൂപയുടെ ഇലക്ട്രിക്കൽ ഉപകരണങ്ങൾ വാങ്ങുകയും ഉപകരണങ്ങൾ ഉപയോഗിക്കുകയും ചെയ്തു. എന്നാൽ പ്രോജക്ടുകൾക്ക് അംഗീകാരം ലഭിക്കുന്നതിനു മുമ്പാണ് ഉപകരണങ്ങൾ വാങ്ങിയത് എന്നതിനാൽ അന്നത്തെ സെക്രട്ടറി ബിൽ തുക നൽകിയില്ല. ബിൽ തുക നൽകാത്തതിനാൽ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു. പലിശ സഹിതം ഇപ്പോൾ 22,40,784 രൂപ നൽകാനുണ്ട്. ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടതനുസരിച്ച് 2022 നവംബറിൽ ഒറ്റത്തവണയായി അടയ്ക്കണമെന്ന നിബന്ധനയോടെ 16,26,946 രൂപയായി അഗ്രോ ഇൻഡസ്ട്രീസ് തുക കുറച്ചിട്ടുണ്ട്. ഈ തുക നൽകാൻ പ്രോജക്ട് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് അറിയിച്ചുകൊണ്ട് തുക നൽകാൻ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** 2012-13 ലെ പ്രോജക്ടായതിനാലും നൽകിയിരിക്കുന്ന വിവരങ്ങൾ അപൂർണ്ണമായതിനാലും ആവശ്യം പരിഗണിച്ചില്ല. വാങ്ങൽ പ്രക്രിയ, ബില്ല് ഇവയടക്കം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)റൂറൽ ഡയറക്ടർ 2)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്** |

**2.5 ഖണ്ഡിക 4.38**

**വെട്ടം ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.12.2022 ലെ കത്ത് (SRG 163/23 - CC/926/22)**

**വിഷയം:-** വെറ്ററിനറി ആശുപത്രിയിലേയ്ക്ക് കഴിഞ്ഞ വർഷം മരുന്നു വാങ്ങിയതിന്റെ ബിൽതുക നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 146/22* | *അടങ്കൽ* | *4,05,000/- രൂപ (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്)* |
| *പേര്* | *വെറ്ററിനറി ഡിസ്പെൻസറിയിലേയ്ക്ക് മരുന്നു വാങ്ങൽ* | |

വെട്ടം ഗ്രാമപഞ്ചായത്തിലെ വെറ്ററിനറി ആശുപത്രിയിലേയ്ക്ക് മരുന്നു കഴിഞ്ഞ വർഷം ടെണ്ടർ നടപടിയിലൂടെ വാങ്ങി. ആകെ ബിൽ തുക 4,05,000 രൂപ. ഇതിന്റെ ബിൽ 30.03.2022 ൽ തിരൂർ സബ് ട്രഷറി പാസ്സാക്കിയെങ്കിലും സ്ഥാപനം നൽകിയ അക്കൗണ്ട് നമ്പർ റദ്ദാക്കപ്പെട്ടതായതിനാൽ തുക സ്ഥാപനത്തിന് ലഭിച്ചില്ല. ഈ തുക സർക്കാർ അക്കൗണ്ടിലേക്ക് തിരികെ പോയി. ഇത് സർക്കാരിന്റെ ബന്ധപ്പെട്ട ശീർഷകത്തിൽ വരവുവച്ചിട്ടുണ്ടെന്ന് സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ തുക ബന്ധപ്പെട്ട സ്ഥാപനത്തിന് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** വെറ്ററിനറി മരുന്നു നൽകിയ സ്ഥാപനം റദ്ദാക്കപ്പെട്ട അക്കൗണ്ട് നമ്പർ നിർവ്വഹണ ഉദ്യോഗസ്ഥനു നൽകിയത് തെറ്റാണ്. ഇതു പരിശോധിച്ചു റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)റൂറൽ ഡയറക്ടർ<br>2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്** |

**2.5 ഖണ്ഡിക 4.52**

**കോട്ടുകാൽ ഗ്രാമപഞ്ചായത്ത്**

**കോട്ടുകാൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.12.2022-ലെ 7778/22-ാം നമ്പർ കത്ത് (SRG 47/2023)**

**വിഷയം:-** കരിച്ചൽ കായൽ സർവ്വേയും ബോർഡ് സ്ഥാപിക്കലും എന്ന പ്രോജക്ടിന്റെ തുക നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 125/23* | *അടങ്കൽ* | *2,85,384 രൂപ (വികസനഫണ്ട് ജനറൽ)* |
| *പേര്* | *കരിച്ചൽ കായൽ സർവ്വേയും ബോർഡ് സ്ഥാപിക്കലും* | |

കരിച്ചൽ കായൽ വികസനത്തിന്റെ ഭാഗമായി പശ്ചാത്തലമൊരുക്കുന്നതിന് കായലിലെ ചെളി കോരി മാറ്റൽ, പരിസരങ്ങളിലെ പാഴ് മരങ്ങൾ വെട്ടിമാറ്റൽ, മാലിന്യങ്ങൾ നീക്കം ചെയ്യൽ ബോർഡുകൾ സ്ഥാപിക്കൽ എന്നിവയ്ക്കാണ് പ്രോജക്ട് തയ്യാറാക്കിയിരുന്നത്. കാലതാമസം വരും എന്നതിനാൽ ടെണ്ടർ വിളിച്ച് പ്രോജക്ട് നടപ്പാക്കുന്നതിന് പകരം മൂന്ന് ഘട്ടങ്ങളിലായി ക്വട്ടേഷൻ വിളിച്ച് പ്രോജക്ട് നടപ്പാക്കി. ഇതിന്റെ വാല്യുവേഷൻ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ എടുത്തിട്ടുണ്ട്. വാല്യുവേഷൻ തുക 2,67,862 രൂപ. ഈ തുക നൽകുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇത് പരിശോധിച്ച് റിപ്പോർട്ട് നല്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം ഇതു സംബന്ധിച്ച റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**<u>25.04.2023 ലെ കോഓർഡിനേഷൻ കമ്മിറ്റിയിലേയ്ക്കുള്ള റിപ്പോർട്ട്</u> :-** പ്രോജക്ട് നടപ്പാക്കിയത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഓഫീസിൽ നിന്നാണെന്ന് മാത്രമേ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളൂ.

**<u>2.5 ഖണ്ഡിക 4.54</u>**

**<u>കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL)</u>**

**കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL) ചെയർമാന്റെ 13.01.2023 ലെ CM/KEL/1621/22-ാം നമ്പർ കത്ത് (SRG 75/23).**

**വിഷയം:-** KEL ൽ നിന്നും ഇലക്ട്രിക്കൽ ഉപകരണങ്ങൾ ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ പാലക്കാട് ഡിവിഷനിൽ LED ഉൾപ്പെടെ വിവിധതരം തെരുവു വിളക്കുകളും അനുബന്ധ സാമഗ്രികളും സ്പെയർ പാർട്സുകളും സൗരോർജ്ജ വിളക്കുകളും ഉല്പാദിപ്പിക്കുന്ന യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. ഇവ പാലക്കാട് യൂണിറ്റുകളിൽ നിന്നും ടെണ്ടർ കൂടാതെ വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള കരാറിൽ ഏർപ്പെടുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ധനവകുപ്പിന്റെ 04.07.2019 ലെ 77/2019/Fin നമ്പർ ഉത്തരവു പ്രകാരം KEL- നെ Electro Mechanical Works and General Civil Construction Works കളുടെ പി.എം.സി ആയി മാത്രമാണ് അംഗീകരിച്ചിരിക്കുന്നത് എന്ന് യോഗം വിലയിരുത്തി. മുകളിൽ പറഞ്ഞവ KEL സ്വയം ഉല്പാദിപ്പിക്കുന്നവയാണോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം ഇതു സംബന്ധിച്ച റിപ്പോർട്ട് ചീഫ് എഞ്ചിനീയർ നൽകിയിട്ടുണ്ട്.

**<u>25.04.2023 ലെ കോഓർഡിനേഷൻ കമ്മിറ്റിയിലേയ്ക്കുള്ള റിപ്പോർട്ട്</u>:-** KEL ന്റെ പാലക്കാട് യൂണിറ്റിൽ എൽ.ഇ.ഡി ലൈറ്റുകളുടെ അസംബ്ലിംഗ് മാത്രമാണ് നടക്കുന്നതെന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്<br>2) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്<br>3) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്** |

**<u>2.5 ഖണ്ഡിക 4.57</u>**

**<u>കണ്ണൂർ ജില്ലാ പഞ്ചായത്ത്</u>**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.12.2022 ലെ കത്തും കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 05.11.2022 ലെ** B2-4009/2022-**ാം നമ്പർ കത്തും (SRG 58/23** - CC/**813**/2022**).**

**വിഷയം:-** കിണർ റീചാർജ്ജിംഗ് സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 451/23*** | ***അടങ്കൽ*** | ***10,00,000/- രൂപ (കോർപ്പറേഷൻ വിഹിതം)*** |
| ***പേര്*** | ***നഗരസഞ്ചയ പദ്ധതി - അഞ്ചരക്കണ്ടിപ്പുഴ സംരക്ഷണ പദ്ധതി - കിണർ റീ ചാർജ്ജിംഗ്*** | |

നഗരസഞ്ചയ പദ്ധതിയിൽ ഉൾപ്പെട്ട അഞ്ചരക്കണ്ടി പുഴ സംരക്ഷണത്തിന്റെ ഭാഗമായി കിണർ റീചാർജ്ജിംഗ് പ്രോജക്ട് കണ്ണൂർ ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തിട്ടുണ്ട്. ഈ വർഷം 10.00 ലക്ഷം രൂപയും തുടർന്നുള്ള രണ്ടു വർഷങ്ങളിൽ 90.00 ലക്ഷം രൂപയും ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു. മാർഗ്ഗരേഖ പ്രകാരം കിണർ റീ ചാർജ്ജിംഗിന് പരന്ന മേൽക്കൂരയാണെങ്കിൽ 12,000 രൂപയും ചരിഞ്ഞ മേൽക്കൂരയാണെങ്കിൽ 15,000 രൂപയുമാണ് നൽകാവുന്നത്. എന്നാൽ 50,000 രൂപ നിരക്കിലാണ് ജില്ലാ പഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിരിക്കുന്നത്. അഞ്ചരക്കണ്ടി പുഴ സംരക്ഷണത്തിന്റെ ഭാഗമായാണ് കിണർ റീചാർജ്ജിംഗ് നടത്തുന്നതെന്നറിയിച്ചുകൊണ്ട് 100 ശതമനം സബ്സിഡി നൽകാൻ അനുവദിക്കണമെന്നും പരമാവധി നൽകാൻ കഴിയുന്ന ധനസഹായം എത്രയാണെന്ന് നിശ്ചയിച്ച് നൽകണമെന്നതും സംബന്ധിച്ച്.

**തീരുമാനം :– 1)** മാർഗ്ഗരേഖ പ്രകാരം വ്യക്തികൾക്ക് പരന്ന മേൽക്കൂര യാണെങ്കിൽ 12,000 രൂപയും ചരിഞ്ഞ മേൽക്കൂരക്കാണെങ്കിൽ 15,000 രൂപയുമാണ്. എന്നാൽ 12.12.2017 ലെ 3979/2017/തസ്വഭവ ഉത്തരവു പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങളുടെ ഘടകസ്ഥാപ നങ്ങളിലെ കിണറുകളാണെങ്കിൽ പരന്നമേൽക്കൂരയാണെങ്കിൽ 20,500 രൂപയും ചരിഞ്ഞ മേൽക്കൂരയാണെങ്കിൽ 24,500 രൂപയും നൽകാം. സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം പ്രോജക്ട് നടപ്പാക്കാൻ നിർദ്ദേശിക്കുന്നു.

2) വ്യക്തികൾക്ക് നൽകാവുന്ന ധനസഹായം പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം നിശ്ചയിച്ചതാണ്. ഘടകസ്ഥാപനങ്ങളുടെ നിരക്ക് തദ്ദേശസ്വയം ഭരണവകുപ്പ് ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്തപ്രകാരം കോഓർഡി നേഷൻ കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് 12.12.2017 ലെ 3979/2017/ തസ്വഭവ ഉത്തരവു പ്രകാരം നിശ്ചയിച്ചതുമാണ്. ഇത് പുതിയ DSR അനുസരിച്ച് പരിഷ്കരിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം ഇതു സംബന്ധിച്ച റിപ്പോർട്ട് തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ നൽകിയിട്ടുണ്ട്.

**<u>25.04.2023 ലെ കോഓർഡിനേഷൻ കമ്മിറ്റിയിലേയ്ക്കുള്ള റിപ്പോർട്ട്:–</u>** സർക്കാരിന്റെ 08.06.2022 ലെ 1416/2022/LSGD നമ്പർ ഉത്തരവു പ്രകാരം പൊതു സ്ഥാപനങ്ങളിലെ കിണറുകൾ റീ ചാർജ്ജ് ചെയ്യുവാൻ പരന്ന മേൽക്കൂരയ്ക്ക് 24,500 രൂപയും ചരിഞ്ഞ മേൽക്കൂരയ്ക്ക് 26,000 രൂപയും ആയി നിശ്ചയിച്ചിട്ടുണ്ട്. ഇത് 2018 ലെ DSR പ്രകാരമായതിനാൽ ഇനി ഇതു പരിഷ്കരിക്കേണ്ടതില്ലെന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്** |

<u>2.5 ഖണ്ഡിക 4.62</u>

**<u>ബളാൽ ഗ്രാമപഞ്ചായത്ത്</u>**

**കാസർകോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.12.2022 ലെ കത്തും ബളാൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.11.2022 ലെ** SC – 4893/21–ാം **നമ്പർ കത്തും (SRG 90/2023**– CC/**869**/2022**)**

**വിഷയം:–** കനകപ്പള്ളി ശ്മശാന സൈറ്റിലെ മണ്ണ് നീക്കുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 268/23*** | ***അടങ്കൽ*** | ***5,00,000/- രൂപ (സ.എഫ്.സി ബേസിക് ഗ്രാന്റ്)*** |
| ***പേര്*** | ***കനകപ്പള്ളി ശ്മശാന സൈറ്റിലെ മണ്ണ് നീക്കം ചെയ്യലും അനുബന്ധ പ്രവർത്തനങ്ങളും*** | |

ബളാൽ ഗ്രാമപഞ്ചായത്തിൽ ഒരേക്കറോളം ഭൂമി ശ്മശാന നിർമ്മാണത്തിന് വിലയ്ക്കെടുത്തിട്ടുണ്ട്. ഈസ്ഥലം ചെങ്കുത്തായ പ്രദേശമായതിനാൽ മണ്ണെടുത്ത് നിരപ്പാക്കണമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ കത്തു നൽകിയിട്ടുണ്ട്. 2649 M3 മണ്ണ് നീക്കം ചെയ്യണം. ഒരു ക്യൂബിക് മീറ്ററിന് 40 രൂപ നിരക്കിൽ 1,05,960 രൂപ ജിയോളജി വിഭാഗത്തിലേക്ക് അടയ്ക്കണമെന്ന് ജിയോളജിസ്റ്റ് അറിയിച്ചിട്ടുണ്ട്. ജിയോളജി വകുപ്പിന് അടയ്ക്കേണ്ട തുക ഉൾപ്പെടെ ലേലം ചെയ്തിട്ട് ആരും ലേലത്തിൽ പങ്കെടുത്തില്ല. 16.04.2022 ലെ ക്വട്ടേഷനിൽ ഒരു ക്യൂബിക് മീറ്ററിന് 10 രൂപ നിരക്കിൽ രാഹുൽ മുല്ലശ്ശേരി എന്നയാൾ ഏറ്റെടുത്തിട്ടും ഇപ്പോൾ മുടങ്ങി. അതിനാൽ തുക ഈടാക്കാതെ മണ്ണിന് ആവശ്യക്കാരുണ്ടെങ്കിൽ സൗജന്യമായി നൽകുന്നതിനോ ഗ്രാമപഞ്ചായത്ത് സ്ഥലം കണ്ടെത്തി മണ്ണ് നീക്കം ചെയ്യുന്നതിനോ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇതു പരിശോധിച്ച റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**<u>25.04.2023 ലെ കോഓർഡിനേഷൻ കമ്മിറ്റിയിലേയ്ക്കുള്ള റിപ്പോർട്ട്:-</u>** സി.എഫ്.സി ബേസിക് ഗ്രാന്റ് (5.00 ലക്ഷം രൂപ) ഉപയോഗിച്ച് നടപടിക്രമങ്ങൾ പാലിച്ച് ഈ പ്രോജക്ട് പൂർത്തിയാക്കി. അതിനാൽ ഈ ആവശ്യം കോഓർഡിനേഷൻ കമ്മിറ്റിയിൽ ഇനി പരിഗണിക്കേണ്ടതില്ലെന്നു അറിയിച്ചിട്ടുണ്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ<br>2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്** |

**<u>2.5 ഖണ്ഡിക 4.64</u>**

**<u>തൃത്താല ഗ്രാമപഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.12.2022 ലെ കത്തും തൃത്താല ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 06.08.2022 ലെ 8(1)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG 87/23 - CC/934/2022).**

**വിഷയം:-** 2014-15 വർഷം പൂർത്തീകരിച്ച നിർമ്മാണ പ്രവർത്തികളുടെ ടെണ്ടർ എക്സസ് നൽകുന്നത് സംബന്ധിച്ച്.

താഴെ പറയുന്ന റോഡു നിർമ്മാണം 2014-15വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടതാണ്. ഈ പ്രവർത്തികളുടെ ടെണ്ടർ എക്സസ് തുകയായ 65,943 രൂപ അനുവദിച്ച നൽകണമെന്നും ശ്രീ.എം. മുഹമ്മദ് മണിയാരത്ത് ഹൗസ്, ഞാങ്ങാട്ടിരി തദ്ദേശഭരണസ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ബഹു. ഓംബുഡ്സ് മാൻ മുമ്പാകെ ഹർജി നൽകുകയും ഈ തുക നൽകാൻ 12.08.2015 ൽ ഉത്തരാവുകുകയും ചെയ്തു. ഈ തുക അനുവദിച്ച നൽകാത്തതിനാൽ സമയബന്ധിതമായി തുക നൽകണമെന്ന് 07.10.2022 ൽ വീണ്ടും ഉത്തരവായി. ഇതനുസരിച്ച് ജില്ലാ ആസൂത്രണസമിതിക്ക് പ്രോജക്ട് സമർപ്പിച്ചെങ്കിലും ടെണ്ടർ എക്സസ് തുക നൽകാൻ നിലവിലെ ഉത്തരവനുസരിച്ച് അനുമതിയില്ലാത്തതിനാൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചില്ല. അതിനാൽ ഓംബുഡ്സ്മാന്റെ ഉത്തരവനുസരിച്ച് തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

| **ക്രമ നമ്പർ** | **പ്രവർത്തികളുടെ പേര്** | **നൽകാനുള്ള തുക** |
|---|---|---|
| 1 | നീളം കുളം റോഡ് മെറ്റലിംഗ് | 22,073 രൂപ |
| 2 | ഉള്ളാംപുഴ- കണ്ണനൂര് റോഡ് മെറ്റലിംഗ് - ടാറിംഗ് | 21,370 രൂപ |

| | | |
|---|---|---|
| 3 | താനിക്കുന്ന് കോളനി റോഡ് മെറ്റലിംഗ് – ടാറിംഗ് | 22,500 രൂപ |
| | **ആകെ** | **65,943 രൂപ** |

**തീരുമാനം :– 1)** 2014–15 ൽ ഇങ്ങനെ ടെണ്ടർ എക്സസ് നല്കാൻ അനുമതിയില്ലായിരുന്നു. ഈ തുക നൽകാമെന്ന് സെക്രട്ടറി ബഹു. ഓംബുഡ്സ്മാൻ മുമ്പാകെ മൊഴി നൽകിയതിനാലാണ് തുക മൂന്നുമാസത്തിനകം നൽകാൻ ഉത്തരവായിരിക്കുന്നത്.

1) 2010–ലെ ഷെഡ്യൂൾ നിരക്ക് പുതുക്കാത്തതിനാൽ നിബന്ധനകളോടെ ടെണ്ടർ എക്സസ് നൽകാമെന്ന് 01.10.2011 ലെ 2284/11/തസ്വഭവ നമ്പർ പ്രകാരം സർക്കാർ ഉത്തരവായിരുന്നു. എന്നാൽ 13.02.2014 മുതൽ **DSR** തദ്ദേശഭരണസ്ഥാപനങ്ങളിൽ പ്രാബല്യത്തിലാക്കി. അതിനാൽ 01.10.2011 ലെ 2284/2011/തസ്വഭവ ഉത്തരവ് പ്രകാരമുള്ള ടെണ്ടർ എക്സസ് 2014–15 ലെ പ്രോജക്ടിനു നൽകാവുന്നതല്ല എന്ന് യോഗം വിലയിരുത്തി. അതിനാൽ ഓംബുഡ്സ്മാന്റെ മുമ്പാകെ സെക്രട്ടറി നൽകിയ മൊഴി പിശകാണ്. ഈ സാഹചര്യത്തിൽ ഓംബുഡ്സ്മാന്റെ ഉത്തരവിലൂടെ നൽകേണ്ടി വരുന്ന 65,943 രൂപ ബന്ധപ്പെട്ട സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയാണ് എന്ന് യോഗം നിരീക്ഷിച്ചു. ഇതു വിശദമായി പരിശോധിച്ച റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)ചീഫ് എഞ്ചിനീയർ,തദ്ദേശസ്വയംഭരണവകുപ്പ് 2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്** |

**2.5 ഖണ്ഡിക 4.84**

**പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.01.2023 ലെ കത്തും പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 23.08.2022 ലെ C–299/2018–ാം നമ്പർ കത്തും (SRG 165/2023– CC /481/22)**

**വിഷയം:–** നിലവിലെ പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് മെഷീനു പകരം പുതിയ മെഷീൻ വാങ്ങുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 76/2018* | *അടങ്കൽ* | *16,00,000/– രൂപ (വികസനഫണ്ട് – ജനറൽ )* |
| *പേര്* | **പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പരിപാടി** | |

പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് 2017–18ൽ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി കൈപറമ്പ് ഗ്രാമപഞ്ചായത്തിൽ പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ് ആരംഭിച്ചിരുന്നു. ഇതിന്റെ ഭാഗമായി 4,54,000 രൂപ മുടക്കി പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് മെഷീൻ വാങ്ങി സ്ഥാപിച്ചു. 1,62,000 രൂപ ഇതുവരെ പ്രതിവർഷ അറ്റകുറ്റപ്പണിക്കായി ചെലവഴിച്ചിട്ടുണ്ട്. ഈ മെഷീന്റെ 6 ബ്ലേഡുകൾ പലതവണ മാറ്റിയെങ്കിലും പ്ലാസ്റ്റിക് പൊടിക്കാനാകുന്നില്ല. അതിനാൽ നിലവിലെ മെഷീൻ കണ്ടം ചെയ്ത് പുതിയ മെഷീൻ വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-**2017 ൽ വാങ്ങിയ മെഷീൻ പല പ്രാവശ്യം അറ്റകുറ്റപ്പണി നടത്തിയിട്ടും ഉപയോഗിക്കാൻ കഴിയാത്തത് പ്രത്യേകം പരിശോധിക്കേണ്ടതുണ്ട്. ക്ലീൻ കേരള കമ്പനി മുഖേനയാണോ മെഷീൻ വാങ്ങിയത് എന്നതടക്കം വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു. ഇത് സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ<br>2)തദ്ദേശസ്വയംഭരണ (ഡബ്ളിയു.എം) വകുപ്പ്** |

**2.5 ഖണ്ഡിക 4.89**

**കാളിക്കാവ് ബ്ലോക്ക് പഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.01.2023 ലെ കത്തും കാളിക്കാവ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 05.01.2023 ലെ C-1655/21-ാം നമ്പർ കത്തും കാളിക്കാവ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 19.11.2022 ലെ 2(2)-ാം നമ്പർ തീരുമാനവും (SRG 177/23, 178/23 - CC/17/23)**

**വിഷയം:-** സോളാർ മിനിമാസ്റ്റ് സ്ഥാപിച്ചതിന്റെ ബിൽതുക നൽകുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 26/2023* | ***അടങ്കൽ*** | *9,52,212/- രൂപ (വികസനഫണ്ട് - ജനറൽ )* |
| *പേര്* | **കാളിക്കാവ് ബ്ലോക്ക് പഞ്ചായത്തിലെ വാരിക്കൽ, മാമ്പറ്റ സർവ്വീസ് സ്റ്റേഷൻ പരിസരം, എടപ്പറ്റ കരിങ്കാളിക്കാവ് എന്നിവിടങ്ങളിൽ സോളാർ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ** | |

കാളിക്കാവ് പഞ്ചായത്തിലെ വാരിക്കൽ, മാമ്പറ്റ സർവ്വീസ് സ്റ്റേഷൻ പരിസരം, എടപ്പറ്റ കരിങ്കാളിക്കാവ് എന്നീ സ്ഥലങ്ങളിൽ സോളാർ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കാൻ കഴിഞ്ഞ വർഷം പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഈ വർഷം ഇത് സ്പിൽഓവറായി ഉൾപ്പെടുത്തുകയും മുകളിൽ പറഞ്ഞ പ്രദേശങ്ങളിൽ നടപടിക്രമങ്ങൾ പാലിച്ച് സോളാർ മിനിമാസ്റ്റ് സ്ഥാപിക്കുകയും ചെയ്തു. കരുവാരക്കുണ്ട്, കരുളായി, എടപ്പറ്റ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് NOC വാങ്ങുകയും ഭാവിയിലെ അറ്റകുറ്റപ്പണി ഈ ഗ്രാമപഞ്ചായത്തുകൾ നടത്തിക്കൊള്ളാമെന്ന് കരാറിലേർപ്പെടുകയും ചെയ്തു. ഇതിന്റെ ബിൽ തുക 8,01,945 രൂപ. ഈ തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇത് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയല്ല. ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)റൂറൽ ഡയറക്ടർ<br>2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്** |

**2.5 ഖണ്ഡിക 4.98**

**തൃശ്ശൂർ ജില്ലാ പഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.01.2023 ലെ കത്തും തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 15.07.22,** 22.02.2023 **എന്നീ തീയതികളിലെ DPT C4-984/22-ാം നമ്പർ കത്തുകളും (SRG 214/23, CC/21/23)**

**വിഷയം:-** ചെലവഴിക്കാതെ കിടക്കുന്ന പാർപ്പിട പദ്ധതി പ്രകാരമുള്ള തുക ലൈഫ് ഭവന പദ്ധതിയ്ക്ക് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്

| പ്രോ.നം: 1063/2023 | അടങ്കൽ | 69,00,000/- രൂപ<br>(ചെലവഴിക്കാതെ ബാങ്കിൽ കിടക്കുന്ന തുക) |
|---|---|---|
| പേര് | ലൈഫ് ഭവനപദ്ധതി - സ്വാഭിമാൻ ഭവന പദ്ധതി ഫണ്ട് - ഗ്രാമപഞ്ചായത്തിന് ജില്ലാ പഞ്ചായത്ത് വിഹിതം | |

തൃശ്ശൂർ ജില്ലാ പഞ്ചായത്തും ഗവണ്മന്റേതിര ഏജൻസി ആയ കോസ്റ്റ് ഫോർഡും തൃശ്ശൂർ ജില്ലയിലെ തദ്ദേശസ്ഥാപനങ്ങളും ചേർന്ന് 1999-2000 വർഷത്തിൽ ഹഡ്കോയുടെ സഹായത്തോടെ നടപ്പാക്കിയ പദ്ധതിയാണ് സ്വാഭിമാൻ പാർപ്പിട പദ്ധതി. ഹഡ്കോയിൽ നിന്നും വായ്പ എടുത്ത് കോസ്റ്റ് ഫോർഡ് മുഖേന ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് വായ്പ വിതരണം ചെയ്യുകയും ഗുണഭോക്താക്കൾ വായ്പ ഗഡുക്കളായി കോസ്റ്റ് ഫോർഡിൽ അടയ്ക്കുകയും കോസ്റ്റ് ഫോർഡ് ഈ തുക ഹഡ്കോയിൽ തിരിച്ചടവാക്കുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. പദ്ധതിയ്ക്കായി തെരഞ്ഞെടുത്ത 12,605 ഗുണഭോക്താക്കളിൽ നിന്ന് 3667 പേർക്ക് മാത്രമായി ഹഡ്കോ വായ്പ പരിമിതപ്പെടുത്തിയ സാഹചര്യത്തിൽ അവശേഷിച്ച ഗുണഭോക്താക്കൾക്ക് പ്ലാൻ ഫണ്ട് ഉപയോഗിച്ച് വായ്പ നൽകുകയാണുണ്ടായത്. ഹഡ്കോയ്ക്ക് തിരികെ നൽകാനുണ്ടായ വായ്പാതുക തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ പ്ലാൻ ഫണ്ടിൽ നിന്ന് കുറവ് ചെയ്ത് തിരിച്ചടച്ചു. എന്നാൽ സർക്കാർ പിന്നീട് കോസ്റ്റ് ഫോർഡിനെ പദ്ധതിയിൽ നിന്നും ഒഴിവാക്കിയതിനാൽ ഗുണഭോക്താക്കൾ തുക ജില്ലാ പഞ്ചായത്തിലാണ് തിരിച്ചടച്ചത്. ഗുണഭോക്താക്കൾ തിരിച്ചടച്ച തുക തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ ബാങ്ക് ഓഫ് ഇൻഡ്യയിലെ **BOI 855610110008125** നമ്പർ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്.

26.11.2004-ലെ 319/4/തസ്വഭവ ഉത്തരവ് പ്രകാരം ഗുണഭോക്താക്കൾ തിരിച്ചടവാക്കിയ തുക അതത് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതമായി കണക്കാക്കി വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സ്വാഭിമാൻ പദ്ധതി പ്രകാരം തിരിച്ചടവാക്കിയ തുക ഉപയോഗിച്ച് 2022-23 വർഷത്തെ ലൈഫ് ഭവനപദ്ധതിയ്ക്ക് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകുന്നതിനാണ് പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്. ഈ പദ്ധതിയ്ക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** സർക്കാരിന്റെ 26.11.2004 ലെ 319/04/തസ്വഭവ നമ്പർ ഉത്തരവിന്റെ കൂടി അടിസ്ഥാനത്തിൽ ഇതു വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ<br>2)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്** |

**2.5 ഖണ്ഡിക 4.107**

**പത്തനംതിട്ട ജില്ലാ പഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 18.01.2023-ലെ കത്ത് (SRG/192/23)**

**വിഷയം:-** പത്തനംതിട്ട ജില്ലാ പഞ്ചായത്തിൽ ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്ലിക്കേഷൻ ഉപയോഗിച്ച് സർവ്വേ നടത്തുന്നത് സംബന്ധിച്ച്

പത്തനംതിട്ട ജില്ലയിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ജില്ലാ പ്ലാനിന്റെ ഭാഗമായി നിർമ്മല ഗ്രാമം, നിർമ്മല നഗരം, നിർമ്മല ജില്ല എന്ന പദ്ധതി ഏറ്റെടുക്കുന്നുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ശുചിത്വ സർവ്വെ നടത്തുന്നതിന് ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് ആപ്ലിക്കേഷൻ ഉപയോഗിക്കുവാനാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്. ജില്ലയിൽ നിലവിൽ 4 നഗരസഭകളിലും 12 ഗ്രാമപഞ്ചായത്തുകളിലും ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്ലിക്കേഷൻ ഉപയോഗിച്ച്

സർവ്വെ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ആദ്യഘട്ടത്തിൽ മേൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഗ്രാമപഞ്ചായത്തുകളിൽ വിശദമായ സർവെ നടത്തേണ്ടതില്ല എന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതിനാൽ നഗരസഭകളിൽ മാത്രമേ വിശദമായ സർവ്വേ നടത്തിയിട്ടുള്ളൂ. നഗരസഭകളിൽ 25 രൂപയും ഗ്രാമപഞ്ചായത്തുകളിൽ 15 രൂപയുമാണ് ഒരു വീടിന് സർവ്വെയ്ക്ക് സർക്കാർ ഉത്തരവ് പ്രകാരം പ്രതിഫലം അനുവദിച്ചിട്ടുള്ളത്. എന്നാൽ പത്തനംതിട്ട ജില്ലയിൽ ജില്ലാ പ്ലാനിന്റെ ഭാഗമായി നിർമ്മല ഗ്രാമം, നിർമ്മല നഗരം, നിർമ്മല ജില്ല പദ്ധതി നടപ്പാക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകളിലും വിശദമായ സർവ്വെ നടത്തേണ്ടതുണ്ട്. അതിനാൽ പത്തനംതിട്ട ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് ആപ്ലിക്കേഷൻ ഉപയോഗിച്ച് വിശദമായ സർവ്വേ നടത്തുന്നതിനും നഗരസഭയിലേതിനു തുല്യമായി 25 രൂപ വീതം സർവ്വേയ്ക്ക് പ്രതിഫലം നൽകുന്നതിനും നിലവിൽ പ്രാരംഭ സർവ്വേ നടത്തിയ 12 ഗ്രാമപഞ്ചായത്തുകളിൽ വിശദമായ സർവേ വീണ്ടും നടത്തേണ്ടതിനാൽ ഇതിന് അധികമായ തുക വകയിരുത്തുന്നതിനും അനുമതി നൽകണമെന്നതു സംബന്ധിച്ച് .

**തീരുമാനം :–** സർക്കാരിന്റെ 26.09.2022–ലെ 2341/2022/തസ്വഭവ ഉത്തരവിന്റെ കൂടി അടിസ്ഥാനത്തിൽ ഇത് പരിശോധിച്ച് റിപ്പോർട്ട് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വ മിഷൻ<br>2)തദ്ദേശസ്വയംഭരണ (ഡബ്ളിയു.എം) വകുപ്പ്** |

**2.5 ഖണ്ഡിക 4.110**

**ആലപ്പുഴ മുനിസിപ്പാലിറ്റി**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.01.2023–ല കത്തും ആലപ്പുഴ മുനിസിപ്പൽ സെക്രട്ടറിയുടെ 13.01.2023–ലെ p1–369/2022–ാം നമ്പർ കത്തും** (SRG 224/23 – CC/51/23

**വിഷയം:–** തോടുകൾ നവീകരിക്കുന്നതിനും മാലിന്യം വൃത്തിയാക്കുന്നതിനും ജെ.സി.ബി. വാങ്ങുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 322/23*** | ***അടങ്കൽ*** | ***32,50,000/– രൂപ (സി.എഫ്.സി. റ്റൈഡ് ഗ്രാന്റ്)*** |
| ***പേര്*** | ***മാലിന്യ സംസ്കരണത്തിനും ഇടത്തോടുകളുടെ നവീകരണത്തിനും ജെ.സി.ബി. വാങ്ങൽ*** | |

മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ജലസ്രോതസ്സുകളിലെ ഒഴുക്ക് സുഗമമാക്കുന്നതിനും പൊഴി മുറിക്കൽ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കുവേണ്ടി ഉപയോഗിച്ചിരുന്ന ജെ.സി.ബി തകരാറിലായി. ഇതിനുപകരം സി.എഫ്.സി. റ്റൈഡ് ഗ്രാന്റ് ഉപയോഗിച്ച് ജെ.സി.ബി വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :–** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയം ഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം ഇത് സംബന്ധിച്ച റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**25.04.2023 ലെ കോഓർഡിനേഷൻ കമ്മിറ്റിയിലേയ്ക്കുള്ള റിപ്പോർട്ട്:–** നിലവിൽ ജെ.സി.ബി റിപ്പയർ ചെയ്തു ഉപയോഗിച്ച് വരികയാണ്. ഇത് കണ്ടം ചെയ്യുന്നതിന് അൺഫിറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനു വേണ്ടി 24.03.2023 ന് PWD മെക്കാനിക്കൽ വിംഗിലേക്ക് കത്ത് നൽകിയിട്ടുണ്ട്. PWD മെക്കാനിക്കൽ വിംഗിന്റെ കത്ത് ലഭിച്ചില്ല.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്** |

**2.5 ഖണ്ഡിക 4.113**

**പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.02.2023-ലെ കത്തും പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 07.02.2023-ലെ 2730/21-ാം നമ്പർ കത്തും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 31.12.2022-ലെ 6(3)-ാം നമ്പർ തീരുമാനവും (SRG 337/23 cc /78/23)**

**വിഷയം:-** ഐ.എ.വൈ. പദ്ധതി പ്രകാരമുള്ള വീടിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 148/23* | *അടങ്കൽ* | *1,50,000 രൂപ (ബാങ്കിൽ ചെലവഴിക്കാതെ കിടക്കുന്ന തുക )* |
| *പേര്* | *ഐ.എ.വൈ. ഗുണഭോക്താവായ ശ്രീമതി ശ്രീജയുടെ ഭവന പൂർത്തീകരണം* | |

വിളയൂർ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീമതി. ശ്രീജ ചാലപ്പുറത്ത് വീട് എന്ന വ്യക്തിക്ക് 2015-16-ൽ ഐ.എ.വൈ. ഭവന പദ്ധതി പ്രകാരം വീടിന് ധനസഹായം നൽകിയിരുന്നു. ഐ.എ.വൈ നിരക്കായ 2.00 ലക്ഷം രൂപയിൽ 1,41,500 രൂപ ആകെ നൽകിയിട്ടുണ്ട്. ഇതുപയോഗിച്ച് ലിന്റൽ ലെവൽ വരെ നിർമ്മാണം നടത്തി. ഗുണഭോക്താവിന്റെ സാമ്പത്തിക ബുദ്ധിമുട്ട് കാരണം ലൈഫ് ഒന്നാം ഘട്ടത്തിൽ (പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം) വീട് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഈ വ്യക്തിക്ക് വീട് പൂർത്തീകരണത്തിന് 1,87,895 രൂപ (പുതിയ നിരക്കിന്റെ ആനുപാതിക തുക എന്ന് കണക്കാക്കി) നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. ഇതിനായി പി.എം.എ. വൈ. പദ്ധതിക്കായി ലഭിച്ചിട്ടുള്ളതും ചെലവഴിക്കാതെ കിടക്കുന്നതുമായ തുക ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്.

**തീരുമാനം:-** ഇതിന്റെ വിശദാംശങ്ങളും ചെലവുകളും പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ<br>2)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്** |

**2.5 ഖണ്ഡിക 4.115**

**വേങ്ങര ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.01.2023-ലെ കത്തും വേങ്ങര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.01.2023-ലെ** PRS/2020/2022/(2) **--ാം നമ്പർ കത്തും (SRG 236/23 - CC/33/23)**

**വിഷയം:-** അങ്കണവാടി കലോത്സവത്തിന്റെ നടത്തിപ്പ് ചെലവ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 123/23* | *അടങ്കൽ* | *15,000 രൂപ (തനത് ഫണ്ട്)* |
| *പേര്* | *അങ്കണവാടി കലോത്സവം* | |

വേങ്ങര ഗ്രാമപഞ്ചായത്തിൽ ഉള്ള 39 അങ്കണവാടി കുട്ടികളെ ഉൾപ്പെടുത്തി കലോത്സവം നടത്തി. മാർഗ്ഗരേഖ പ്രകാരം അങ്കണവാടി കലോത്സവത്തിന് ചെലവഴിക്കാവുന്നത് 15,000 രൂപയാണ്. പങ്കെടുത്തവർക്ക് സമ്മാനങ്ങളും മറ്റും നൽകാൻ സ്പോൺസർഷിപ്പ് ലഭിച്ചുവെങ്കിൽപോലും ചെലവ് അധികരിച്ചു. 723 പേർ ഹാജർ രജിസ്റ്ററിൽ ഒപ്പിട്ടുണ്ടെന്നും 71,000 രൂപ കലോത്സവത്തിന് ചെലവായെന്നും ഗ്രാമപഞ്ചായത്ത് അറിയിച്ചിരിക്കുന്നു. അതിനാൽ അധികമായി ചെലവായ 56,000 രൂപ നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇതിന്റെ വിശദാംശങ്ങളും ചെലവുകളും പരിശോധിച്ച് റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) റൂറൽ ഡയറക്ടർ<br>2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്** |

**<u>2.5 ഖണ്ഡിക 4.124</u>**

**<u>തിരുവനന്തപുരം കോർപ്പറേഷൻ</u>**

**തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിയുടെ 12.01.2023-ലെ** A2/2022/ HREDC **നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 10.02.2022-ലെ യോഗ തീരുമാനവും അനുബന്ധരേഖകളും (SRG 132/23)**

**വിഷയം:-** കണ്ണമ്മൂല വനിതാ ഐ.റ്റി പാർക്കിന് വിവിധ പ്രവർത്തികൾ ടെണ്ടർ കൂടാതെ ഏല്പിക്കുന്നതിന് അനുമതി സംബന്ധിച്ച്

തിരുവനന്തപുരം നഗരസഭയുടെ ഹ്യൂമൻ റിസോഴ്സ് എംപ്ലോയ്മെന്റ് ആന്റ് ഡെവലപ്മെന്റ് സെന്റർ (**HREDC**) എന്ന സ്ഥാപനത്തിനു കീഴിൽ കണ്ണമ്മൂല വനിതാ ഐ.റ്റി. പാർക്ക് പ്രവർത്തിക്കുന്നുണ്ട്. ഇവിടെ അടിസ്ഥാന സൗകര്യങ്ങളോടെ 40 വനിതാ ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർ പ്രവർത്തിക്കുന്നു. കൂടുതൽ പേർക്ക് തൊഴിൽ നൽകുന്നതിന് ജനകീയാസൂത്രണം/കുടുംബശ്രീ തുടങ്ങിയ മേഖലകളിൽ ഉൾപ്പെട്ട ഡേറ്റാ എൻട്രി വർക്കുകൾ ഈ സ്ഥാപനം വഴി ടെണ്ടർ കൂടാതെ നടത്താൻ അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു. കോഓർഡിനേഷൻ കമ്മിറ്റിയുടെ 10.02.2022-ലെ യോഗത്തിൽ ഇത് പരിഗണിക്കുകയും ഈ സെന്ററിന്റെ ഇപ്പോഴത്തെ അവസ്ഥ, സെന്ററിന്റെ നടത്തിപ്പ് ചുമതല ആർക്കാണ് തുടങ്ങിയ വിശദാംശം സഹിതം നൽകാൻ കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിക്കുകയും ചെയ്തിരുന്നു. അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ നൽകിയിട്ടുണ്ട്. കോർപ്പറേഷൻ മേയർ ചെയർപേഴ്സണും കോർപ്പറേഷൻ സെക്രട്ടറി സെക്രട്ടറിയുമായുള്ള ഡയറക്ടർ ബോർഡാണ് **HREDC** യെ നിയന്ത്രിക്കുന്നത്. ഈ സ്ഥാപനം വഴി ടെണ്ടർ കൂടാതെ ഡേറ്റാ എൻട്രി വർക്കുകൾ നടത്താൻ വീണ്ടും അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം :-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ അർബൻ ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) അർബൻ ഡയറക്ടർ<br>2)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്** |

**2.5 ഖണ്ഡിക 4.126**

**<u>എളവള്ളി ഗ്രാമപഞ്ചായത്ത്</u>**

**സർക്കാരിന്റെ 27.12.2022 ലെ DA1/552/2018/തസ്വഭവ നമ്പർ കത്തും പഞ്ചായത്ത് ഡയറക്ടറുടെ 13.12.2022 ലെ PAN/5088/20/J2(DP) നമ്പർ കത്തും എളവള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 26.09.2022 ലെ SC2/1784/22-ാാം നമ്പർ കത്തും (SRG /130/23, DA1/552/2018/തസ്വഭവ).**

**വിഷയം:-** വീട്ടു നിർമ്മിക്കുന്നതിന് ഭൂമി വാങ്ങിയ ഗുണഭോക്താവിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്

വീട്ടു വയ്ക്കുന്നതിന് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകാനുള്ള 2015-16 ലെ ഗുണഭോക്തൃ ലിസ്റ്റിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീമതി വിജയലക്ഷ്മി, തേർഹൗസ് എന്ന വ്യക്തി ഉൾപ്പെട്ടിരുന്നു. ശ്രീ ഗംഗാധരൻ എന്ന വ്യക്തിയുടെ 1.214 ആർ ഭൂമിയാണ് വാങ്ങിയത്. എന്നാൽ ഈ ഭൂമി ഡേറ്റ ബാങ്കിൽ ഉൾപ്പെട്ടതാണെന്നും 2010-ൽ നിയമ വിരുദ്ധമായി മണ്ണിട്ടു നികത്തിയാതണെന്നും കണ്ടെത്തിയിട്ടുണ്ട്. മണ്ണുനീക്കം ചെയ്ത് പൂർവ്വ സ്ഥിതിയിലാക്കണമെന്ന് തൃശ്ശൂർ RDO ഭൂഉടമസ്ഥനെ അറിയിച്ചിട്ടുണ്ട്. അതിനാൽ ഭൂമിയുടെ വില ഭൂഉടമയായ ശ്രീ.ഗംഗാധരന് ഗ്രാമപഞ്ചായത്തിൽ നിന്നു നൽകിയില്ല. എന്നാൽ ഗുണഭോക്താവായ ശ്രീമതി വിജയലക്ഷ്മി ഭൂഉടമയ്ക്ക് വില നൽകി. അതിനാൽ ധനസഹായം ശ്രീമതി വിജയലക്ഷ്മിക്ക് നൽകണമെന്നാണ് ഗുണഭോക്താവിന്റെ ആവശ്യം. ഇതിന്മേൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, റൂറൽ ഡയറക്ടർ എന്നിവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം സംബന്ധിച്ച്.

**തീരുമാനം:-** ഇതു സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ ബന്ധപ്പെട്ടെങ്കിലും വിശദാംശങ്ങൾ ലഭിച്ചില്ല. വീട്ടു നിർമ്മിക്കുന്നതിന് ഏതു പദ്ധതിയിൽപ്പെടുത്തിയാണ് ഭൂമി വാങ്ങി നൽകാൻ ഉദ്ദേശിച്ചിരുന്നത്, അന്ന് നിലനിന്നിരുന്ന നിരക്ക് എത്രയാണ്, ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ട സ്ഥലത്ത് വീട്ടു നിർമ്മാണം സാധ്യമാണോ തുടങ്ങിയ വിവരങ്ങൾ റൂറൽ ഡയറക്ടറുടെ കത്തിൽ ഇല്ല. ഇവ പരിഹരിച്ച് റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തി. ഇത് സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)റൂറൽ ഡയറക്ടർ<br>2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്** |

**3) <u>പൊതുവിഷയം</u>**

**(പിന്നീട് നൽകും)**

**4. പ്രത്യേക വിഷയം**

**===================**

**4.1 <u>കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ** 01.03.2013**ലെ കത്തും കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.08.2022-ലെ** II(4)**-ാം നമ്പർ തീരുമാനവും (SRG 423/23 CC -484/2022)**

**വിഷയം:-** കുടിവെള്ള പൈപ്പ്ലൈൻ സ്ഥാപിച്ചതിന്റെ ബിൽ തുക നൽകുന്നത് സംബന്ധിച്ച്

കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് 2019-20-ൽ എം.ഇ.എസ് കോളേജ് മുതൽ മൈലാംപാടം വരെ പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിന് പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. തനത് ഫണ്ട് ഉൾപ്പെടുത്തി 35,20,000 രൂപയുടെ പ്രോജക്ടാണ് ഏറ്റെടുത്തിരുന്നത് (പ്രോ.നം. 335/20). ഇത് ടെണ്ടർ ചെയ്ത് **Issac and Son ventures Pvt.Ltd. Eranakulam** എന്ന കമ്പനിയെയാണ് പ്രവൃത്തി

ഏൽപ്പിച്ചത്. ഈ റോഡിന്റെ രൂപരേഖ കിഫ്ബി തിരുത്തി അംഗീകരിക്കുന്നതു വരെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നത് നിർത്തിവയ്ക്കണമെന്ന് 12.03.2020-ന് പി.ഡബ്ല്യു.ഡി അറിയിച്ചു. പിന്നീട് 27.11.2020-നാണ് പ്രവർത്തനം തുടരാൻ അനുമതി ലഭിച്ചത്. തുടർന്ന് പൈപ്പ് ലൈൻ സ്ഥാപിച്ചു. ഈ വർക്കിന്റെ പാർട്ട് ബിൽ ആയി 15,17,000 രൂപ നൽകിയിട്ടുണ്ട്. മുകളിൽ പറഞ്ഞ റോഡ് പൊതുമരാമത്തിൽ നിന്ന് കിഫ്ബി ഏറ്റെടുത്തതിനുശേഷം റോഡിന്റെ അലൈമെന്റിൽ മാറ്റം വരുത്തുകയും അധികമായി എർത്ത് കട്ടിംഗ് വരുകയും ചെയ്തു. എർത്ത് കട്ടിംഗ് നടത്തിയപ്പോൾ പുതുതായി സ്ഥാപിച്ച പൈപ്പ് ലൈൻ തകർന്നുപോയി. കരാറുകാരൻ സ്ഥാപിച്ച പൈപ്പ് ലൈനിന്റെ ബാക്കി ബിൽ തുക നൽകുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.2 <u>അശോക് റബ്ബർ ഫാക്ടറി</u>**

**ചങ്ങനാശ്ശേരി അശോക് റബ്ബർ ഫാക്ടറി മാനേജരുടെ 12.09.2022 ലെ കത്തുകൾ (2 എണ്ണം) (SRG 144/22)**

**വിഷയം:-** കൃഷി ആവശ്യത്തിന് കണിക ജലസേചനം സംബന്ധിച്ച്.

പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗ്ഗരേഖയിൽ (28.05.2022 ലെ 115/2022/തസ്വഭവ) ഖണ്ഡിക 6.1.35 പ്രകാരം കണിക ജലസേചനത്തിന് സബ്സിഡി നൽകാൻ അനുമതിയുണ്ട്. 6.1.35 ഖണ്ഡിക പ്രകാരം ഒരു സെന്റ് വിസ്തൃതിയിൽ **Timer Main line 32 mm, Submain - Laterals 16 mm, emiters, grow bags 25** എണ്ണം എന്നിവയാണ് **drip irrigation** -ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ **drip irrigation** -ൽ **Pin connecter, Extension tube, 16mm pipe fittings** എന്നീ അനുബന്ധ സാമഗ്രികൾ കൂടി ഘടിപ്പിച്ചാൽ മാത്രമേ ഡ്രിപ് ഇറിഗേഷൻ ശരിയായ രീതിയിൽ പ്രവർത്തിക്കൂ എന്നറിയിച്ചുകൊണ്ട് ഇവ കൂടി 6.1.35-ാം ഖണ്ഡികയിൽ ചേർക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.3 <u>പള്ളിപ്പാട് ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.01.2023 ലെ കത്തും (SRG 209/23, CC**/959/22)

**വിഷയം:-** പ്ലസ് ടു വരെയുള്ള കുട്ടികൾക്ക് കരാട്ടെ പരിശീലനം നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 34/23*** | ***അടങ്കൽ*** | ***1,00,000/- രൂപ (വികസനഫണ്ട്)*** |
| ***പേര്*** | **ബാലസൗഹൃദ പഞ്ചായത്ത് രൂപീകരണം** | |

കുട്ടികൾക്ക് മെച്ചപ്പെട്ട ശാരീരിക മാനസിക ആരോഗ്യം ലക്ഷ്യമിട്ടാണ് ഗ്രാമപഞ്ചായത്ത് ബാലസൗഹൃദ പഞ്ചായത്ത് രൂപീകരണം എന്ന പ്രോജക്ട് ഏറ്റെടുത്തിരിക്കുന്നത്. പ്ലസ് ടു വരെയുള്ള കുട്ടികൾക്ക് കരാട്ടെ പരിശീലനമാണ് ഉദ്ദേശിക്കുന്നത്. തെരഞ്ഞെടുത്ത 195 വിദ്യാർഥി വിദ്യാർത്ഥിനികൾക്ക് ശ്രീ.വി. രാജേഷ് എന്ന ആൾ കാരാട്ടെ പരിശീലിപ്പിച്ചു. ഒരു കുട്ടിക്ക് പ്രതിമാസം 300 രൂപ നിരക്കിലോ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നിർദ്ദേശിച്ചിട്ടുള്ള പ്രതിമാസ വേതനമോ (കേരള സ്പോർട്സ് കൗൺസിലിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന

കരാട്ടെ പരിശീലകന് പ്രതിമാസം 23,565 രൂപയാണ് വേതനം) നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4.4 <u>**തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്**</u>

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.12.2022 ലെ കത്തും തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 1(3)-ാം നമ്പർ തീരുമാനവും (SRG 109/23)**

**വിഷയം:-** കൗമാരക്കാരായ പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 167/23* | *അടങ്കൽ* | *1,50,000 രൂപ (വികസനഫണ്ട് ജനറൽ)* |
| *പേര്* | *കൗമാരക്കാരായ പെൺകുട്ടികൾക്ക് സ്വയ രക്ഷയ്ക്ക് കരാട്ടെ പരിശീലനം നൽകൽ* | |

കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം നൽകുന്നതിന് പ്രോജക്ട ഏടുത്തിട്ടുണ്ട്. ഇതിനായി പരിശീലകരെ നിയോഗിക്കേണ്ടതുണ്ട്. കരാട്ടെ പരിശീലനം നൽകാൻ മാർഗ്ഗരേഖയിൽ അനുമതിയുണ്ടെങ്കിലും പരിശീലകന്റെ നിയമനം, നൽകാവുന്ന പ്രതിഫലം എത്രയാണ് എന്നതു സംബന്ധിച്ച് മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ല. അതിനാൽ ഇവർക്കു നൽകാവുന്ന പ്രതിഫലം എത്രയെന്ന് നിശ്ചയിച്ചു നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

4.5 <u>**കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ്**</u>

**കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനിൽ ചെയർമാന്റെ 24.01.2023 ലെ** KSCC/chmn 2022-**ാം നമ്പർ കത്ത് (SRG 302/23)**

**വിഷയം:-** കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ ഉല്പന്നങ്ങൾ വാങ്ങുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ വിവിധതരം മെത്തകളും കയർ ഉല്പന്നങ്ങളും നിർമ്മിക്കുന്നുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങൾ, ആശുപത്രികൾ, ഹോസ്പിറ്റലുകൾ, ബഡ്സ് സ്കൂളുകൾ, അങ്കണവാടികൾ തുടങ്ങിയ സ്ഥാപനങ്ങളിലേക്ക് ഇത്തരം ഉല്പന്നങ്ങൾ ആവശ്യമായി വരും. തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ആവശ്യമായ ഇത്തരം ഉല്പന്നങ്ങൾ നൽകുന്ന അംഗീകൃത ഏജൻസിയായി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനെ അംഗീകരിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

4.6 <u>**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസ്**</u>

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.01.2023 ലെ കത്തുകളും (രണ്ടെണ്ണം) പെരിന്തൽ മണ്ണ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ 20.10.2022 ലെ 4/22-ാം നമ്പർ കത്തും (SRG 164/23, CC/10/23, CC/11/23)**

**വിഷയം:-** കൃഷി വികസനം – പച്ചിലവളത്തിനു സബ്സിഡി നൽകുന്നത് സംബന്ധിച്ച്

പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി – ധന സഹായ മാർഗ്ഗരേഖ (28.05.2022 ലെ 115/2022/തസ്വഭവ നമ്പർ) ഖണ്ഡിക 3.3 ക്രമ നമ്പർ 1 പ്രകാരം ജില്ലാതലത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കാനുള്ള ലിസ്റ്റിൽ പച്ചിലവളം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സബ്സിഡി നൽകാനുള്ള

ഇനത്തിൽ പച്ചിലവളം ഉൾപ്പെടുത്തിയിട്ടില്ല. സബ്സിഡി നൽകാനുള്ള ലിസ്റ്റിൽ പച്ചിലവളം ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

4.7 <u>കൊല്ലം കോർപ്പറേഷൻ</u>

**കൊല്ലം കോർപ്പറേഷൻ മേയറുടെ 05.12.2022,14.02.2022 എന്നീ തീയതികളിലെ Kud/25924/ 21-ാം നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.08.2022-ലെ (ഖണ്ഡിക 4.34) യോഗ തീരുമാനം (SRG/46/23)**

കൊല്ലം കോർപ്പറേഷനിലെ താമരക്കുളം ഡിവഷനിലെ താമരക്കുളം വൃത്തിയാക്കുന്നതിന് കഴിഞ്ഞ 2 വർഷമായി പദ്ധതിയിൽ ഉൾപ്പെടുത്തുകയും കരാർ നൽകിയിട്ടുള്ളതുമാണ്. എന്നാൽ ഈ കുളത്തിന്റെ സമീപത്തായി 4 കുടുംബങ്ങൾ (ശ്രീമതി.സുബൈദ, ശ്രീമതി. നസീമ, ശ്രീമതി.ഷെരീഫാ. ശ്രീമതി തനുജ എന്നിവർ) ഷീറ്റ് മേഞ്ഞ ഒറ്റമുറി വീട്ടിൽ കുടുംബമായി താമസിക്കുന്നുണ്ട്. ഇവരുടെ ടോയിലറ്റ് മാലിന്യങ്ങളും മറ്റും ഈ കുളത്തിൽ നിക്ഷേപിക്കുകയും അതിനാൽ പകർച്ചവ്യാധി അടക്കം ഉണ്ടാകാനുള്ള സാഹചര്യവുമുണ്ട്. ഈ പ്രദേശത്ത് കോർപ്പറേഷൻ ഒരു ബൃഹത് പ്രോജക്ടിന് ഡി.പി.ആർ. തയ്യാറാക്കിയിട്ടുള്ളതാണ്. ഇതിന്റെ ഭാഗമായി 4 കുടുംബങ്ങളെയും പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി ഒരു കുടുംബത്തിന് 2 സെന്റ് സ്ഥലവും 60 ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണവുമുള്ള വീട് വാങ്ങി പുനരധിവസിപ്പിക്കുന്നതിന് 10 ലക്ഷം രൂപ വീതം നൽകുന്നതിനും ആകെ 40 ലക്ഷം രൂപ പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഇത് കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.08.2022-ലെ യോഗം പരിഗണിച്ചു. ഈ കുടുംബങ്ങൾക്ക് ലൈഫ്/പി.എം.എ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനം നൽകുന്നതിന് യോഗം നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ നിർദ്ദേശം പ്രായോഗികമായി ബുദ്ധിമുട്ടുണ്ടാക്കുന്നു. എന്ന് കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്. കൊല്ലം കോർപ്പറേഷന്റെ വികസന പ്രവർത്തനങ്ങൾക്കായി നിലവിൽ ഈ കുടുംബങ്ങൾ അധിവസിക്കുന്ന പ്രദേശം ഏറ്റെടുക്കേണ്ടി വരുന്നതിനാൽ കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിക്കുന്ന രീതിക്കു പകരം ഈ കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ വീതം നൽകി രണ്ട് സെന്റ് സ്ഥലത്തോടെ കോൺക്രീറ്റ് വീട് നൽകുന്ന പ്രത്യേക പാക്കേജായി പുനരധിവസിപ്പിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു

4.8 <u>ആലപ്പുഴ ജില്ലാ പഞ്ചായത്ത്</u>

**ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 17.11.2022-ലെ pl-5110/22-ലെ കത്ത് (SRG 42/23**

**വിഷയം:-** കർഷകരുടെ കൈവശമുള്ള നെൽവിത്തു വാങ്ങുന്നതിന് സബ്സിഡി നൽകുന്നത് സംബന്ധിച്ച്

പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി -ധനസഹായ മാർഗ്ഗരേഖ പ്രകാരം നെൽവിത്തിനു സബ്സിഡി നൽകാം. കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള, വിവിധ പദ്ധതികളിൽ സ്ഥാപിച്ചിട്ടുള്ള നേഴ്സറികൾ, സീഡ് മൾട്ടിപ്ലിക്കേഷൻ യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്നും വാങ്ങാവുന്ന വിത്തുകൾക്കാണ് സബ്സിഡി നൽകാവുന്നത്. എന്നാൽ പല കർഷകരുടെയും കൈവശം അവർ തന്നെ ഉല്പാദിപ്പിക്കുന്ന അത്യുല്പാദനശേഷിയുള്ള വിത്തുകൾ ഉണ്ട്. ഈ സാഹചര്യത്തിൽ കർഷകരുടെ സ്വന്തം

ഉപയോഗത്തിന് കൈവശമുള്ള നെൽ വിത്ത് ഉപയോഗിച്ചാലും നെൽവിത്ത് അധികമുള്ള കർഷകരുടെ കൈയ്യിൽ നിന്ന് വാങ്ങി ഉപയോഗിച്ചാലും ഗുണമേന്മ ഉണ്ടെങ്കിൽ അനുവദനീയമായ സബ്സിഡി നൽകാൻ അനുമതി നൽകണമെന്നും ഇത് മാർഗ്ഗരേഖയിൽ കൂട്ടിച്ചേർക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

**4.9 <u>കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ</u>**

**കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 31.01.2023-ലെ KSWDC/P5/SHEPAD/2021-22/306-ാം നമ്പർ കത്ത് (SRG 267/23)**

**വിഷയം:-** സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളിൽ നടപ്പാക്കുന്ന ഷീപാഡ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നത് സംബന്ധിച്ച്

കേരള സംസ്ഥാന വിനിതാ വികസന കോർപ്പറേഷനും തദ്ദേശഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് സർക്കാർ/എയിഡഡ് സ്കൂളുകളിലെ കൗമാരക്കായ പെൺകുട്ടികളുടെ ആരോഗ്യ പരിരക്ഷയും ശുചിത്വവും മുൻ നിർത്തി സാനിട്ടറി നാപ്കിൻ, അവ സൂക്ഷിക്കുന്നതിനുള്ള അലമാര, ഉപയോഗിച്ച നാപ്കിൻ പ്രകൃതിക്ക് ദോഷമല്ലാത്ത രീതിയിൽ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ഡിസ്പ്പോയർ എന്നിവ സൗജന്യമായി നൽകുന്ന 'ഷീ പാഡ് പദ്ധതി' സ്കൂളുകളിൽ നടത്തുന്നുണ്ട്. ഷീപാഡ് പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്.

1. സ്കൂളുകളിൽ സാനിറ്ററി നാപ്കിനുകൾ ലഭ്യമല്ലായെന്ന് സ്കൂൾ അധികാരികൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ അറിയിക്കുന്നുണ്ടെങ്കിലും അവരുടെ വനിതാ ഘടക പദ്ധതിയിൽ ഷീ പാഡ് പദ്ധതി ഉൾപ്പെടുത്താൻ വിമുഖത കാണിക്കുന്നു.
2. ഷീപാഡ് പോലുള്ള സമഗ്രമായ പദ്ധതി നിലവിലുള്ളപ്പോൾ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നാപ്കിൻ ഡിസ്പ്പോയർ/നാപ്കിൻ വെന്റിംഗ് മെഷീൻ എന്നിവയ്ക്കായി മാത്രം ഫണ്ട് വകയിരുത്തി ചുമതല ചില സ്വകാര്യ ഏജൻസികൾക്ക് നൽകുന്നു. ഈ ഏജൻസികൾ നൽകുന്ന സാനിട്ടറി പാഡുകൾ ഗുണമേന്മ, ഫാർമസ്യൂട്ടിക്കൽ സ്പെസിഫിക്കേഷൻ, നിർദ്ദിഷ്ട വലിപ്പം എന്നിങ്ങനെയുള്ള മാനദണ്ഡങ്ങൾ പാലിച്ചുള്ളവയല്ല. ഒപ്പം വെന്റിംഗ് മെഷീൻ, ഡിസ്പ്പോയർ എന്നിവയുടെ മെയിന്റനൻസ് നടക്കുന്നില്ല, വിദ്യാർത്ഥികൾക്ക് അവബോധ ക്ലാസ്സ് നൽകുന്നില്ല തുടങ്ങിയ പ്രശ്നങ്ങൾ നിലനിൽക്കുന്നുവെന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചിരിക്കുന്നു. കൂടാതെ സാധന സാമഗ്രികൾ GEM പോർട്ടിൽ വഴി വാങ്ങണമെന്നത് ഷീപാഡ് പദ്ധതിയുടെ നടത്തിപ്പിനെ ബാധിക്കുന്നു. GEM പോർട്ടൽ വഴി വാങ്ങുന്നവയ്ക്ക് മെയിന്റനൻസ് ലഭ്യമാകുന്നില്ല എന്നും ചൂണ്ടിക്കാണിച്ചിരിക്കുന്നു. വിദ്യാർത്ഥിനികളുടെ ശുചിത്വ പരിപാലനം എന്നത് ഒരു മെഷിൻ വാങ്ങി സ്ഥാപിക്കുന്നതു മാത്രമല്ല എന്ന അടിസ്ഥാന തത്വം ഉൾക്കൊണ്ട് വേണം ഷീപാഡ് പദ്ധതി നടപ്പാക്കേണ്ടതെന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകിയിരിക്കുന്നു.
   (i) സംസ്ഥാനത്തെ കൗമാരക്കാരായ പെൺകുട്ടികളുടെ ആരോഗ്യ പരിരക്ഷയും, ശുചിത്വവും മുൻനിർത്തി നടപ്പിലാക്കുന്ന ഷീപാഡ് പദ്ധതി തദ്ദേശസ്വയംഭരണ

വകുപ്പിന്റെ പദ്ധതി മാർഗ്ഗരേഖയിൽ മുടക്കം കൂടാതെ നടത്തേണ്ട പദ്ധതികളുടെ പട്ടികയിൽ ഉൾപ്പെടുത്തണം.

**(ii)** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലെ എല്ലാ സർക്കാർ/എയിഡഡ് സ്കൂളുകളിലും ഷീ പാഡ് പദ്ധതി നടപ്പിലാക്കുന്നതിന് ഓരോ സാമ്പത്തിക വർഷത്തിന്റേയും ആരംഭത്തിൽ തന്നെ കേന്ദ്രീകൃത ഓർഡർ തദ്ദേശസ്വയംഭരണ വകുപ്പ് വനിതാ വികസന കോർപ്പറേഷനെ ഏൽപ്പിക്കണം.

4.10 **<u>കുടുംബശ്രീ</u>**

**കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 13.03.2023 ലെ കത്ത് (SRG 648/23)**

**വിഷയം:-** ബഡ്സ് സ്കൂളുകൾക്ക് വാഹനം വാങ്ങി നൽകുന്നതു സംബന്ധിച്ച്

കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിത മേഖലകളായ പുല്ലൂർ - പെരിയ, കുമ്പഡജെ, ബെള്ളൂർ, എൻമകജെ എന്നീ ബഡ്സ് സ്കൂളുകൾക്ക് വാഹനം വാങ്ങി നൽകാൻ കുടുംബശ്രീ ഉദ്ദേശിക്കുന്നു. വാഹനം വാങ്ങി നൽകാവുന്നത് രജിസ്റ്റർ ചെയ്ത ബഡ്സ് സ്കൂളുകൾക്കാണ്. സാമൂഹ്യനീതി വകുപ്പിൽ നിന്ന് രജിസ്ട്രേഷൻ ലഭിക്കണമെങ്കിൽ 20 കുട്ടികൾ വേണമെന്നുണ്ട്. വിവിധ ബഡ്സ് സ്കൂളുകൾക്ക് ആവശ്യാനുസരണം വാഹനം വാങ്ങി നൽകാൻ കുടുംബശ്രീക്ക് അനുമതി നൽകിയിട്ടുണ്ട്. വാഹനം വാങ്ങി നൽകിയാൽ പുല്ലൂർ - പെരിയ, കുമ്പഡജെ, ബെള്ളൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ ഡ്രൈവറുടെ വേതനമടക്കമുള്ള ആവർത്തന ചെലവ് വഹിക്കാമെന്നറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ എൻഡോസൾഫാൻ ബാധിത മേഖലയിലെ മുകളിൽ പറഞ്ഞ ബഡ്സ് സ്കൂളുകൾ നിലവിലെ മാനദണ്ഡത്തിൽ ഇളവു നൽകി വാഹനം വാങ്ങി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഒപ്പം വാഹനത്തിന്റെ ആവർത്തന ചെലവ് അതതു ഗ്രാമപഞ്ചായത്ത് വഹിക്കാനും അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

**4.11 <u>ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.02.2023 ലെ കത്തും അനുബന്ധരേഖകളും (SRG/ 382/2023 - CC/109/23)**

**വിഷയം:-** ആയുഷ് ഹോളിസ്റ്റിക് സെന്ററിലെ അറ്റൻഡർക്ക് വേതനം വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച്.

മലപ്പുറം ജില്ലയിലെ ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്തിൽ ആയുഷ് ഹോളോസ്റ്റിക് സെന്ററിൽ 2016 സെപ്റ്റംബർ മുതൽ മൂന്നുപേർ അറ്റൻഡർ തസ്തികയിൽ ജോലി ചെയ്തു വരുന്നുണ്ട്. ഇവർക്ക് പ്രതിമാസം 6000 രൂപ വീതമാണ് നൽകുന്നത്. 11.02.2021 ലെ 29/2021/ധന ഉത്തരവു പ്രകാരമുള്ള ദിവസവേതനം / കരാർ ജീവനക്കാരുടെ വേതനം ഇവർക്ക് അനുവദിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അതിനാൽ 10000 രൂപയായിട്ടെങ്കിലും വേതനം വർദ്ധിപ്പിച്ചു നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

#### 4.12 <u>ആംബുലൻസുകളുടെ പ്രവർത്തനം</u>

**ബഹു. ആലപ്പുഴ എം.പിയുടെ 23.11.2022 ലെ ALP/MP/875/2022-ാം നമ്പർ കത്തും തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03.11.2022 ലെ കത്തും** (SRG/ **1388/2022, 1284/22)**

**വിഷയം:-** ആരോഗ്യസ്ഥാപനങ്ങളിലെ ആംബുലൻസുകളുടെ ആവർത്തന ചെലവ് നൽകുന്നതു സംബന്ധിച്ച്.

സംസ്ഥാനത്ത് MPLAD, MLASDF സ്കീമിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങൾ, താലൂക്കാശുപത്രികൾ തുടങ്ങിയ ആരോഗ്യസ്ഥാപനങ്ങൾക്ക് ആംബുലൻസുകൾ വാങ്ങി നൽകിയിട്ടുണ്ട്. ബഹു. ആലപ്പുഴ എം.പി 10 ആംബുലൻസുകൾ MPLAD സ്കീമിൽ നൽകിയിട്ടുണ്ട്. ഈ അംബുലൻസുകൾ ജില്ലാ മെഡിക്കൽ ഓഫീസർ അടക്കമുള്ള ആരോഗ്യ വകുപ്പുമേധാവികളുടെ പേരിലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നതെങ്കിലും ആംബുലൻസുകളുടെ തുടർചെലവുകൾ HMC കൾ ആണ് വഹിക്കേണ്ടത്. എന്നാൽ HMCയുടെ വരുമാനത്തിൽ നിന്ന് ഡ്രൈവറുടെ വേതനം, ഇന്ധനചെലവ് തുടങ്ങിയവ കണ്ടെത്താൻ ബുദ്ധിമുട്ടാണ്. ഈ ആംബുലൻസുകൾ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ ആരോഗ്യ സ്ഥാപനങ്ങൾക്കാണ് എന്നതിനാൽ ഇതിന്റെ ആവർത്തന ചെലവ് അതത് തദ്ദേശഭരണസ്ഥാപനങ്ങളുടെ നോൺ പ്ലാൻ, തനതുഫണ്ടിൽ നിന്ന് ചെലവഴിക്കാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

#### 4.13 <u>ചേലേമ്പ്ര ഗ്രാമപഞ്ചായത്ത്</u>

**ബഹു.വള്ളിക്കുന്ന് എം.എൽ.എയുടെ 01.02.2023 ലെ 16/വള്ളിക്കുന്ന്/2023-ാം നമ്പർ കത്തും ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 01.02.2023 ലെ കത്തും (SRG/432/23).**

**വിഷയം:-** ചേലേമ്പ്ര യുനാനി ഡിസ്പൻസറിയിൽ ഫാർമസിസ്റ്റിനെ നിയമിക്കുന്നത് സംബന്ധിച്ച്.

ചേലേമ്പ്ര ഗ്രാമപഞ്ചായത്തിലെ യുനാനി ഡിസ്പൻസറി 2020 മുതൽ പ്രവർത്തനം തുടങ്ങിയതാണ്. ഒരു ഡോക്ടർ മാത്രമാണ് ഇവിടെയുള്ളത്. 250 രോഗികൾ ദിനം പ്രതി ഇവിടെ എത്തുന്നുണ്ട് എന്നറിയിച്ചിരിക്കുന്നു. ഇവിടേയ്ക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും ഒരു ഫാർമസിസിറ്റിനെ നിയമിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

#### 4.14 <u>ചേലേമ്പ്ര ഗ്രാമപഞ്ചായത്ത്</u>

**ബഹു.വള്ളിക്കുന്ന് എം.എൽ.എയുടെ 01.02.2023 ലെ 17/വള്ളിക്കുന്ന്/23-ാം നമ്പർ കത്തും ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 01.02.2023 ലെ കത്തും ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 13.12.2021 ലെ** A1-5376/21-**ാം നമ്പർ കത്തും (SRG/430/23).**

**വിഷയം:-** ചേലേമ്പ്ര ആയുർവേദാശുപത്രിയിലെ തെറാപ്പിസ്റ്റിന് വേതനം നൽകിയതിന് സാധൂകരണവും തുടർന്നും തെറാപ്പിസ്റ്റിനെ നിയമിക്കാൻ അനുമതിയും സംബന്ധിച്ച്.

ചേലേമ്പ്ര ഗ്രാമപഞ്ചായത്തിലെ ചേലേമ്പ്ര ഗവ.ആയുർവേദ ആശുപത്രിയിൽ പഞ്ചകർമ്മ ചികിത്സയുടെ ഭാഗമായി 2019-20, 2020-21 വർഷങ്ങളിൽ ഫിസിയോ തെറാപ്പിസ്റ്റിനെ ഗ്രാമപഞ്ചായത്ത് നിയമിക്കുകയും വേതനത്തിനായി തനതുഫണ്ടിനത്തിൽ തുക ചെലവഴിക്കുകയും ചെയ്തിരുന്നു. തുടർന്ന് 2019-20 ലും 2020-21 ലും സംസ്ഥാന ഓഡിറ്റ് വിഭാഗം

നടത്തിയ പരിശോധനയിൽ ഓഡിറ്റ് കുറിപ്പെഴുതുകയും ചെയ്തിട്ടുണ്ട്. 2019-20, 2020-21 വർഷം തെറാപ്പിസ്റ്റിനു വേതനം നൽകിയതിന് സാധൂകരണം നൽകണമെന്നും തുടർന്നും ഫിസിയോ തെറാപ്പിസ്റ്റിനെ നിയമിക്കാൻ അനുമതി നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

4.15 **<u>കുഴൂർ ഗ്രാമപഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.02.2023 ലെ കത്തും കുഴൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.01.2023 ലെ 2(7)-ാം നമ്പർ തീരുമാനവും (SRG 443/23 - CC/112/2023)**

**വിഷയം:-** കുടുംബാരോഗ്യ കേന്ദ്രത്തിലെ ആംബുലൻസിന്റെ ആവർത്തന ചെലവ് നൽകുന്നത് സംബന്ധിച്ച്

കുഴൂർ ഗ്രാമപഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് **MPLAD** പദ്ധതി പ്രകാരം ആംബുലൻസ് ലഭിച്ചിട്ടുണ്ട്. കുറഞ്ഞ നിരക്കിലാണ് ആംബുലൻസ് സർവ്വീസ് നടത്തുന്നത്. ഡ്രൈവറുടെ വേതനമടക്കമുള്ള ആവർത്തന ചെലവ് വഹിക്കാൻ എച്ച്.എം.സിക്ക് കഴിയുന്നില്ല. അതിനാൽ ആംബുലൻസിന്റെ ആവർത്തന ചെലവിന് ഗ്രാമപഞ്ചായത്തിൽ നിന്ന് തനതുഫണ്ടുപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. കഴിഞ്ഞവർഷം 1.50 ലക്ഷം രൂപ തനതുഫണ്ടു വകയിരുത്തി ഗ്രാമപഞ്ചായത്ത് പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു.

4.16 **<u>മലപ്പുറം ജില്ലാ പഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.03.2023 ലെ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 25.01.2023 ലെ 1(5)-ാം നമ്പർ തീരുമാനവും പെരിന്തൽമണ്ണ ജില്ലാ ആശുപത്രി സൂപ്രണ്ടിന്റെ 11.01.2023 ലെ** A1-5725/2022-**ാം നമ്പർ കത്തും അനുബന്ധ രേഖകളും (SRG** 512/23 **- CC/164/2023)**

**വിഷയം:-** ക്യാൻസർ പരിശോധനാ ക്യാമ്പ് നടത്തിയതിന്റെ ചെലവ് നൽകുന്നത് സംബന്ധിച്ച്.

i. പെരിന്തൽമണ്ണ ജില്ലാ ആശുപത്രി മുഖേന കഴിഞ്ഞവർഷം ജില്ലാ പഞ്ചായത്ത് ക്യാൻസർ പരിശോധനാ ക്യാമ്പിന് പ്രോജക്ട് ഏറ്റെടുത്തിരുന്നു. (പ്രോജക്ട് നം. 566/23- അടങ്കൽ 3.00 ലക്ഷം രൂപ- വികസനഫണ്ട്). ഇതുമായി ബന്ധപ്പെട്ട് 53 പേർക്ക് സ്തനാർബുദം കണ്ടെത്തുന്നതിനുള്ള മാമോഗ്രാം പരിശോധനയും 50 പേർക്ക് പാപ്സ്മിയർ പരിശോധനയും നടത്തി. പെരിന്തൽമണ്ണ ആശുപത്രിയിൽ ഇത്തരം ടെസ്റ്റിനുള്ള സൗകര്യമില്ലാത്തതിനാൽ സമീപത്തുള്ള ലാബുകളിൽ നിന്ന് ക്വട്ടേഷൻ ക്ഷണിച്ചാണ് പരിശോധന നടത്തിയത്. ഇതിനായി 26,380 രൂപ ചെലവ് വന്നിട്ടുണ്ട്. ഈ തുക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

ii. ഇതോടൊപ്പം താഴെ പറയുന്ന കാര്യങ്ങളിൽ വ്യക്തത വരുത്തണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

എ) പദ്ധതി മാർഗ്ഗരേഖയിൽ ക്യാൻസർ പരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതു സംബന്ധിച്ച് പരാമർശമുണ്ടെങ്കിലും രോഗ നിർണ്ണയ ടെസ്റ്റുകൾ ഏതൊക്കെ

വ്യക്തികൾക്ക് നടത്താം, ചികിത്സാ നിർണ്ണയം, തുടർ ചികിത്സ തുടങ്ങിയവയ്ക്ക് സ്വീകരിക്കേണ്ട മാനദണ്ഡം എന്നിവയിൽ വ്യക്തത വരുത്തണം.

ബി) ക്യാമ്പുകൾ ഗ്രാമപഞ്ചായത്തുതലത്തിൽ സംഘടിപ്പിക്കുന്നതോടൊപ്പം തദ്ദേശഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ ജില്ല, താലൂക്കാശുപത്രികളിൽ സ്ഥിരം സംവിധാനമായി ക്യാമ്പ് നടത്തുന്നതിന് അനുമതി.

**4.17 <u>മൊബൈൽ വെറ്ററിനറി സർവ്വീസ്</u>**

**സർക്കാരിന്റെ 01.03.2023 ലെ DA1/93/2023/തസ്വഭവ നമ്പർ കത്തും, ഗ്രാമവികസന വകുപ്പ് കമ്മീഷണറുടെ 17.02.2023 ലെ DP5/1357/22/CRD നമ്പർ കത്തും, കേരള വെറ്ററിനേറിയൻ സർവ്വീസ് അസ്സോസിയേഷൻ പ്രസിഡന്റിന്റെ 27.07.2021 ലെ കത്തും, KGOA സംസ്ഥാന കമ്മിറ്റി ജനറൽ സെക്രട്ടറിയുടെ 20.04.2021 ലെ കത്തും (SRG 494/2023).**

**വിഷയം:-** മൊബൈൽ വെറ്ററിനറി സർവ്വീസ് തുടങ്ങുന്നതു സംബന്ധിച്ച്.

പശുക്കളേയും മറ്റു വളർത്തുമൃഗങ്ങളേയും വീട്ടിൽ ചെന്ന് ചികിത്സ ഉറപ്പാക്കുന്നതിന് സഞ്ചരിക്കുന്ന മൃഗാശുപത്രി എല്ലാ ബ്ലോക്കു തലത്തിലും ആരംഭിക്കുന്നതിനുള്ള നിർദ്ദേശമാണ് കത്തിലുള്ളത്. പനമരം ബ്ലോക്ക് പഞ്ചായത്ത് 2019 -20 മുതൽ സഞ്ചരിക്കുന്ന മൃഗാശുപത്രി എന്ന പേരിൽ ഈ സേവനത്തിനായി പ്രോജക്റ്റ് നടപ്പാക്കുന്നുണ്ട്. ഇതേ രീതിയിൽ എല്ലാ ബ്ലോക്കടിസ്ഥാനത്തിലും സഞ്ചരിക്കുന്ന മൃഗാശുപത്രി തുടങ്ങണമെന്നും അതിനായി ഓരോ ബ്ലോക്കു പഞ്ചായത്തും ഓരോ വർഷവും 7.50 ലക്ഷം രൂപ മാറ്റിവയ്ക്കണമെന്നും ആവശ്യമെങ്കിൽ ഗ്രാമപഞ്ചായത്തുകൾ 1.00 ലക്ഷം രൂപ വീതം വകയിരുത്തണമെന്നുമാണ് ആവശ്യം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഡോക്ടർമാരെ നിയമിക്കാനാണ് ഉദ്ദേശിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തിലെ സീനിയർ വെറ്ററിനറി സർജന്റെ ചുമതലയിലാണ് പ്രോജക്റ്റ് നടപ്പാക്കാൻ ലക്ഷ്യമിടുന്നത്. ഇതുൾപ്പെടുത്തി മാർഗ്ഗരേഖ പരിഷ്കരിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.18 <u>മലപ്പുറം ജില്ലാ പഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പഞ്ചായത്തു പ്രസിഡന്റിന്റെ 10.04.2023 ലെ** DPMPM /P6-31/23-ാം **നമ്പർ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 04.04.2023 ലെ 8(1)-ാം നമ്പർ തീരുമാനവും (SRG 645/23)**

**വിഷയം:-** പാലിനു സബ്സിഡി നൽകുന്നതു സംബന്ധിച്ച്

കഴിഞ്ഞവർഷം (2022-23) പാലിന് സബ്സിഡി നൽകുന്നതിന് ഗ്രാമപഞ്ചായത്തിനു വിഹിതം നൽകാൻ 76,21,500 രൂപ വകയിരുത്തി പ്രോജക്റ്റ് തയ്യാറാക്കിയിരുന്നു (വികസനഫണ്ട് - ജനറൽ പ്രോ.നം. 1075/23). എന്നാൽ 2023 മാർച്ച് ആദ്യം പ്രോജക്റ്റ് ഭേദഗതി സമയത്ത് ഇതിന്റെ അടങ്കൽ 49,28,692 രൂപയായി കുറവു ചെയ്തു. ഇതേ സമയത്ത് 1,14,966 രൂപയുടെ ബിൽ ട്രഷറിയിൽ ഉണ്ടായിരുന്നു. ഈ ബിൽ പാസ്സാവുകയും ചെയ്തു. ഫലത്തിൽ പ്രോജക്റ്റ് അടങ്കൽ തുകയേക്കാൾ 1,14,966 രൂപ അധികമായി ചെലവഴിച്ചു. സാങ്കേതികമായി സംഭവിച്ച ഈ പിഴവ് പരിഹരിക്കുന്നതിനായി അധികമായി ചെലവഴിച്ച തുകയ്ക്ക് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു. ഒപ്പം വിവിധ ഗ്രാമപഞ്ചായത്തുകൾ അധികമായി 7,28,661 രൂപ കൂടി കഴിഞ്ഞവർഷത്തെ പാൽ സബ്സിഡി നൽകാനായി നൽകണമെന്ന് ജില്ലാ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

4.19 <u>കേരള സാമൂഹ്യ സെക്യൂരിറ്റി മിഷൻ</u>

**കേരള സാമൂഹ്യസുരക്ഷാമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 25.02.2023 ലെ KSSM/4103/2021-Pa നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 10.02.2022 ലെ യോഗ തീരുമാനവും അനുബന്ധരേഖകളും (SRG/621/23 - LSGD - FM2/27/2023-LSGD).**

**വിഷയം:-** കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് വിഹിതം നൽകുന്നതു സംബന്ധിച്ച്

കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ (KSSM) ആരോഗ്യചികിത്സാരംഗത്ത് ധനസഹായമടക്കം വിവിധ പരിപാടികൾ നടപ്പാക്കുന്നുണ്ട്. ഈ പദ്ധതി പ്രകാരം അർഹരായ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിന് ബഡ്ജറ്റ് പ്രകാരമുള്ള തുക അപര്യാപ്തമാണ്. 2013 ലെ 1209/2013/തസ്വഭവ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ, ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റികൾക്ക് 10 ലക്ഷം രൂപ, ജില്ലാ പഞ്ചായത്ത് / കോർപ്പറേഷനുകൾക്ക് 25.ലക്ഷം രൂപ എന്നീ നിരക്കിൽ ഓരോ വർഷവും KSSM ന് സംഭാവനയായി നൽകാൻ യഥേഷ്ടാനുമതി നൽകിയിരുന്നു. 2013 ലെ ഈ ഉത്തരവ് പുതുക്കി തുടർന്നും ഈ നിരക്കിൽ തന്നെ തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് വിഹിതം KSSM ന് സംഭാവനയായി നൽകുവാൻ നിർദ്ദേശം നൽകണമെന്നും KSSM എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. 10.02.2023 ലെ കോഓർഡിനേഷൻ കമ്മിറ്റി ഈ ആവശ്യം പരിശോധിക്കുകയും താഴെ പറയുന്ന വ്യവസ്ഥയോടെ യഥേഷ്ടാനുമതി നൽകുകയും ചെയ്തു.

1) ധനസഹായം സ്വീകരിക്കുന്ന രോഗികളുള്ള നഗരസഭകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും രോഗികളുടെ എണ്ണത്തിന്റേയും ആവശ്യത്തിന്റേയും അടിസ്ഥാനത്തിൽ KSSM ന് തുക നൽകാവുന്നതാണ്.
2) തദ്ദേശഭരണസ്ഥാപനങ്ങൾ നൽകുന്ന വിഹിതം അതതു തദ്ദേശഭരണസ്ഥാപനങ്ങളിലെ രോഗികൾക്ക് കിട്ടുന്നുണ്ട് എന്നുറപ്പുവരുത്തണം.

കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.07.2022 ലെ യോഗതീരുമാനം (ഖണ്ഡിക 4.13) പ്രകാരം മുകളിൽ പറഞ്ഞ രണ്ടു നിബന്ധനകളും ഒഴിവാക്കുകയും ഇതനുസരിച്ച് സർക്കാർ ഉത്തരവ് നൽകുകയും ചെയ്തു.

ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16.08.2022 ൽ കൂടിയ വികെയർ പദ്ധതി / റെയർ ഡിസീസ് അവലോകന യോഗത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾ വികെയർ പദ്ധതിക്ക് നൽകി വന്നിരുന്ന ധനസഹായം പുനഃസ്ഥാപിക്കണമെന്ന് തീരുമാനിച്ചതായും ഈ തീരുമാനം നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തിയതായും KSSM എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ഇതനുസരിച്ച് 06.05.2013 ലെ 1209/2013/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള തുക KSSM ന് നൽകാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.20 <u>മടിക്കൈ ഗ്രാമപഞ്ചായത്ത്</u>**

**<u>മടിക്കൈ ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ 06.01.2023 ലെ കത്ത്</u> (SRG/475/2023)**

**വിഷയം:-** ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പിന്റെ കുടിശ്ശിക നൽകുന്നതു സംബന്ധിച്ച്.

ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് 2021-22 വർഷം പ്രോജക്ടു എടുത്തിരുന്നു. ഇതിനായി 91,400 രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ചിരുന്നു. നിർവ്വഹണ ഉദ്യോഗസ്ഥനായ ICDS സൂപ്പർവൈസർക്ക് തിരക്കുണ്ടായിരുന്നതിനാൽ യഥാസമയം ബിൽ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിച്ചില്ല. അതിനാൽ ഈ തുക സർക്കാർ തിരികെയെടുത്തു. ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട തുക നൽകാൻ കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ ഈ തുക സർക്കാരിൽ നിന്നു പ്രത്യേകമായി അനുവദിക്കുകയോ ഗ്രാമപഞ്ചായത്തിൽ നിന്നു തുക നൽകുന്നതിന് അനുമതി നൽകുകയോ ചെയ്യണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.21 <u>ഉദുമ ഗ്രാമപഞ്ചായത്ത്</u>**

**കാസറഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.02.2023-ലെ കത്ത് (SRG 378/23 CC - 2/23)**

**വിഷയം:-** ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം നൽകുന്നത് സംബന്ധിച്ച്

കഴിഞ്ഞ വർഷം ഭിന്നശേഷി വിഭാഗക്കാർക്ക് മുച്ചക്ര വാഹനം നൽകുന്നതിന് 6,82,500 രൂപ വകയിരുത്തി (വികസനഫണ്ട് ജനറൽ) പ്രോജക്റ്റ് തയ്യാറാക്കിയിരുന്നു. 2021-22 വർഷം മുച്ചക്ര വാഹനം നൽകാനായി 12 പേരുടെ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുകയും 6 പേർക്ക് മുച്ചക്ര വാഹനം വാങ്ങി നൽകുകയും ചെയ്തിരുന്നു. മാർഗരേഖ പ്രകാരം ഈ പ്രോജക്റ്റ് നടപ്പാക്കാവുന്നത് ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ്. എന്നാൽ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തോ കാസർഗോഡ് ജില്ലാ പഞ്ചായത്തോ 2022-23-ൽ ഇതിനായി പ്രോജക്റ്റ് തയ്യാറാക്കിയിരുന്നില്ല. അതിനാൽ ഗ്രാമപഞ്ചായത്ത് കെൽട്രോണിൽ നിന്ന് ഇൻവോയ്സ് വാങ്ങി പർച്ചേസ് ഓർഡർ നൽകി. ഈ പ്രോജക്റ്റ് നപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.22 <u>ബാലുശ്ശേരി ഗ്രാമപഞ്ചായത്ത്</u>**

**ബഹു. ബാലുശ്ശേരി എം.എൽ.എയുടെ 02.03.2023 ലെ** MLA/BLRY/LSGD (M))/232-ാം **നമ്പർ കത്തും ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 15.02.2023 ലെ** SC1-5550/21-ാം **നമ്പർ <u>കത്തും</u> (SRG 485/2023)**

**വിഷയം:-** ബാലുശ്ശേരി ബസ്സ്റ്റാന്റ് കെട്ടിടത്തിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതു സംബന്ധിച്ച്.

ബാലുശ്ശേരി ബസ് സ്റ്റാന്റ് കെട്ടിടം ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ളതാണ്. ഈ കെട്ടിടത്തിലെ പൊതു ശൗചാലയത്തിന്റെ ടാങ്ക് നിറഞ്ഞു കവിഞ്ഞ് പുറത്തേക്കൊഴുകുന്നു. നിലവിലെ ടാങ്ക് ക്ലീൻ ചെയ്തെങ്കിലും പ്രശ്നം നിലനിൽക്കുന്നു. ഗ്രാമപഞ്ചായത്ത് ചുമതലപ്പെടുത്തിയ പ്രകാരം ഇത് ULCC പരിശോധിച്ചു. പുതിയ ടാങ്ക് പണിയണം എന്ന് ULCC അറിയിച്ചിട്ടുണ്ട്. ഇതിനായി 10,90,000 രൂപ ചെലവു വരും.

ശുചിത്വമിഷന്റെ വിഹിതം വകയിരുത്തി ഗ്രാമപഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ഇത് ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി (ULCC) മുഖേന നടപ്പാക്കാനാണ് ഗ്രാമപഞ്ചായത്ത് ഉദ്ദേശിക്കുന്നത്. എന്നാൽ ഇത് അക്രഡിറ്റഡ് സ്ഥാപനങ്ങളായ IRTC, സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ (SEUF) എന്നീ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കണമെന്നാണ് ശുചിത്വമിഷൻ ശുപാർശ ചെയ്തിരിക്കുന്നത്. ഈ സ്ഥാപനങ്ങൾ അറിയിച്ച പ്രകാരം 25.00 ലക്ഷം രൂപ ചെലവ് വരും. അതിനാൽ ഇതിന്റെ നിർമ്മാണം ULCC മുഖേന നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.23 <u>ചെല്ലാനം ഗ്രാമപഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.02.2023 ലെ കത്തുകളും (2 എണ്ണം) അനുബന്ധ രേഖകളും (SRG/323/23 - CC /856/2022).**

**വിഷയം:-** മാലിന്യങ്ങൾ നീക്കം ചെയ്തതിന് ക്ലീൻ കേരള കമ്പനിക്ക് തുക നൽകുന്നതിന് അനുമതി സംബന്ധിച്ച്.

| *പ്രോ.നം: 8/23* | *അടങ്കൽ* | *35,97,600/- രൂപ* |
|---|---|---|
| | *സി.എഫ്.സി. റ്റൈഡ് ഗ്രാന്റ്* | *35,97,500 രൂപ* |
| | *തനത് ഫണ്ട്* | *100 രൂപ* |
| *പേര്* | *കടൽക്ഷോഭത്തെ തുടർന്നുണ്ടായ മാലിന്യങ്ങൾ നീക്കം ചെയ്തതിന് ക്ലീൻ കേരള കമ്പനിക്ക് തുക.* | |

കേരളത്തിൽ 2021 മെയ് മാസമുണ്ടായ ടൗട്ടെ ചുഴലിക്കാറ്റുമൂലം ഗ്രാമപഞ്ചായത്തിൽ വ്യാപകമായ നാശനഷ്ടമുണ്ടായിട്ടുണ്ട്. ഇതിന്റെ ഫലമായി ടൺ കണക്കിന് മാലിന്യം ഉണ്ടായി. മാലിന്യം മാറ്റുന്നതിന്റെ ഭാഗമായി ആകെ 3,20,475 കി.ഗ്രാം അജൈവ മാലിന്യം ശേഖരിച്ചു. ഇത് ക്ലീൻ കേരള കമ്പിനിക്ക് കൈമാറി. ഈ ഇനത്തിൽ ക്ലീൻ കേരള കമ്പനിക്ക് 37,81,605 രൂപ നൽകണം. തനതു ഫണ്ടു കുറവായ സാഹചര്യത്തിൽ ഈ തുക ധനകാര്യകമ്മീഷൻ ഗ്രാന്റിൽ (ടൈഡ് ) നിന്നു നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.24 <u>അലനല്ലൂർ ഗ്രാമപഞ്ചായത്ത്</u>**

**ബഹു.മണ്ണാർക്കാട് എം.എൽ.എയുടെ 01.02.2023 ലെ കത്തും അലനല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29.09.2022 ലെ A3-330/22-ാം നമ്പർ കത്തും അലനല്ലൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22.09.2022 ലെ 9 (15)-ാം നമ്പർ തീരുമാനവും (SRG/407/23).**

**വിഷയം:-** മാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായെടുത്ത വാഹനത്തിന്റെ വാടക നൽകുന്നതു സംബന്ധിച്ച്.

ഗ്രാമപഞ്ചായത്തിൽ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി വിവിധ വാർഡുകളിൽ നിന്നും ശേഖരിച്ച മാലിന്യങ്ങൾ എടത്തനാട്ടുകര MCF ലേക്ക് ശ്രീ അബ്ദുൾ സലാം എന്നയാളുടെ KL-04-S.919 എന്ന നമ്പറിലുള്ള വാഹനത്തിലാണ് നീക്കം ചെയ്തത്. 15.10.2020 മുതൽ 18.10.2021 വരെ ഈ വാഹനം ഉപയോഗിച്ചെങ്കിലും വാടക നൽകിയിട്ടില്ല. വാടകയിനത്തിൽ നൽകേണ്ട തുക 1,27,000 രൂപയാണ്.

ഈ പ്രോജക്ടിന്റെ നിർവ്വഹണഉദ്യാഗസ്ഥൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആയിരുന്നു. കൊവിഡ് കാലഘട്ടമായിരുന്നതിനാൽ ക്വട്ടേഷൻ വിളിക്കുകയോ വാഹന ഉടമ

ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടുകയോ ചെയ്തിരുന്നില്ല. വാടകകുടിശ്ശിക നൽകാൻ പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.25 <u>അലനല്ലൂർ ഗ്രാമപഞ്ചായത്ത്</u>**

**ബഹു.മണ്ണാർക്കാട് എം.എൽ.എയുടെ 01.02.2023 ലെ കത്തും അലനല്ലൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 31.01.2023 ലെ 1(3)-ാം നമ്പർതീരുമാനവും (SRG/409/23).**

**വിഷയം:-** ഉറസ്സായ കുടിവെള്ള കിണർ ശുചിത്വ കിണറാക്കാനുള്ള പ്രവർത്തികളുടെ എസ്റ്റിമേറ്റും അളവും രേഖപ്പെടുത്തുന്നതു സംബന്ധിച്ച്.

മാർഗ്ഗരേഖ പ്രകാരം ഉറസ്സായ കിണർ ശുചിത്വകിണറാക്കി മാറ്റാനുള്ള പ്രോജക്ടുകളുടെ എസ്റ്റിമേറ്റും അളവും എടുക്കേണ്ടത് തദ്ദേശസ്വയംഭരണവകുപ്പ് ഓവർസീയറാണ്. ഇവർക്ക് നിരക്ക് കൂടുതലായതിനാൽ ഇതിന്റെ എസ്റ്റിമേറ്റും അളവും രേഖപ്പെടുത്തുന്നതിനുള്ള ചുമതല MGNREGS എഞ്ചിനീയർക്കോ അക്രഡിറ്റഡ് എഞ്ചിനീയർമാർക്കോ നൽകാൻ തീരുമാനമുണ്ടാക ണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.26 <u>പേപ്പർബാഗ് നിർമ്മാണം</u>**

**കോട്ടയം ബയോവേ പാക്ക്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടറുടെ 02.02.2023 ലെ കത്തും കോട്ടയം ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജറുടെ 06.05.2022 ലെ കത്തും (SRG/627/23).**

**വിഷയം:-** പ്ലാസ്റ്റിക്കിനു പകരം പേപ്പർ ക്യാരിബാഗ് ഉല്പാദന യൂണിറ്റ് തുടങ്ങുന്നതു സംബന്ധിച്ച്

പ്ലാസ്റ്റിക് ക്യാരിബാഗിനുപകരം പേപ്പർ ബാഗിന്റെ ഉല്പാദനം പ്രോത്സാഹിപ്പിക്കു ന്നതിനുള്ള പ്രോജക്റ്റ് നിർദ്ദേശമാണ് കത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കോട്ടയത്തുള്ള ബയോവേ പാക്ക്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം പേപ്പർ ക്യാരിബാഗ് നിർമ്മാണം നടത്തുന്നതിനുള്ള മെഷിനറികളും അസംസ്കൃത വസ്തുക്കളും വിതരണം ചെയ്യുന്നുണ്ട്. ക്യാരി ബാഗ് നിർമ്മിക്കുന്നതിനുള്ള പരിശീലനവും ഈ സ്ഥാപനം നൽകുന്നു. കുടുംബശ്രീ, ഭിന്നശേഷി വിഭാഗക്കാരടക്കം എല്ലാവർക്കും ഇതിന്റെ നിർമ്മാണ യൂണിറ്റ് തുടങ്ങാവുന്നതാണ്. ഒരു ഗ്രാമപഞ്ചായത്തിൽ 5 പേരടങ്ങുന്ന 5 യൂണിറ്റുകൾ സ്ഥാപിച്ചാൽ 25 പേർക്ക് തൊഴിൽ നൽകാൻ കഴിയും. 5 യൂണിറ്റ് വീതം എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും വ്യാപിപ്പിക്കുന്നതിനു വേണ്ട നടപടിയെടുക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു. ഒപ്പം തന്നെ ക്യാരി ബാഗിന്റെ വിപണനത്തിനായി ഒരു ജില്ലയിൽ ഒരു സഹകരണ സംഘം രൂപീകരിച്ചാൽ വളരെ എളുപ്പത്തിൽ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയും എന്നുമറിയിച്ചിട്ടുണ്ട്.

**4.27 <u>ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത്</u>**

**ബഹു.ആലുവ എം.എൽ.എയുടെ 01.03.2023 ലെ കത്തും ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.02.2023 ലെ 9/1-ാം നമ്പർ തീരുമാനവും (SRG/550/23).**

**വിഷയം:-** ഗ്രാമപഞ്ചായത്തിലെ പട്ടേരിപ്പുറം അസ്സിസിനഗറിൽ പൊതു സെപ്റ്റിക് ടാങ്ക് നിർമ്മിക്കുന്നതു സംബന്ധിച്ച്.

ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിൽ രണ്ടാം വാർഡിലെ പട്ടേരിപ്പുറം അസ്സീസി നഗറിൽ 25 കുടുംബങ്ങൾക്ക് നസ്രത്ത് ആശ്രമം നാല്പതു വർഷം മുമ്പ് വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. ഈ വീടുകൾക്കായി നിർമ്മിച്ചു നൽകിയ പൊതു സെപ്റ്റിക് ടാങ്ക് കാലപ്പഴക്കത്താൽ തകർന്നതിനാൽ പുതിയ ടാങ്ക് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. ഭൂമിയുടെ ഉടമസ്ഥതാവകാശം നസ്രത്ത് ആശ്രമത്തിനാണ്. ടാങ്ക് നിർമ്മിക്കുന്നതിന് നസ്രത്ത് ആശ്രമത്തിന് സമ്മതമാണ്. ഗ്രാമപഞ്ചായത്ത് വിഹിതമുപയോഗിച്ച് സെപ്റ്റിക് ടാങ്ക് നിർമ്മിച്ചു നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.28 <u>പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്</u>**

**പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 10.02.2023 ലെ കത്ത് (SRG/420/23).**

**വിഷയം:-** പാറശ്ശാല മഹാദേവക്ഷേത്രത്തിന്റെ സ്ഥലത്ത് ടോയിലറ്റ് കോംപ്ലക്സ് നിർമ്മിക്കുന്നത് സംബന്ധിച്ച്.

കഴിഞ്ഞവർഷം (2022-23) പാറശ്ശാല ടൗണിനടുത്തുള്ള മഹാദേവ ക്ഷേത്രസ്ഥലത്ത് ടൊയിലറ്റ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് പ്രോജക്ട് ഏറ്റെടുത്തിരുന്നു. കഴിഞ്ഞവർഷം ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ഈ പ്രോജക്ട് ഈ വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്താൻ ബ്ലോക്ക് പഞ്ചായത്ത് ഉദ്ദേശിക്കുന്നു. ക്ഷേത്രം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ളതാണ്. സി.എഫ്.സി - യിൽ (റ്റൈഡ് ഗ്രാന്റ് ) നിന്ന് 5.00 ലക്ഷം രൂപയാണ് വകയിരുത്തിരിക്കുന്നത്. ശബരിമല തീർത്ഥാടകരുടെ ഇടത്താവളമാണെന്നും പൊതുജനങ്ങൾക്ക് ഇത് പ്രയോജനപ്പെടുമെന്നും ചൂണ്ടിക്കാണിച്ച് ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.29 <u>ആലപ്പുഴ മുനിസിപ്പാലിറ്റി</u>**

**ആലപ്പുഴ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 06.02.2023 ലെ കത്തും ആലപ്പുഴ മുനിസിപ്പൽ സെക്രട്ടറിയുടെ 02.01.2023 ലെ E2-22502/21-ാം നമ്പർ കത്ത് (SRG 330/23 - CC/85/2023)**

**വിഷയം:-** അമൃത് പദ്ധതിയിൽ ലോൺ എടുത്തതുക സി.എഫ്.സി (ടൈഡ് ) ഗ്രാന്റിൽ നിന്നും തിരികെ അടയ്ക്കുന്നതിനു അനുമതി സംബന്ധിച്ച്.

ആലപ്പുഴ നഗരസഭയ്ക്ക് അമൃത് 1.0 പദ്ധതിയിൽ 222.7 കോടി രൂപ അനുവദിച്ചിരുന്നു. ഈ തുക 50:30:20 അനുപാതത്തിൽ കേന്ദ്രം, സംസ്ഥാനം, നഗരസഭ വിഹിതമായാണ് കണക്കാക്കുന്നത്. ഇതിൽ ലോൺ വിഹിതം 23.85 കോടി രൂപയാണ്. 10 തുല്യ ഗഡുക്കളായി 7.5 ശതമാനം പലിശയോടെ പ്ലാൻ ഫണ്ടിൽ നിന്നാണ് ഈ തുക തിരികെ അടയ്ക്കുന്നത്. എന്നാൽ വെള്ളപ്പൊക്കം, കൊവിഡ് എന്നിവ മൂലം യഥാസമയം ലോൺ തിരികെ അടച്ചിട്ടില്ല. ആകെ 56.00 ലക്ഷം രൂപയാണ് തിരികെ അടച്ചത്. ഈ സാഹചര്യത്തിൽ ലോൺ തുകയുടെ ഗഡുക്കൾ ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ് ) ൽ നിന്ന് അടയ്ക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.30 <u>മംഗൽപ്പാടി ഗ്രാമപഞ്ചായത്ത്</u>**

**റൂറൽ ഡയറക്ടറുടെ 10.02.2022 ലെ** PAN/1490/2023-J1 (DP) **നമ്പർ കത്തും മംഗൽപാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30.11.2022 ലെ** SC2-291/2022-ാം **നമ്പർ കത്തും (SRG 317/23)**

**വിഷയം:-** കുബന്നൂർ മാലിന്യ സംസ്കരണ പ്ലാന്റിലെ മാലന്യം നീക്കുന്നതിലെ ടെണ്ടർ നടപടി സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 138/22*** | ***അടങ്കൽ*** | ***85,00,000/- രൂപ*** |
| | *സി.എഫ്.സി റൈഡ് ഗ്രാന്റ്* | *52,36,000 രൂപ* |
| | *തനത്ഫണ്ട്* | *32,64,000 രൂപ* |
| ***പേര്*** | ***കുബന്നൂർ മാലിന്യസംസ്കരണ പ്ലാന്റിലെ മാലിന്യം നീക്കം ചെയ്യൽ*** | |

ഗ്രാമപഞ്ചായത്ത് 2021-22 വർഷം കുബന്നൂർ മാലിന്യ സംസ്കരണ പ്ലാന്റിൽ കഴിഞ്ഞ 18 വർഷം കെട്ടികിടന്ന മാലിന്യം നീക്കം ചെയ്യുന്നതിന് 85.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിരുന്നു. പ്രോജക്ട് ഇ-ടെണ്ടറിലൂടെ നടപ്പാക്കുന്നതിനു പകരം ടെണ്ടറിലൂടെയാണ് നടപ്പാക്കിയത്. പ്രദേശവാസികൾ സമരം ചെയ്തതിനാൽ പെട്ടെന്ന് നടപ്പാക്കാനാണ് ഇ-ടെണ്ടർ ഒഴിവാക്കിയതെന്ന് അറിയിച്ചിട്ടുണ്ട്. 7530**m3** മാലിന്യമാണ് ഉണ്ടായിരുന്നത്. ഇ-ടെണ്ടറിനു പകരം സാധാരണ ടെണ്ടർ നടത്തിയതിന് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.31 <u>മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത്</u>**

**മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് (ലഭിച്ചത് 30.01.2023) (SRG 279/23)**

**വിഷയം:-** ഭാരതപ്പുഴ സംരക്ഷണത്തിന് പ്രോജക്ട് ഏറ്റെടുക്കുന്നത് സംബന്ധിച്ച്

ഭാരതപ്പുഴ സംരക്ഷണത്തിന്റെ ഭാഗമായി 'തെളിനീരൊഴുകും നവകേരളം' എന്ന പേരിൽ കഴിഞ്ഞ വർഷം പ്രോജക്ട് ഏറ്റെടുത്തിരുന്നു. ജില്ലാ കളക്ടറുടെ നിർദ്ദേശം കൂടി പരിഗണിച്ചെടുത്ത ഈ പ്രോജക്ട് ചെറുകിട ജലസേചന വകുപ്പ് മുഖേന നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.32 <u>കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്</u>**

**കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 25.02.2023 ലെ കത്തും അനുബന്ധ രേഖകളും (SRG 453/2023)**

**വിഷയം:-** PWD റോഡിനു സൈഡിൽ വെള്ളം ഒഴുക്കി കളയുന്നതിനു കാന നിർമ്മിക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 156/23*** | ***അടങ്കൽ*** | ***22,22,000 /- രൂപ*** *(മെയിന്റനൻസ് ഗ്രാന്റ് - റോഡ്)* |
| ***പേര്*** | ***കല്ലുംകൂട് റോഡ് മെയിന്റനൻസ് വാർഡ് 14*** | |

കാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ പതിനാലാം നമ്പർ വാർഡിലെ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള കാഞ്ഞൂർ- കല്ലും കൂട് റോഡ് വെള്ളക്കെട്ടുമൂലം സഞ്ചാര യോഗ്യമല്ല. ഈ വിഷയം PWD യുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും പരിഹാരമുണ്ടായിട്ടില്ല. അതിനാൽ വെള്ളക്കെട്ട് മാറ്റുന്നതിന് റോഡ് സൈഡിലെ മണ്ണുനീക്കം ചെയ്തു കട്ട വിരിച്ച്

വെള്ളം ഒഴുക്കി കളയുന്നതിനാണ് പ്രോജക്ട്. സംസ്ഥാന ഓഡിറ്റ് വിഭാഗം ഗ്രാമപഞ്ചായത്ത് സന്ദർശിക്കവെ PWD റോഡിൽ നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കുന്നത് സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയറോട് വിശദീകരണം ആരാഞ്ഞു. അതിനാൽ നിർമ്മാണം തുടങ്ങുന്നതു നിർത്തിവച്ചിരിക്കുകയാണ്. ഈ പ്രവൃത്തി അടിയന്തിര സ്വഭാവമുള്ളതാണെന്ന് ചൂണ്ടികാണിച്ച് പ്രോജക്ടു നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.33 <u>പുതുപ്പാടി ഗ്രാമപഞ്ചായത്ത്</u>**

**പുതുപ്പാടി ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ കത്ത് (ലഭിച്ചത് 14.03.2023) (SRG/495/23).**

**വിഷയം:-** റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചുള്ള പ്രോജക്ട് അടുത്തവർഷം സ്പിൽ ഓവറാക്കാനും അതിന്റെ വിഹിതം പ്രത്യേകമായി അനുവദിയ്ക്കണമെന്നതും സംബന്ധിച്ച്.

പുതുപ്പാടി ഗ്രാമപഞ്ചായത്തിൽ മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉപയോഗിച്ചുള്ള പ്രവർത്തികളുടെ എഗ്രിമെന്റ് നടപടിവരെ പൂർത്തിയായിട്ടുണ്ട്. എന്നാൽ ജൽ ജീവൻ പദ്ധതിയിൽ കുടിവെള്ള പൈപ്പുലൈൻ സ്ഥാപിക്കുന്നതിന് ട്രഞ്ച് എടുത്തതിനാൽ ഈ വർക്കുകൾ 2022-23 വർഷം പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. 99.30 ലക്ഷം രൂപയുടെ 33 പ്രവർത്തികളാണ് ഇങ്ങനെയുള്ളത്. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി റോഡിൽ വന്ന കേടുപാടുകൾ പൂർവ്വസ്ഥിതിയിലാക്കാൻ ജൽ ജീവൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിനുശേഷം മാത്രമേ ഗ്രാമപഞ്ചായത്തിന് മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉപയോഗിച്ച് അറ്റകുറ്റപ്പണി നടത്താൻ കഴിയൂ. അത് 2022-23 വർഷം സാധിക്കില്ല എന്നതിനാൽ 2023-24 വർഷം ഈ പ്രോജക്ടുകൾ നടപ്പാക്കാനും അതിനുള്ള വിഹിതം നഷ്ടപ്പെടാതെ ഈ വർഷം നൽകാനും നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.34 <u>വണ്ണപ്പുറം ഗ്രാമപഞ്ചായത്ത്</u>**

**വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27.01.2023 ലെ കത്ത് (SRG/283/23).**

**വിഷയം:-** റോഡ് ഗതാഗതത്തിനു തടസ്സം നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റു മാറ്റി സ്ഥാപിക്കുന്നതിന് മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

വണ്ണപ്പുറം ഗ്രാമപഞ്ചായത്തിലെ 5,13,14,15 എന്നീ വാർഡുകളിൽ റോഡു പുനരുദ്ധാരണം ആവശ്യമുണ്ട്. ഇതിന്റെ ഭാഗമായി റോഡ് ഗതാഗതത്തിനു തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കേണ്ടതുണ്ട്. ഇതിനായി 1,25,000 രൂപ റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് കഴിഞ്ഞവർഷം പ്രോജക്ട് ഏറ്റെടുത്തിരുന്നുവെങ്കിലും ജില്ലാ ആസൂത്രണ സമിതി അനുമതി നിരസിച്ചു. റോഡ് മെയിന്റനൻസ് ഗ്രാന്റ് തന്നെ ഇതിനായി ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.35 <u>കോടശ്ശേരി ഗ്രാമപഞ്ചായത്ത്</u>**

**ബഹു. ചാലക്കുടി എം.എൽ.എയുടെ 01.02.2023 ലെ കത്തും കോടശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 31.01.2023 ലെ** A4-04/22-ാം **നമ്പർ കത്തും (SRG/431/23).**

**വിഷയം:-** ലൈഫ് ലിസ്റ്റിലുള്ളവർക്ക് വീട്ട നിർമ്മാണത്തിന് വായ്പ തുക ലഭ്യമാക്കണമെന്നതു സംബന്ധിച്ച്.

കോടശ്ശേരി ഗ്രാമപഞ്ചായത്തിൽ 368 പേരാണ് ലൈഫ് മിഷന്റെ ഭൂമിയുള്ള ഭവനരഹിതരുടെ ലിസ്റ്റിൽ ഉള്ളത്. പൊതു വിഭാഗം 247, പട്ടികജാതി വിഭാഗം 101, പട്ടികവർഗ്ഗ വിഭാഗം 20. എന്നാൽ ലൈഫ് മിഷനിൽ നിന്നുള്ള കത്തു പ്രകാരം 52 പേർക്കുള്ള വായ്പയാണ് അനുവദിച്ചിരിക്കുന്നത്. എല്ലാവർക്കും വീട്ട നിർമ്മാണത്തിനുള്ള വായ്പ ലഭ്യമാക്കണ മെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.36 <u>അഴീക്കോട് ഗ്രാമപഞ്ചായത്ത്</u>**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.03.2023 ലെ കത്തും അനുബന്ധ രേഖകളും (SRG 596/23 - CC/**244/**2023)**

**വിഷയം:-** ട്രാൻസ് ജെന്റർ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താവിന് വീട്ട നൽകുന്നതു സംബന്ധിച്ച്

അഴീക്കോട് ഗ്രാമപഞ്ചായത്തിലെ പത്താം വാർഡിൽ താമസിക്കുന്ന ട്രാൻസ്ജന്റർ വിഭാഗത്തിൽപ്പെട്ട മനീഷ്. സി.വി, ചോയിച്ചി വീട് എന്ന ആൾ ലൈഫ് ഭവന പദ്ധതിയ്ക്ക് അപേക്ഷിച്ചിരുന്നില്ല. എന്നാൽ ട്രാൻസ് ജെന്റർ വിഭാഗത്തിൽപ്പെട്ട വ്യക്തി ആയതിനാൽ സ്ഥലം വാങ്ങി വീട്ട നിർമ്മിച്ചു നൽകാൻ പ്രത്യേകാനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.37 <u>തൃത്താല ബ്ലോക്ക് പഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.02.2022 ലെ കത്തും തൃത്താല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 23.02.2023 ലെ** HA 238/2022-ാം **നമ്പർ കത്തും (SRG 440/23 - CC/162/2023)**

**വിഷയം:-** ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുക ഭവന പദ്ധതിയുടെ ലോൺ തിരിച്ചടവിന് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

തൃത്താല ബ്ലോക്കിന് വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ലഭിച്ച തുക രണ്ടു ബാങ്ക് അക്കൗണ്ടുകളിലായി ചെലവഴിക്കപ്പെടാതെ കിടപ്പുണ്ട്.

| **ക്രമ നമ്പർ** | **ബാങ്കിന്റെ പേര്** | **പദ്ധതിയുടെ പേര്** | **ബാലൻസ് തുക (As on 31.01.23)** |
|---|---|---|---|
| 1 | KGB Koottanad | SGRY Million well Scheme, CRSP | 57,50,236 രൂപ |
| 2 | KGB, Peringode | IAY - State -share interest | 2,02,514 രൂപ |

തൃത്താല ബ്ലോക്ക് പഞ്ചായത്ത് IAY പദ്ധതിക്കായി തൃത്താല സർവ്വീസ് സഹകരണ ബാങ്കിൽ നിന്നെടുത്ത വായ്പയിൽ 2.12 കോടി രൂപ തിരിച്ചടയ്ക്കാനായി ബാക്കിയുണ്ട്. മുകളിൽ

പറഞ്ഞ ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുക ഈ ലോണിന്റെ തിരിച്ചടവിനായി ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.38 <u>മുണ്ടേരി ഗ്രാമപഞ്ചായത്ത്</u>**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.02.2023 ലെ കത്തും മുണ്ടേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 17.02.2023 ലെ കത്തും (SRG 447/23 – CC/145/2023)**

**വിഷയം:-** അതിദരിദ്രരുടെ പട്ടികയിൽപ്പെട്ടവർക്ക് ഭവനം നിർമ്മിച്ചു നൽകുന്നതു സംബന്ധിച്ച്

മുണ്ടേരി ഗ്രാമപഞ്ചായത്തിലെ 11-ാം വാർഡിലെ ചോറൽ ഹൗസിൽ പത്മിനി.സി എന്ന വ്യക്തി ലൈഫ് ഭവനപദ്ധതി പ്രകാരം ഭൂമിയുള്ള ഭവനരഹിതരുടെ ലിസ്റ്റിലും പാർപ്പിടം ആവശ്യമുള്ള അതിദരിദ്രരുടെ പട്ടികയിലും ഉൾപ്പെട്ടിട്ടുണ്ട്. ഈ വ്യക്തിയെ ഭർത്താവ് ഉപേക്ഷിച്ചതാണ്. ഇവർ കുടുംബനാഥയായുള്ള റേഷൻ കാർഡിൽ ഉൾപ്പട്ട സഹോദരിമാർക്ക് വാസയോഗ്യമായ വീടുണ്ട് എന്നതിനാൽ ലൈഫ് മാനദണ്ഡപ്രകാരം വീടു നൽകാൻ തടസ്സമുണ്ട്. അതിനാൽ ഇവർക്ക് വീട് നിർമ്മിച്ചു നൽകാൻ പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.39 <u>കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത്</u>**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.02.2023 ലെ കത്തും അനുബന്ധ രേഖകളും (SRG/428/23 – CC /58/2023).**

**വിഷയം:-** കൃഷിക്ക് ധനസഹായം ലഭിക്കുന്നതിന് വിള ഇൻഷ്വറൻസ് വേണമെന്ന നിബന്ധന ഒഴിവാക്കണമെന്ന ആവശ്യം സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 94/23*** | ***അടങ്കൽ*** | ***4,00,000 /- രൂപ***<br>*(വികസനഫണ്ട് - ജനറൽ)* |
| ***പേര്*** | ***ഞങ്ങളും കൃഷിയിലേയ്ക്ക് - തരിശു ഭൂമി കൃഷിയോഗ്യമാക്കൽ*** | |

കൃഷിക്ക് ധനസഹായം നൽകുന്നതിന് നിലവിലെ ആസൂത്രണ മാർഗ്ഗരേഖ പ്രകാരം വിളകളെ സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമവകുപ്പ് നടപ്പാക്കുന്ന വിള ഇൻഷ്വറൻസ് സ്കീമിൽ ചേരണമെന്നുണ്ട്. എന്നാൽ വിള ഇൻഷ്വറൻസിന് ആവശ്യമായതിൽ താഴെ വിസ്തൃതിയുള്ള ഭൂമിയിൽ കൃഷി ചെയ്യുന്നവർക്ക് വിള ഇൻഷ്വറൻസ് ബാധകമാക്കേണ്ടതില്ല എന്നും മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്.

പലപ്പോഴും ഭൂവുടമകളല്ല കൃഷിയിറക്കുന്നത് എന്നതിനാൽ വിള ഇൻഷ്വറൻസ് എടുക്കുന്നത് ബുദ്ധിമുട്ടാണ്. വിള ഇൻഷ്വറൻസ് എടുക്കുന്നതിന് ഭൂഉടമ Agriculture Information Management System (AIMS) പോർട്ടലിൽ രജിസ്റ്റർ ചെയ്യണം. ഭൂഉടമകൾക്ക് കൃഷിയോട് താല്പര്യമില്ലാത്ത സാഹചര്യം ഉണ്ടാവും. ചിലപ്പോൾ ഇവർ വിദേശത്തോ മറ്റോ ആകാം. രജിസ്റ്റർ ചെയ്യുമ്പോൾ OTP വരുന്നത് ഭൂഉടമയുടെ ടെലഫോണിലാണ്. ഈ സാഹചര്യത്തിൽ രജിസ്ട്രേഷൻ ബുദ്ധിമുട്ടാണ്. രജിസ്ട്രേഷൻ നടത്താതെ വിള ഇൻഷ്വറൻസ് സാധ്യമല്ല. ഈ സാഹചര്യത്തിൽ വിള ഇൻഷ്വറൻസിൽ ചേരുന്നത് ബുദ്ധിമുട്ടാണ്. കൃഷി വകുപ്പ് മുഖേന ധനസഹായം ലഭിക്കുന്നതിന് വിള ഇൻഷ്വറൻസ് ബാധകമല്ല എന്നു ചൂണ്ടികാണിച്ച് തരിശ്

രഹിത നീർത്തട പരിപാലന പദ്ധതി, തരിശ് ഭൂമി കൃഷി യോഗ്യമാക്കൽ എന്നീ പദ്ധതികൾ പ്രകാരം കൃഷി ചെയ്യുന്ന കർഷകർക്ക് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്ന് ധനസഹായം ലഭിക്കാൻ വിള ഇൻഷ്വറൻസ് വേണമെന്ന നിബന്ധന ഒഴിവാക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.40 <u>തിരുവനന്തപുരം കോർപ്പറേഷൻ</u>**

**സർക്കാരിന്റെ 16.03.2023 ലെ DA1/107/2023-ാം നമ്പർ കത്തും തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിയുടെ 01.03.2023 ലെ C8/5231/2023-ാം നമ്പർ കത്തും (SRG 646/23)**

**വിഷയം:-** പച്ചക്കറി കൃഷിക്ക് സബ്സിഡി നൽകുന്നതു സംബന്ധിച്ച്

സബ്സിഡി-ധനസഹായം മാർഗ്ഗരേഖ പ്രകാരം (28.05.2022 ലെ 115/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്) നെൽകൃഷിക്ക് ഓരോ പൂകൃഷിക്കും സബ്സിഡി നൽകാൻ അനുമതിയുണ്ട്. എന്നാൽ പച്ചക്കറികൃഷിക്ക് ഇപ്രകാരം പറയുന്നില്ല. നെൽകൃഷി പോലെ ഒന്നിൽ കൂടുതൽ തവണ ഒരു വർഷം പച്ചക്കറി കൃഷി ചെയ്യുന്ന് സാധാരണമാണ്. ഒരു വർഷം ഒന്നിലധികം പ്രാവശ്യം പച്ചക്കറി കൃഷി ചെയ്യുന്നവർക്ക് കൃഷിയുടെ എണ്ണമനുസരിച്ച് സബ്സിഡി നൽകാമോ എന്നു സ്പഷ്ടീകരണം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.41 <u>തിരുവനന്തപുരം കോർപ്പറേഷൻ</u>**

**സർക്കാരിന്റെ 16.03.2023-ലെ** DA1/117/23/ **തസ്വഭവ നമ്പർ കത്തും തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിയുടെ 03.03.2023-ലെ** C8/10/2023 **ലെ കത്തും (SRG 580/23)**

**വിഷയം:-** കൃഷിക്ക് സബ്സിഡി നൽകുന്നതിന് വിള ഇൻഷ്വറൻസ് വേണമെന്ന നിബന്ധന ഒഴിവാക്കണമെന്നതു സംബന്ധിച്ച്

കൃഷിക്ക് ധനസഹായം നൽകുന്നതിന് ആസൂത്രണ മാർഗരേഖ പ്രകാരം വിളകളെ സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പാക്കുന്ന വിള ഇൻഷ്വറൻസ് സ്കീമിൽ ചേരണമെന്നുണ്ട്. കഴക്കൂട്ടം കൃഷി ഭവന്റെ കീഴിലുള്ള ആമ്പല്ലൂർ പാടശേഖരത്തിൽ നെൽക്കൃഷി ചെയ്യുന്ന കർഷകർക്ക് വിള ഇൻഷ്വറൻസ് വേണമെന്ന നിബന്ധന കൂടാതെ ധനസഹായം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.42 <u>പുറത്തൂർ ഗ്രാമപഞ്ചായത്ത്</u>**

**പുറത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.02.2023 ലെ കത്ത് (SRG/414/23).**

**വിഷയം:-** ഗ്രാമപഞ്ചായത്തിൽ ഹൈമാസ്റ്റ് സ്ഥാപിക്കാൻ അനുമതി സംബന്ധിച്ച്

കടൽതീരം ചേർന്നാണ ഗ്രാമപഞ്ചായത്തിന്റെ 1,18,19 വാർഡുകൾ സ്ഥിതി ചെയ്യുന്നത്. ഇവിടെ മത്സ്യത്തൊഴിലാളികളുടെ ഉപകരണങ്ങളും മറ്റ അനുബന്ധസാമഗ്രികളും സൂക്ഷിക്കുന്നതും അറ്റകുറ്റപ്പണി നടത്തുന്നതും നായർതോട് ബീച്ചിലെ ലാന്റ് സെന്ററിൽ ആണ്. മത്സ്യത്തൊഴിലാളികൾക്ക് കടലിൽ നിന്നും നായർതോട് ലാന്റിംഗ് സെന്റർ കൃത്യമായി മനസ്സിലാകാത്തതുകൊണ്ട് പല വിധത്തിലുള്ള അപകടങ്ങളും പതിവാണെന്നറിയിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ ഇവിടെ ഒരു ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുകയാണെങ്കിൽ കടലിൽ പോകുന്ന മത്സ്യതൊഴിലാളികൾക്ക് ദിക്ക് അറിയാനും മറ്റ വിധത്തിലും സഹായകരമാണെന്ന് ചൂണ്ടി കാണിച്ച ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.43 <u>കോട്ടയം ജില്ലാ പഞ്ചായത്ത്</u>**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.03.2023-ലെ കത്തും കോട്ടയം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ ഓഫീസറുടെ 01.03.2023-ലെ 4(2)-ാം നമ്പർ തീരുമാനവും (SRG 601/2023 CC - 213/2023)**

**വിഷയം:-** ജില്ലയിൽ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച്

കോട്ടയം ജില്ലാ പഞ്ചായത്ത് 2022-23 വർഷം ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി 20 പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു (ആകെ അടങ്കൽ 223.50 ലക്ഷം രൂപ. ധനകാര്യ കമ്മീഷൻ **(untied),** വികസനഫണ്ട് (ജനറൽ), എസ്.സി.പി വിഹിതം എന്നിവയാണ് ഇതിന് ഉൾപ്പെടുത്തിയിരുന്നത്. ഇവ സ്ഥാപിക്കുന്നതിന് ലിമിറ്റഡ് ടെണ്ടറിലൂടെ KEL എന്ന ഏജൻസിയെ ഏൽപ്പിച്ച് കരാറിലേർപ്പെട്ട് നിർമ്മാണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ ഇവയുടെ കറന്റ് ചാർജ്ജ്, മെയിന്റനൻസ് എന്നിവ നടത്തിക്കൊള്ളാമെന്ന് ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | വിഹിതം |
|---|---|---|---|
| 1 | 15/23 | ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ്, ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 11,95,200 രൂപ സി.എഫ്.സി ബേസിക് ഗ്രാന്റ് |
| 2 | 116/23 | കാഞ്ഞിരപ്പള്ളി പഞ്ചായത്ത് - വാർഡ് 4 - വില്ലന്നി മിച്ചഭൂമി കോളനിയിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 8,00,000 രൂപ എസ്.സി.പി |
| 3 | 166/23 | തൃക്കൊടിത്താനം ഡിവിഷൻ - വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് , ഹൈമാസ്റ്റ് സ്ഥാപിക്കൽ | 10,00,000 രൂപ സി.എഫ്.സി ബേസിക് ഗ്രാന്റ് |
| 4 | 167/23 | കുറിച്ചി ഡിവിഷൻ - വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 11,95,200 രൂപ സി.എഫ്.സി ബേസിക് ഗ്രാന്റ് |
| 5 | 169/23 | അതിരമ്പുഴ ഡിവിഷൻ - വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ | 20,00,000 രൂപ സി.എഫ്.സി ബേസിക് ഗ്രാന്റ് |
| 6 | 170/23 | അയർക്കുന്നം ഡിവിഷനിലെ വിവിധ വാർഡുകളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് ലൈറ്റുകൾ | 10,00,000 രൂപ സി.എഫ്.സി ബേസിക് ഗ്രാന്റ് |
| 7 | 171/23 | കുറവിലങ്ങാട് ഡിവിഷൻ - വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 10,00,000 രൂപ സി.എഫ്.സി ബേസിക് ഗ്രാന്റ് |
| 8 | 133/23 | പൂഞ്ഞാർ ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 15,00,000 രൂപ വിസി.എഫ്.സി ബേസിക് ഗ്രാന്റ് |
| 9 | 738/23 | കിടങ്ങൂർ ഡിവിഷനിലെ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 19,00,000 രൂപ സി.എഫ്.സി ബേസിക് ഗ്രാന്റ് |

| | | | |
|---|---|---|---|
| 10 | 767/23 | അയർക്കുന്നം ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 7,50,000 രൂപ വികസനഫണ്ട് – ജനറൽ |
| 11 | 769/23 | അതിരമ്പുഴ പഞ്ചായത്തിലെ ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 10,00,000 വികസനഫണ്ട് –ജനറൽ |
| 12 | 770/23 | പാമ്പാടി പഞ്ചായത്ത് വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 5,00,00 രൂപ വികസനഫണ്ട് – ജനറൽ |
| 13 | 772/23 | ഭരണങ്ങാനം ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 20,00,000 രൂപ വികസനഫണ്ട് – ജനറൽ |
| 14 | 773/23 | കുറിച്ചി ഡിവിഷൻ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 10,00,000 രൂപ വികസനഫണ്ട് – ജനറൽ |
| 15 | 774/23 | കങ്ങഴ ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 10,00,000 രൂപ വികസനഫണ്ട് – ജനറൽ 5.00 ലക്ഷം രൂപ<br>തനത് ഫണ്ട് – 5.00 ലക്ഷം രൂപ |
| 16 | 807/23 | കുമരകം ഗവ.ഹൈസ്കൂൾ ഗ്രൗണ്ടിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 5,00,000 രൂപ വികസനഫണ്ട് – ജനറൽ |
| 17 | 805/23 | തിരുവാർപ്പ് പഞ്ചായത്ത് വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 5,00,000 രൂപ വികസനഫണ്ട് – ജനറൽ |
| 18 | 806/23 | കുറവിലങ്ങാട് വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 20,00,000 രൂപ വികസനഫണ്ട് – ജനറൽ |
| 19 | 808/23 | തലയാഴം ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 10,00,000 രൂപ വികസനഫണ്ട് –ജനറൽ |
| 20 | 847/23 | വെള്ളൂർ ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 5,00,000 രൂപ വികസനഫണ്ട് – ജനറൽ |

വാർഷിക പദ്ധതി റിവിഷൻ സമയത്ത് 2022-23 വർഷം നടപ്പാക്കാൻ സാധിക്കാത്ത പ്രോജക്ടുകളുടെ വിഹിതം ഉപയോഗിച്ച് 14 പ്രോജക്ടുകൾ ഹൈമാസ്റ്റ്/മിനിമാസ്റ്റ് സ്ഥാപിക്കുന്നതിന് അധികമായി എടുത്തു (ആകെ അടങ്കൽ 190 ലക്ഷം രൂപ) ഈ പ്രവൃത്തികൾ പ്രത്യേക ടെണ്ടർ നടപടികൂടാതെ അക്രഡിറ്റഡ് ഏജൻസിയായ **KEL** നെ ഏൽപ്പിച്ചു. ഈ പ്രവൃത്തികൾ നടപ്പാക്കാനും അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. പ്രോജക്ട് വിവരങ്ങൾ താഴെ ചേർക്കുന്നു.

| **ക്രമ നം** | **പ്രോജക്ട് നം** | **പ്രോജക്ടിന്റെ പേര്** | **വിഹിതം** |
|---|---|---|---|
| 1 | 166/23 | പുതുപ്പള്ളി ഡിവിഷൻ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥപിക്കൽ | 15,00,000 രൂപ (സി.എഫ്.സി ബേസിക് ഗ്രാന്റ് ) |
| 2 | 630/23 | കുറിച്ചി ഡിവിഷൻ – വിവിധ എസ്.സി. കോളനികളിലും പ്രദേശങ്ങളിലും | 30,00,000 രൂപ (എസ്.സി.പി) |

| | | | |
|---|---|---|---|
| | | മിനിമാസ്റ്റ് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ | |
| 3 | 706/23 | പൊൻകുന്നം ഡിവിഷൻ വിവിധ എസ്.സി കോളനികളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 5,00,000 രൂപ (എസ്.സി.പി) |
| 4 | 768/23 | പുതുപ്പള്ളി ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 10,00,000 രൂപ (വികസനഫണ്ട് – ജനറൽ) |
| 5 | 948/23 | പാമ്പാടി ഡിവിഷൻ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് സ്ഥാപിക്കൽ | 10,00,000 രൂപ (വികസനഫണ്ട് – ജനറൽ) |
| 6 | 921/23 | ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 20,00,000 രൂപ വികസനഫണ്ട് |
| 7 | 971/23 | എരുമേലി ഡിവിഷൻ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് സ്ഥാപിക്കൽ | 20,00,000 രൂപ (സി.എഫ്.സി ബേസിക് ഗ്രാന്റ് ) |
| 8 | 974/23 | എരുമേലി ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 10,00,000 രൂപ (വികസനഫണ്ട് – ജനറൽ) |
| 9 | 977/23 | വെള്ളൂർ ഡിവിഷൻ വിവിധ എസ്.സി. കോളനികളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് സ്ഥാപിക്കൽ | 5,00,000 രൂപ വികസനഫണ്ട് – എസ്.സി.പി |
| 10 | 963/23 | പൂഞ്ഞാർ ഡിവിഷൻ എസ്.സി. കോളനികളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് സ്ഥാപിക്കൽ | 15,00,000 രൂപ (എസ്.സി.പി) |
| 11 | 561/23 | എരുമേലി ഡിവിഷൻ വിവിധ എസ്.സി. സങ്കേതങ്ങളിലും കോളനി റോഡുകളിലും സോളാർ മിനിമാസ്റ്റ് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ | 15,00,000 രൂപ വികസനഫണ്ട് – എസ്.സി.പി) |
| 12 | 1013/23 | വൈക്കം ഡിവിഷനിൽ ഉൾപ്പെട്ട പഞ്ചായത്തുകളിൽ സോളോർ മിനിമാസ്റ്റ് ഹൈമാസ്റ്റ് സ്ഥാപിക്കൽ | 10,00,000 രൂപ (തനത് ഫണ്ട് ) |
| 13 | 1017/23 | എരുമേലി ഡിവിഷൻ വിവിധ സ്ഥലങ്ങളിൽ സോളാർ മിനിമാസ്റ്റ് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 20,00,000 രൂപ (സി.എഫ്.സി ബേസിക് ഗ്രാന്റ് ) |
| 14 | 1021/23 | കിടങ്ങൂർ ഡിവിഷൻ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 10,00,000 രൂപ (സി.എഫ്.സി ബേസിക് ഗ്രാന്റ് ) |

### 4.44 വയലാർ ഗവ.ഐ.ടി.ഐ

**വയലാർ ഗവ.ഐ.റ്റി.ഐ അദ്ധ്യാപക രക്ഷകർത്തൃ സമിതിയിലെ രക്ഷകർത്താക്കളുടെ 22.10.2022 ലെ നിവേദനവും കോഓർഡിനേഷൻ കമ്മിറ്റിയുടെ 19.12.2022 ലെ (ഖണ്ഡിക 4.19) യോഗ തീരുമാനവും (SRG/412/23).**

**വിഷയം:-** വയലാർ ഗവ.ഐ.റ്റി.ഐ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക നൽകുന്നതു സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിൽ 2010 മുതൽ ഗവ.ഐ.റ്റി.ഐ പ്രവർത്തിച്ചുവരുന്നു. ഇത് കളവംകോടം സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്കിന്റെ കെട്ടിടത്തിൽ വാടക അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. പ്രതിമാസ വാടക 35,631 രൂപ. ഗ്രാമപഞ്ചായത്ത് 2016-ൽ 50 സെന്റ് സ്ഥലം തൊഴിൽ വകുപ്പിനു കൈമാറിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനുള്ള നടപടി വകുപ്പ് സ്വീകരിച്ചുവരുന്നു. മുകളിൽ പറഞ്ഞ നിരക്കിൽ 2020-21 വർഷമൊഴികെ 2021-22

വരെ തനതുഫണ്ടുപയോഗിച്ച് ഗ്രാമപഞ്ചായത്ത് വാടക നൽകി. മുൻ കോഓർഡിനേഷൻ കമ്മിറ്റികളിൽ വാടക നൽകാൻ അനുമതി നൽകിയപ്പോൾ ഇതിന്റെ വാടക വ്യാവസായിക പരിശീലന വകുപ്പ തന്നെ നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു. അതിനാൽ 2020-21 ലെ വാടക നൽകാൻ ഗ്രാമപഞ്ചായത്ത് അനുമതി തേടിയപ്പോൾ 26.07.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം അനുമതി നിരസിച്ചു. ഇതു പുനപരിശോധിക്കണമെന്ന് വീണ്ടും ആവശ്യപ്പെട്ടെങ്കിലും 19.12.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ആവശ്യം പരിഗണിച്ചില്ല. ഇനിയും ഗ്രാമപഞ്ചായത്തിൽ നിന്ന് വാടക നൽകാവുന്നതല്ലെന്നും ആവശ്യം വ്യാവസായിക പരിശീലന വകുപ്പിനു നൽകാനും കോഓർഡിനേഷൻ കമ്മിറ്റി യോഗം നിർദ്ദേശിച്ചിരുന്നു. പുതിയ കെട്ടിടം നിർമ്മിക്കുന്നതുവരെ വാടക ഗ്രാമപഞ്ചായത്തിൽ നിന്നു നൽകാൻ രക്ഷകർത്താക്കൾ നിവേദനത്തിലൂടെ ആവശ്യപ്പെട്ടിരുന്നു.

**4.45 <u>പിണറായി ഗ്രാമ പഞ്ചായത്ത്</u>**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.03.2023-ലെ കത്ത് (SRG 439/23 - CC/178/23)**

**വിഷയം:-** പുതുതായി ആരംഭിച്ച ഐ.റ്റി.ഐ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക നൽകുന്നത് സംബന്ധിച്ച്

പിണറായി ഗ്രാമപഞ്ചായത്തിൽ 2017-ൽ ആരംഭിച്ച പുതിയ ഐ.റ്റി.ഐ പിണറായി ബീഡി വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോഓപ്പറേറ്റീവ് സൊസൈറ്റി, പിണറായി ഇൻഡസ്ട്രിയൽ കോഓപ്പറേറ്റീവ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഐ.റ്റി.ഐ. പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ചുമതല ഗ്രാമപഞ്ചായത്തിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. 01.12.2017 മുതൽ 31.03.2021 വരെ 5,06,958 രൂപ ഈ കെട്ടിടത്തിന്റെ വാടകയിനത്തിൽ നൽകി. 2022-23 വർഷം 2,94,840 രൂപ വാടകയിനത്തിൽ നൽകാനുണ്ട്. മുൻപ് വാടക നൽകിയതിന് സാധൂകരണവും ഇനി നൽകാനുള്ള തുക നൽകാനും തുടർന്നുള്ള വാടക നൽകാനും അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.46 <u>പുത്തൻചിറ ഗ്രാമപഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.02.2023 ലെ കത്തും പുത്തൻചിറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18.01.2023 ലെA4-205/2022-ാം നമ്പർ കത്തും (SRG 340/23 - CC/60/2023)**

**വിഷയം:-** പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതു സംബന്ധിച്ച്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട അർച്ചന വി.ആർ എന്ന വിദ്യാർത്ഥിനി വിദൂര വിദ്യാഭ്യാസം വഴി ബി.കോം പഠനത്തിനായി കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കുട്ടി ബധിരയും ശാരീരിക അവശത അനുഭവിക്കുന്ന ആളുമാണ്. ബധിര വിദ്യാർത്ഥികൾക്കുവേണ്ടി തൃശ്ശൂരുള്ള പടവരട് ആശാഭവൻ മുഖേനയാണ് പഠനം നടത്തുന്നത്. ഈ സ്ഥാപനത്തിന് യൂണിവേഴ്സിറ്റി അഫിലിയേഷൻ ഇല്ല. അതിനാൽ ഈ വിദ്യാർത്ഥിനിക്ക് ലാപ് ടോപ് നൽകാൻ പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.47 <u>കൈനകരി ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.02.2023 ലെ കത്തും കൈനകരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07.01.2023 ലെ 1(4)-ാം നമ്പർ തീരുമാനവും (SRG 333/23 - CC/73/2023)**

**വിഷയം:-** പഠനം പൂർത്തിയാക്കിയ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നത് സംബന്ധിച്ച്

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങി നൽകുന്നതിന് 2021-22 ൽ പ്രോജക്ട് ഏറ്റെടുത്തിരുന്നു. 9 ഗുണഭോക്താക്കൾ ആണ് ഉണ്ടായിരുന്നത്. CPRCS, GeM പോർട്ടലുകളിൽ നിർദ്ദിഷ്ട സ്പെസിഫിക്കേഷനുള്ള ലാപ് ടോപ് ലഭ്യമല്ലാത്തതിനാൽ 2021 - 22 വർഷം ലാപ് ടോപ് നൽകിയില്ല. ഇതിൽ 3 വിദ്യാർത്ഥികൾ 2022-23 ൽ പഠനം പൂർത്തിയാക്കി. ഇവർക്കു കൂടി ലാപ് ടോപ് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.48 <u>വെച്ചൂർ ഗ്രാമപഞ്ചായത്ത്</u>**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.02.2023 ലെ കത്തും വെച്ചൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 08.02.2023 ലെ കത്തും (SRG 343/23 - CC/108/2023)**

**വിഷയം:-** ട്രഷറിയിൽ നൽകിയ ബിൽ ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രഡിറ്റാകാത്തതു സംബന്ധിച്ച്.

| *പ്രോ.നം: 4/22* | *അടങ്കൽ* | *1,13,972/- രൂപ (വികസനഫണ്ട് - ജനറൽ* |
|---|---|---|
| *പേര്* | *പദ്ധതി രൂപീകരണ മോണിറ്ററിംഗ് നിർവ്വഹണം* | |

ഗ്രാമപഞ്ചായത്തിന്റെ ടെണ്ടർ പരസ്യം കൊടുത്ത ഇനത്തിൽ ദിനപത്രത്തിനു നൽകേണ്ട തുകയായ 34,698 രൂപയുടെ ബിൽ 2021-22 വർഷം ട്രഷറിയിൽ നൽകിയെങ്കിലും പത്രത്തിന്റെ അക്കൗണ്ടിൽ വരുന്നതിനു പകരം സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്കാണ് പോയത്. പത്രസ്ഥാപനത്തിന്റെ ക്ലോസ് ചെയ്ത അക്കൗണ്ടായതിനാലാണ് ഇങ്ങനെ സംഭവിച്ചതെന്ന് അറിയിച്ചിരിക്കുന്നു. സുലേഖ സോഫ്റ്റ് വെയറിൽ ഇതു ചെലവായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക വികസനഫണ്ടിൽ നിന്നു നൽകാൻ അനുമതി ആശ്യപ്പെട്ടിരിക്കുന്നു.

**4.49 <u>കൈനകരി ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.02.2023 ലെ കത്തും മാങ്കൊമ്പ് സബ് ട്രഷറി ഓഫീസറുടെ 21.12.2022 ലെ A1/AG1/2022-ാം നമ്പർ കത്തും അനുബന്ധ രേഖകളും (SRG 335/23 - CC/74/2023)**

**വിഷയം:-** മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും വാങ്ങിയതിന്റെ ബിൽ തുക നൽകുന്നതു സംബന്ധിച്ച്.

| *പ്രോ.നം: 65/22* | *അടങ്കൽ* | *5,00,000/- രൂപ* |
|---|---|---|
| *പേര്* | *കൊവിഡ് 19-പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മരുന്നുകൾ - ഉപകരണങ്ങൾ* | |

കൊവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി മരുന്നും മറ്റു ഉപകരണങ്ങളും അപ്പോളോ സർജിക്കൽ എന്ന സ്ഥാപനത്തിൽ നിന്നു 2021-22 ൽ വാങ്ങിയിരുന്നു. ഈ സ്ഥാപനത്തിനു നൽകേണ്ട 15,700 രൂപക്കുള്ള ബില്ല് ട്രഷറിയിൽ 17.03.2022 ൽ സമർപ്പിച്ചുവെങ്കിലും ബാങ്ക് അക്കൗണ്ട് തെറ്റി നൽകിയതിനാൽ സർക്കാർ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ആയി. ഇത് ബന്ധപ്പെട്ട സബ്ട്രഷറി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഈ തുക സുലേഖയിൽ ചെലവ് വന്നതായി രേഖപ്പെടുത്തി. ബന്ധപ്പെട്ട കമ്പനിക്ക് തുക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

### 4.50 <u>വയലാർ ഗ്രാമപഞ്ചായത്ത്</u>

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.02.2023-ലെ കത്തും വയലാർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25.01.2023-ലെ 2(1)-ാം നമ്പർ തീരുമാനവും (SRG/365/23 CC - 120/2023)**

**വിഷയം:-** നെൽവിത്തിന്റെ വില കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റിക്ക് നൽകുന്നത് സംബന്ധിച്ച്.

കര നെൽ കൃഷിയുടെ ഭാഗമായി നെൽവിത്ത് വാങ്ങിയ വകയിൽ കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റിക്ക് 6,300 രൂപ നൽകാനുണ്ടായിരുന്നു. ഈ തുക നൽകുന്നതിനുള്ള ബിൽ 09.01.2022-ന് ചേർത്തല സബ്ട്രഷറിയിൽ സമർപ്പിച്ചുവെങ്കിലും ബാങ്ക് അക്കൗണ്ടിലെ പിശക് മൂലം KSSDA യ്ക്ക് ലഭിച്ചില്ല. സർക്കാരിന്റെ അക്കൗണ്ടിലേയ്ക്ക് തിരികെ പോയി. ഈ തുക KSSDA യ്ക്ക് ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

### 4.51 <u>കേരള ബ്ലോക്ക് പഞ്ചായത്ത് അസ്സോസ്സിയേഷൻ</u>

**സർക്കാരിന്റെ 20.01.2023 ലെ LSGD - DA2/257/2022/LSGD നമ്പർ കത്തും കേരള ബ്ലോക്ക് പഞ്ചായത്ത് അസ്സോസിയേഷന്റെ 18.10.2022 ലെ കത്തും ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 01.03.2023 ലെ കത്തും (SRG/256/23 - LSGD/DA2/257/2022/LSGD, SRG/476/23)**

**വിഷയം:-** പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ മാറ്റം വരുത്തണമെന്നതടക്കമുള്ള വിവിധ ആവശ്യങ്ങൾ സംബന്ധിച്ച്.

കേരള ബ്ലോക്ക് പഞ്ചായത്ത് അസ്സോസിയേഷൻ താഴെ പറയുന്ന ആവശ്യങ്ങൾ പരിഗണിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

1) കേരള ബ്ലോക്ക് പഞ്ചായത്ത് അസ്സോസിയേഷൻ 2013 മുതൽ നന്തൻകോട് സ്വരാജ് ഭവനിലാണ് പ്രവർത്തിച്ചുകൊണ്ടിരുന്നത്. എന്നാൽ തദ്ദേശഭരണവകുപ്പ് ഏകീകരിച്ചപ്പോൾ വകുപ്പിന്റെ മറ്റ് ഓഫീസുകളും സ്വരാജ് ഭവനിലേക്ക് പ്രവർത്തനം മാറ്റിയതിന്റെ ഭാഗമായി അസ്സോസിയേഷന്റെ ഓഫീസ് ഒഴിഞ്ഞു കൊടുക്കേണ്ടി വന്നു. ഈ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണവകുപ്പിന്റെ ഉടമസ്ഥതയിലുള്ള വട്ടിയൂർക്കാവിലുള്ള 25 സെന്റ് സ്ഥലം കേരള ബ്ലോക്ക് പഞ്ചായത്ത് അസ്സോസ്സിയേഷന് അനുവദിച്ച് നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.
2) ജില്ലാ ആസൂത്രണ സമിതിയിലേയ്ക്ക് തെരഞ്ഞെടുത്ത അംഗങ്ങൾക്ക് നൽകുന്ന പരിഗണന ജില്ലാ ആസൂത്രണ സമിതിയിലെ പ്രത്യേക ക്ഷണിതാക്കളായുള്ളവർക്ക് നൽകണമെന്നും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കു സിറ്റിംഗ് ഫീയായി നൽകുന്ന 1000 രൂപ ജില്ലാ

ആസൂത്രണ സമിതിയിലേക്ക് ക്ഷണിതാക്കളായി പങ്കെടുക്കുന്നവർക്കും നൽകണമെന്നു മാവശ്യപ്പെട്ടിരിക്കുന്നു.

3) പഞ്ചായത്ത്/നഗരസഭ ഭരണസമിതികളുടെ മിനിറ്റ്സ് കൈകാര്യം ചെയ്യുന്നത് സകർമ്മ സോഫ്റ്റ് വെയർ വഴിയാണ്. എന്നാൽ പുതിയ ഉത്തരവ് പ്രകാരം അംഗങ്ങളുടെ ഹാജർ ഉൾപ്പെടെ മിനിറ്റ്സ് നടപടികൾ അതത് സമയം തന്നെ രേഖപ്പെടുത്തി പൂർത്തീകരിക്കണമെന്ന് പറയുന്നത് പ്രായോഗികമായി ബുദ്ധിമുട്ടാണ്. അതിനാൽ ഈ രീതി നടപ്പാക്കുന്നതു മാറ്റിവയ്ക്കണമെന്നാവശ്യ പ്പെട്ടിരിക്കുന്നു.

4)വർഷങ്ങളായി ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് SC/ST വിദ്യാർത്ഥികൾക്കുള്ള മെറിറ്റോറിയസ് സ്കോളർഷിപ്പ്. പട്ടികജാതി / പട്ടികവർഗ്ഗ വികസന ഓഫീസുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിച്ചുവരുന്നത്. പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി – ധനസഹായ മാർഗ്ഗരേഖ പ്രകാരം പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകാൻ ബ്ലോക്ക് പഞ്ചായത്തിനെ അനുവദിക്കണ മെന്നാവശ്യപ്പെട്ടിരിക്കുന്നു.

### 4.52 <u>എളവള്ളി ഗ്രാമപഞ്ചായത്ത്</u>

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.01.2023 ലെ കത്ത് (SRG/232/23 – CC /974/2022).**

**വിഷയം:-** PWD റോഡ് സൈഡിലെ കാട് വെട്ടിതെളിക്കുന്നതു സംബന്ധിച്ച്.

എളവള്ളി ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകളിലും PWD റോഡുകളിലും വാഹനങ്ങൾക്കും കാൽനട യാത്രക്കാർക്കും സുരക്ഷാ ഭീഷണി ഉയർത്തുന്ന പൊന്തക്കാടുകൾ നീക്കം ചെയ്യുന്നതിന് തനതുഫണ്ടുപയോഗിച്ച് പ്രോജക്റ്റ് ഏറ്റെടുക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

### 4.53 <u>ആറന്മുളപ്പള്ളിയോട സേവാസംഘം</u>

**ആറന്മുളപ്പള്ളിയോട സേവാസംഘം പ്രസിഡന്റിന്റെ 25.01.2023 ലെ കത്ത് (SRG/278/23).**

**വിഷയം:-** തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് പള്ളിയോടങ്ങൾക്ക് ഗ്രാന്റ് നൽകുന്നതു സംബന്ധിച്ച്.

ആറന്മുള ഉതൃട്ടാതി വള്ളംകളിയിൽ 52 പള്ളിയോടങ്ങൾ പങ്കെടുക്കുന്നുണ്ട്. സാംസ്കാരിക ഉത്സവമെന്ന നിലയിൽ ഈ പള്ളിയോടങ്ങൾക്ക് തദ്ദേശഭരണസ്ഥാപനങ്ങൾ പ്രോജക്റ്റ് തയ്യാറാക്കുന്ന മുറയ്ക്ക് തനത് ഫണ്ടിൽ നിന്ന് ഗ്രാന്റ് നൽകാൻ കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകാറുണ്ട്. പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ഓരോ വള്ളങ്ങൾക്കും പരിപാലനത്തിനായി 10,000 രൂപ വീതം നൽകാൻ 5.00 ലക്ഷം രൂപയുടെ പ്രോജക്റ്റ് കഴിഞ്ഞ വർഷം തയ്യാറാക്കുകയും കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകുകയും ചെയ്തിരുന്നു. ഇതോടൊപ്പം മറ്റു ചില തദ്ദേശഭരണസ്ഥാപനങ്ങളും പള്ളിയോടങ്ങൾക്ക് ഗ്രാന്റ് നൽകാൻ അനുമതി ആവശ്യപ്പെട്ടിരുന്നു. മറ്റു തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് ഗ്രാന്റ് ലഭിച്ചിട്ടില്ല എന്നുറപ്പാക്കണമെന്ന നിബന്ധനയോടെ ഇത്തരം കേസുകളിൽ (ഇരട്ടിപ്പ് ഒഴിവാക്കി) കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിരുന്നു. പള്ളിയോടങ്ങളുടെ പരിപാലനത്തിന്

ഓരോ വർഷവും 2.00 ലക്ഷം രൂപയോളം ചെലവാകും എന്നു ചൂണ്ടികാണിച്ചുകൊണ്ട് ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്തിൽ നിന്ന് പ്രത്യേകം പ്രത്യേകം ധനസഹായം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.54 <u>ആലപ്പുഴ ജില്ലാ പഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 31.01.2023 ലെ കത്ത് (SRG/433/23).**

**വിഷയം:-** ആലപ്പുഴ ജില്ല പഞ്ചായത്ത് അംഗങ്ങൾക്ക് ടാബ് വാങ്ങി നൽകുന്നതു സംബന്ധിച്ച്.

ജില്ലാ പഞ്ചായത്ത് ഭരണസമിതി യോഗങ്ങളുടെ അജണ്ടയും മറ്റ് ഓഫീസ് വിവരങ്ങളും കടലാസ് രഹിതമാക്കി ജില്ലാ പഞ്ചായത്ത് അംഗങ്ങൾക്ക് നൽകുന്നതിലേക്കായി എല്ലാ അംഗങ്ങൾക്കും ടാബ് വാങ്ങി നൽകാൻ ഉദ്ദേശിക്കുന്നു. ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെ കാലാവധി തീരുന്ന മുറയ്ക്ക് ടാബ് തിരികെ വാങ്ങി പുതുതായി തെരഞ്ഞെടുക്കുന്ന അംഗങ്ങൾക്ക് നൽകാൻ ഉദ്ദേശിക്കുന്നു. ടാബ് വാങ്ങി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**4.55 <u>അളഗപ്പനഗർ ഗ്രാമപഞ്ചായത്ത്</u>**

**ബഹു.പുതക്കാട് എം.എൽ.എയുടെ 01.02.2023 ലെ കത്തും അളഗപ്പനഗർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03.01.2023 ലെ 400716/**DGPM06/General/2023/356(1)**-ാം നമ്പർ കത്തും** KSEB **വരന്തരപ്പള്ളി ഇലക്ട്രിക് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ 06.01.2023 ലെ കത്തും (SRG/429/23).**

**വിഷയം:-** കുടിവെള്ള പദ്ധതിയുടെ കറന്റ് ചാർജ്ജ് കുടിശ്ശിക അടയ്ക്കുന്നതു സംബന്ധിച്ച്.

അളഗപ്പനഗർ ഗ്രാമപഞ്ചായത്തിലെ 11,14 വാർഡുകളുടെ അതിർത്തി പങ്കിടുന്ന ചിക്കിനി കുളത്തിലെ വെള്ളം മഴക്കാലത്ത് സമീപത്തുള്ള പാറമടയിലേയ്ക്ക് പമ്പ് ചെയ്തു ശേഖരിക്കുകയും വേനൽക്കാലത്ത് തിരികെ ചിക്കിനി കുളത്തിലേക്ക് തുറന്നു വിട്ട് കുളം നിറയ്ക്കുകയും ചെയ്യുന്നുണ്ട്. ഇത് പുഞ്ചപ്പാടം തോട്ടിലൂടെ സമീപ പ്രദേശത്തുള്ള കിണറുകളിലും കുളങ്ങളിലും കൃഷി ഭൂമിയിലും ജലം ലഭ്യമാക്കാൻ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ വൈദ്യുതി ചാർജ്ജ് കൊവിഡ് മൂലമുള്ള സാമ്പത്തിക ബുദ്ധിമുട്ടുമൂലം അടച്ചില്ല. കുടിശ്ശിക തുക 1,08,535 രൂപയാണ്. ഇതിന്റെ കുടിശ്ശിക ഒഴിവാക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അല്ലാത്തപക്ഷം യഥാർത്ഥ തുക മാത്രം ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്ന് അടയ്ക്കാൻ അനുമതി നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

**4.56 <u>കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്</u>**

**ഗ്രാമവികസനകമ്മീഷണറുടെ 09.03.2023 ലെ** CRD/5891/2022/HT-2-**നമ്പർ കത്തും കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 16.08.2022 ലെ 2(2)-ാം നമ്പർ തീരുമാനവും** PVIP **ഡിവിഷൻ നം.1 പെരുമ്പാവൂരിന്റെ 17.12.2022 ലെ ഉത്തരവും അനുബന്ധരേഖകളും (SRG/427/23).**

**വിഷയം:-** ജലവിഭവവകുപ്പിന്റെ സ്ഥലത്ത് വനിതാ വിപണന കേന്ദ്രം സ്ഥാപിക്കുന്നതു സംബന്ധിച്ച്.

കോതമംഗലം ബ്ലോക്കിലെ പിണ്ടിമന ഗ്രാമപഞ്ചായത്തിൽ ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 10 സെന്റ് സ്ഥലത്ത് വനിതാ വിപണന കേന്ദ്രം നിർമ്മിക്കാൻ ബ്ലോക്ക്

പഞ്ചായത്ത് ഉദ്ദേശിക്കുന്നു. സ്ഥലം ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിൽ തന്നെ നിലനിർത്തി നിർമ്മാണം നടത്താനാണ് ഉദ്ദേശിക്കുന്നത്. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ജല സേചന വകുപ്പിൽതന്നെ നിലനിർത്തിക്കൊണ്ട് മറ്റു നിബന്ധനകളോടെ വിപണന കേന്ദ്രം നിർമ്മിക്കാൻ ജലസേചന വകുപ്പ് 17.12.2022 ൽ അനുമതി നൽകിയിട്ടുണ്ട്.

ഈ സ്ഥലത്തെ എല്ലാവിധ നിർമ്മാണങ്ങളും എല്ലാ കാലത്തും താല്ക്കാലിക നിർമ്മിതിയായി മാത്രമേ പരിഗണിക്കുകയുള്ളൂ എന്നും അതിനാൽ എത്ര നാളത്തേക്ക് കെട്ടിടം ഉപയോഗത്തിന് നൽകാമെന്നത് ഇപ്പോൾ നിശ്ചയിക്കാൻ സാധിക്കുകയില്ല എന്നതടക്കമുള്ള 17 നിബന്ധനകൾ ജലസേചന വകുപ്പ് അനുമതി ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**4.57 <u>തിരുവനന്തപുരം നഗരസഭ</u>**

**ബഹു.തിരുവനന്തപുരം മേയറുടെ 14.02.2023 ലെ** C7/25/2023**–ലെ കത്ത് (SRG/406/23).**

**വിഷയം:–** മത്സ്യത്തൊഴിലാളികൾക്ക് ഐസ് ബോക്സ് നൽകുന്നതു സംബന്ധിച്ച്

തിരുവനന്തപുരം കോർപ്പറേഷൻ കഴിഞ്ഞവർഷം മത്സ്യത്തൊഴിലാളികൾക്ക് ഇൻസുലേറ്റഡ് ഐസ് ബോക്സ് നൽകുന്നതിന് പ്രോജക്ട് ഏറ്റെടുത്തിരുന്നു. മാർഗ്ഗരേഖ പ്രകാരം ഐസ് ബോക്സിന്റെ യൂണിറ്റ് നിരക്ക് 3500 രൂപയാണ്. എന്നാൽ മത്സ്യഫെഡിൽ ഇതിന്റെ പുതിയ വില 3768 രൂപയാണെന്നും അതിനാൽ പുതിയ നിരക്കിൽ തന്നെ ഇൻസുലേറ്റഡ് ഐസ് ബോക്സ് വാങ്ങാൻ അനുമതി നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

**4.58 <u>ആനക്കര ഗ്രാമപഞ്ചായത്ത്</u>**

**ആനക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 04.06.2022 ലെ കത്ത് (ലഭിച്ചത് 14.02.2023)**

**വിഷയം:–** ഗ്രാമപഞ്ചായത്തിനു പുതിയ വാഹനം വാങ്ങുന്നതു സംബന്ധിച്ച്.

ഗ്രാമപഞ്ചായത്തിന് പുതിയ വാഹനം വാങ്ങുവാൻ ഉദ്ദേശിക്കുന്നു. Gem പോർട്ടലിൽ 10.00 ലക്ഷം രൂപയിൽ താഴെ വിലയുള്ള മഹീന്ദ്രയുടെ 'നിയോ' എന്ന മോഡൽ മാത്രമേ ലഭിക്കുന്നുള്ളുവെന്നും ഇതു ഗുണനിലവാരമില്ലാത്തതാണെന്നും അറിയിച്ചിരിക്കുന്നു. അതിനാൽ 13 ലക്ഷത്തിൽ താഴെ വിലയുള്ള ഗുണനിലവാരമുള്ള വാഹനം GeM ൽ ലഭ്യമാക്കാൻ നടപടിയെടുക്കണമെന്നും അല്ലായെങ്കിൽ പുറത്തു നിന്നു വാങ്ങാൻ അനുമതി നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

**4.59 <u>പട്ടികവർഗ്ഗ കുടുംബ സർവ്വേ</u>**

**സർക്കാരിന്റെ 01.04.2023 ലെ DA1/148/2023 തസ്വഭവ നമ്പർ കത്തും സർക്കാരിന്റെ LSGD-FM3/118/2021-LSGD നമ്പർ നോട്ട് ഫയലും, പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടറുടെ 29.12.2022 ലെ PM3-1185117-ാം നമ്പർ കത്തും (SRG/620/23 - LSGD - FM3/118/2021-LSGD).**

**വിഷയം:–** പട്ടികവർഗ്ഗക്കാരെ കണ്ടെത്തുന്നതിനുള്ള സർവ്വേ സംബന്ധിച്ച്.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ സർക്കാർ അംഗീകരിച്ച 23(IV)-ാം നമ്പർ ശുപാർശ പ്രകാരം വിവിധ തദ്ദേശഭരണസ്ഥാപനങ്ങളിലായി ചിതറിക്കിടക്കുന്ന പട്ടികവർഗ്ഗ

വിഭാഗത്തിലുള്ള ജനങ്ങളെ കണ്ടെത്തുകയും കുടുംബ സർവ്വേ നടത്തുകയും ഇതിനായി എല്ലാ സഹായവും പ്രാദേശിക സർക്കാരുകൾ അവരുടെ ഫണ്ടിൽ നിന്നു നൽകേണ്ടതുമാണ്. ഒപ്പം പട്ടികവർഗ്ഗ വികസന വകുപ്പും ഇതിന് സഹായിക്കണമെന്നും കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. ഈ ശുപാർശയിൽ തുടർനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി വിഷയം കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി നൽകിയിരിക്കുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ് 2018 ൽ നടത്തിയ സോഷ്യോ ഇക്കണോമിക് സർവ്വേ വഴി ശേഖരിച്ച കുടുംബങ്ങളുടെ എണ്ണം സംബന്ധിച്ച വിവരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ നൽകിയിട്ടുണ്ട്. സർവ്വേയുടെ വെരിഫിക്കേഷൻ പൂർത്തിയാക്കിയതിനുശേഷം പൂർണ്ണവിവരങ്ങൾ നൽകുമെന്ന് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

#### 4.60 <u>വാകത്താനം ഗ്രാമപഞ്ചായത്ത്</u>

**വാകത്താനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 11.04.2023 ലെ SC2/3557/21-ാം നമ്പർ കത്തും വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 21.03.2023 ലെ 8-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG/631/23).**

**വിഷയം:-** ടാക്സി സ്റ്റാന്റിനു വേണ്ടി ഏറ്റെടുത്ത സ്ഥലത്ത് ടാക്സി സ്റ്റാന്റിഡിനോടൊപ്പം മറ്റു നിർമ്മാണ പ്രവർത്തനവും നടത്തുന്നതു സംബന്ധിച്ച്.

വാകത്താനം ഗ്രാമപഞ്ചായത്തിൽ ടാക്സി സ്റ്റാന്റ് നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിന് 14.11.2007 ൽ 3100/07/തസ്വഭവ നമ്പർ ഉത്തരവു പ്രകാരം അനുമതി നൽകിയിരുന്നു. ഇതനുസരിച്ച് 18 ആർ 70 ച.മി സ്ഥലവും അതിലുള്ള കടമുറികളും ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തു. ടാക്സിസ്റ്റാന്റ് നിർമ്മാണത്തിനു വേണ്ടി സ്ഥലം ഏറ്റെടുക്കാനാണ് സർക്കാർ അനുമതി നൽകിയതെന്നതിനാൽ മറ്റു നിർമ്മാണ പ്രവർത്തനങ്ങൾ ഇവിടെ നടത്താൻ കഴിയുന്നില്ല. ഈ സാഹചര്യത്തിൽ ടാക്സി സ്റ്റാന്റിനു സ്ഥലമേറ്റെടുക്കുന്നതിന് 14.11.2007 ൽ നൽകിയ ഉത്തരവിൽ ഭേദഗതി വരുത്തിക്കൊണ്ട് ടാക്സിസ്റ്റാന്റ് നിർമ്മാണത്തോടൊപ്പം ഗ്രാമപഞ്ചായത്തിന്റെ പൊതുവായ ആവശ്യങ്ങൾക്കുള്ള നിർമ്മാണങ്ങളും ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണവും നടത്തുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

#### 4.61 <u>ഭിന്നശേഷി വിഭാഗക്കാർക്ക് സ്കോളർഷിപ്പ്</u>

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.03.2023 ലെ കത്തും ഉള്ളടക്കം ചെയ്തിരിക്കുന്ന ഭിന്നശേഷി വിദ്യാർത്ഥികളുടെ രക്ഷകർത്താക്കളുടെ കത്തുകളും (SRG 572/23)**

**വിഷയം:-** മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് വർഷം മുഴുവൻ നൽകണമെന്നതു സംബന്ധിച്ച്

ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ഒരു വർഷം ലഭിക്കാവുന്ന പരമാവധി തുക 28,500 രൂപയാണ്. ഇതിൽ ഡേ സ്കോളർമാർക്ക് യാത്രാ ബത്തയായി പ്രതിമാസം 1000 രൂപ നൽകുന്നതും ഉൾപ്പെടും. ഭിന്നശേഷി വിഭാഗത്തിലെ ചില വിദ്യാർത്ഥികൾ സ്പെഷ്യൽ സ്കൂളിലും ചിലർ സാധാരണ സ്കൂളിലുമാണ് പഠിക്കുന്നത്. സ്പെഷ്യൽ സ്കൂളുകൾ വർഷം മുഴുവൻ പ്രവർത്തിക്കുന്നു. എന്നാൽ സാധാരണ സ്കൂളുകളിൽ ഏപ്രിൽ, മെയ് മാസങ്ങളിൽ ക്ലാസ്സില്ല. അതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സാധാരണ സ്കൂളിലെ വിദ്യാർത്ഥികൾക്ക് രണ്ടു

മാസത്തെ യാത്രാബത്ത ഇനത്തിലുള്ള തുക കുറവു ചെയ്യുന്നു. ഇങ്ങനെ കുറവു ചെയ്യാതെ 12 മാസത്തേയും തുക നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു. ഒപ്പം ചില വിദ്യാർത്ഥികൾക്ക് മാർഗ്ഗരേഖ പ്രകാരമുള്ള മുഴുവൻ തുകയും ലഭിക്കുന്നില്ലന്ന് (കഴിഞ്ഞ വർഷം 18,000 രൂപയേ നൽകിയുള്ളു. ബാക്കിതുക നൽകിയിട്ടില്ല) ജില്ലാ പ്ലാനിംഗ് ഓഫീസറുടെ കത്തിൽ ഉള്ളടക്കം ചെയ്തിരിക്കുന്ന ശ്രീമതി റംലത്ത് എന്ന രക്ഷകർത്താവിന്റെ പരാതിയിൽ അറിയിച്ചിരിക്കുന്നു. മുഴുവൻ തുകയും നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

### 4.62 കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത്

**MGNREGS മിഷൻ ഡയറക്ടറുടെ 28.01.2023 ലെ NREGA/190/2021-B1 നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 09.01.2023 ലെ (ഖണ്ഡിക 4.42) തീരുമാനവും (SRG 489/23 - LSGD - DB3/52/2023/LSGD)**

**വിഷയം:-** കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിൽ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതു സംബന്ധിച്ച്.

MGNREGS വിഹിതവും (തൊഴിൽ ദിനവും സാധന സാമഗ്രികളും) സർക്കാർ വിഹിതവും ഗ്രാമപഞ്ചായത്തു വിഹിതവും ഉപയോഗിച്ച് (**MGNREGS** വിഹിതം 5.00 ലക്ഷം രൂപ, സർക്കാർ വിഹിതം 3.00 ലക്ഷം രൂപ, നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് 7.00ലക്ഷം രൂപ) അങ്കണവാടികെട്ടിടം നിർമ്മിക്കാൻ കഴിഞ്ഞവർഷം പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഈ തുക **MGNREGS** ഡയറക്ടർക്ക് ഡിപ്പോസിറ്റ് ചെയ്ത് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരുന്നു. ഗ്രാമപഞ്ചായത്തിൽ 2021 ലെ ഉരുൾപൊട്ടലിൽ വലിയ നാശനഷ്ടമുണ്ടായ സാഹചര്യം കൂടി പരിഗണിച്ച് 7.00 ലക്ഷം രൂപ (നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ്) ഉപയോഗിക്കാൻ 09.01.23 ലെ കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകി. എന്നാൽ തുക MGNREGS ന് ഡിപ്പോസിറ്റ് ചെയ്യുന്നതിനു പകരം MGNREGS വിഹിതം കൂടി ഉപയോഗിച്ച് ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം മുഖേന നേരിട്ടു നിർമ്മാണം നടത്താനാണ് അനുമതി നൽകിയത്.

എന്നാൽ തൊഴിലുറപ്പു പദ്ധതി പൂർണ്ണമായും **MIS** അധിഷ്ഠിതമായതിനാൽ ഗ്രാമപഞ്ചായത്തിന്റെ വിഹിതം കേന്ദ്ര സർക്കാരിന്റെ NREG Software മുഖാന്തിരം ട്രാൻസ്ഫർ ചെയ്ത് നൽകിയാൽ മാത്രമേ പ്രവൃത്തി നടപ്പാക്കാൻ കഴിയു എന്ന് MGNREGS മിഷൻ ഡയറക്ടർ അറിയിച്ചിരിക്കുന്നു. കേന്ദ്ര സർക്കാരിന്റെ ഫണ്ടുൾപ്പെടുന്നതിനാൽ NREG Software മുഖേന മാത്രമെ തൊഴിലുറപ്പു വിഹിതവും ഐ.സി.ഡി.എസ് വിഹിതവും ചെലവഴിക്കാൻ കഴിയൂ. അതിനാൽ 09.01.2023 ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം ഭേദഗതി ചെയ്ത് ഗ്രാമപഞ്ചായത്ത് വിഹിതം തൊഴിലുറപ്പു പദ്ധതി മിഷൻ ഡയറക്ടറുടെ പേരിലുള്ള റ്റി.എസ്.പി അക്കൗണ്ടിലേക്ക് നൽകണമെന്നും ഗ്രാമപഞ്ചായത്തിന്റെ ആവശ്യാനുസരണം കേന്ദ്ര സർക്കാരിന്റെ NREG software മുഖേന തുക ചെലവഴിക്കാൻ അനുമതി നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.